# കൊടുങ്ങല്ലൂർ
# നഗരസഭ

## 14-ാം പഞ്ചവത്സര പദ്ധതി
## നവകേരളത്തിന് ജനകീയാസൂത്രണം

## 2026-27
# വാർഷിക പദ്ധതി

# പദ്ധതിരേഖ
(കരട്)



**ഹണി പീതാംബരൻ**
ചെയർപേഴ്സൺ



**സുമിത നിസാഫ്**
വൈസ് ചെയർപേഴ്സൺ



**മനോജ് കെ.വി.**
മുനിസിപ്പൽ സെക്രട്ടറി

**വിസ്തീർണ്ണം : 29.24 ച.കി.മി.**

**ജനസംഖ്യ : 70,868**

# ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി



**സുമിത നിസാഫ്**
വൈസ് ചെയർപേഴ്സൺ

## അംഗങ്ങൾ



അമ്പിളി ജയരാജൻ



കവിത മധു



ടി.എസ്. സജീവൻ



സിജിത്ത് പെട്ടിക്കാട്ടിൽ



അനിത ബാബു



കൊച്ചുത്രേസ്യ വി.എൻ.



വി.എം. ജോണി

# വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി



**കെ.കെ. രാധാകൃഷ്ണൻ**
ചെയർമാൻ

## അംഗങ്ങൾ



അഡ്വ. സി.പി. രമേശൻ



സന്ധ്യ സദാനന്ദൻ



വിജയലക്ഷ്മി അജിതൻ



പ്രജീഷ് സി.യു.



രേഖ സൽപ്രകാശ്



ഗീതാറാണി കെ.



ഷൈബി ജോസഫ്

# ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി



**റെസോജ ഹരിദാസ്**
ചെയർപേഴ്സൺ

## അംഗങ്ങൾ



ജയദേവൻ



പി.എൻ. രാമദാസ്



ഇ.സി. അശോകൻ



സിനി അനിൽകുമാർ



ശശികല ജയരാജൻ



മിനി സുഭാഷ്



പ്രദീപ് സി.ഡി.

# ആരോഗ്യകാര്യ സ്റ്റാന്റിങ് കമ്മിറ്റി



**കെ.എം. രതീഷ്**
ചെയർമാൻ

## അംഗങ്ങൾ



ദേവിക കെ.ആർ.



പി.വി. വിജിൽ



ധന്യ ഷൈൻ



അഞ്ജലി കെ.എ.



ശ്രീദേവി അനിൽ



എം.എസ്. വിനയകുമാർ

## പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി



ലത ഉണ്ണികൃഷ്ണൻ
ചെയർപേഴ്സൺ

### അംഗങ്ങൾ



രശ്മി ബാബു



വി.ബി. രതീഷ്



സഹീർ എം.കെ.



അംജിത് ടി.എസ്.



ശ്രീദേവി തിലകൻ



രേഷ്മ പ്രമോദ്

# വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി



**കെ.കെ. ഹാഷിക്**
ചെയർമാൻ

## അംഗങ്ങൾ



മഞ്ജുള



ദീപ രാജേന്ദ്രൻ



സന്തോഷ് പുത്തേഴത്ത്



പ്രിയ സാവൻ



രഞ്ജിത രാജീവ്



ചൈതന്യ ബിജു

# പദ്ധതിരേഖ(കരട്)

# 2026-27 വാർഷിക പദ്ധതി

## അദ്ധ്യായം :ഒന്ന്

# വികസനസ്ഥിതി

## 1. പൊതുവിവരങ്ങൾ

| | | |
|---|---|---|
| നഗരസഭയുടെ പേര് | : | കൊടുങ്ങല്ലൂർ |
| വിസ്തൃതി | : | 29.11 ച.കി.മീ. |
| ഗ്രേഡ് | : | രണ്ട് |
| വാർഡുകൾ | : | 46 |
| വില്ലേജുകൾ | : | ലോകമലേശ്വരം, പുല്ലൂറ്റ്, മേത്തല |
| താലൂക്ക് | : | കൊടുങ്ങല്ലൂർ |
| അസംബ്ലി മണ്ഡലം | : | കൊടുങ്ങല്ലൂർ |
| ലോകസഭാ മണ്ഡലം | : | ചാലക്കുടി |
| ജനസംഖ്യ | : | 71,440 |
| സ്ത്രീകൾ | : | 37,398 |
| പുരുഷന്മാർ | : | 34,042 |
| സ്ത്രീ–പുരുഷ അനുപാതം | : | 1099 : 1000 |
| ജനസാന്ദ്രത | : | 2456 |
| സാക്ഷരത | : | 95.95% |
| സ്ഥാനം | : | $10^0$13'N അക്ഷാംശം<br>$76^0$13'E |
| രേഖാംശം | | |
| അതിർത്തികൾ | : | |
| കിഴക്ക് | : | പൊയ്യ, പുത്തൻചിറ ഗ്രാമപഞ്ചായത്തുകൾ |
| തെക്ക് | : | പെരിയാർ |
| പടിഞ്ഞാറ് | : | എടവിലങ്ങ്, എറിയാട് ഗ്രാമപഞ്ചായത്തുകൾ |
| വടക്ക് | : | എടവിലങ്ങ്,എസ്.എൻ.പുരം, വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തുകൾ |

2011–ലെ സെൻസസ് പ്രകാരം കൊടുങ്ങല്ലൂർ നഗരസഭയിലെ ജനസംഖ്യ 33539 ആയിരുന്നു. 36120 പേർ താമസിച്ചിരുന്ന മേത്തല പഞ്ചായത്ത് 2010–ൽ കൊടുങ്ങല്ലൂർ നഗരസഭയോടു കൂട്ടിച്ചേർത്തു. 2011–ലെ സെൻസസ് പ്രകാരം കൊടുങ്ങല്ലൂർ നഗരസഭയിലെ മൊത്തം ജനസംഖ്യ 71440 ആണ്. ആകെ കുടുംബങ്ങളുടെ എണ്ണം 17950. 1971 മുതൽ 2011 വരെയുള്ള ജനസംഖ്യാ കണക്ക് താഴെ ചേർക്കുന്നു. ക്രമാനുഗതമായ വളർച്ചയാണ് ജനസംഖ്യയിൽ ഉണ്ടാകുന്നത്. തൃശ്ശൂർ ജില്ലയിലെ നഗരസഭകളിൽ ഏറ്റവും കൂടുതൽ ജനസംഖ്യ കൊടുങ്ങല്ലൂരാണ്.

| 1971 | 1981 | 1991 | 2001 | 2011 |
|---|---|---|---|---|
| 51648 | 58760 | 64935 | 69659 | 71440 |

ജനസംഖ്യാ വളർച്ചയുടെ നിരക്ക് കഴിഞ്ഞ ദശകത്തിൽ 2.56 ആണ്. 2011–ലെ സെൻസസ് പ്രകാരം ഒരു ച.കി.മീ.യിലെ ജനസാന്ദ്രത 2456 ആണ്. തൃശ്ശൂർ കോർപ്പറേഷനിലെ ജനസാന്ദ്രതയെക്കാളും ഉയർന്ന സാന്ദ്രതയുള്ള കൊടുങ്ങല്ലൂർ

നഗരസഭയിലെ വാർഡുകളാണ് 3,4,6,7,16,17,18,19,20,21,23,24,25,26,27,28,31,33,34,35, 36,39,42,43 എന്നീ 24 വാർഡുകൾ.

2011–ലെ സെൻസസ് പ്രകാരം കൊടുങ്ങല്ലൂർ നഗരസഭയിലെ കുടുംബഘടകത്തിന്റെ വലിപ്പം 3.98 ആണ്. 1981–2011 വരെ ഓരോ ദശകങ്ങളിലും കുടുംബത്തിന്റെ വലിപ്പം കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാനത്ത് വ്യാപകമായിത്തീർന്ന അണുകുടുംബ സമ്പ്രദായം ആഴത്തിൽ തന്നെ കൊടുങ്ങല്ലൂരിൽ വേരുറപ്പിച്ചിരിക്കുന്നു.

കുടുംബത്തിന്റെ വലിപ്പം സംബന്ധിച്ച പട്ടിക.

| 1981 | 1991 | 2001 | 2011 |
|---|---|---|---|
| 5.82 | 5.19 | 4.52 | 3.98 |

നഗരസഭയിലെ തൊഴിൽ സേനയുടെ വലിപ്പമാണ് ഉല്പാദനക്ഷമതയുടെയും സാമ്പത്തിക മുന്നേറ്റത്തിന്റെയും സൂചകം. 2001, 2011 സെൻസസ് കണക്കുകൾ പരിശോധിച്ചാൽ, തൊഴിൽ സേന പങ്കാളിത്ത നിരക്ക് (Work force participation rate) ഉയർന്നുകൊണ്ടിരിക്കുന്നതായി കാണാം.

| വർഷം | ആകെ ജനസംഖ്യ | ആകെ തൊഴിലെടുക്കുന്നവർ | തൊഴിൽ സേന പങ്കാളിത്ത നിരക്ക് |
|---|---|---|---|
| 1981 | 58760 | 17415 | 29.64 |
| 1991 | 64935 | 20943 | 32.25 |
| 2001 | 69659 | 22832 | 32.78 |
| 2011 | 71440 | 27230 | 38.12 |

തൃശ്ശൂർ ജില്ലയുടെ ശരാശരി തൊഴിൽ സേന പങ്കാളിത്ത നിരക്കായ 35.11–നെ അപേക്ഷിച്ച് വളരെ ഉയർന്നു നില്ക്കുകയാണ് കൊടുങ്ങല്ലൂരിന്റെ നിരക്ക്. ആകെയുള്ള 27230 പേരിൽ 22820 പേർ (32%) മുഖ്യ തൊഴിലാളികളും 4410 പേർ (18%) നാമമാത്ര തൊഴിലാളികളുമാണ്. സെൻസസ് വിവരങ്ങളിൽ തൊഴിലാളികളെ കർഷകർ, കാർഷികതൊഴിലാളികൾ, കുടുംബ വ്യവസായ തൊഴിലാളികൾ, മറ്റു ജോലിക്കാർ എന്നാണ് വിഭജിച്ചിട്ടുള്ളത്. അതനുസരിച്ച് 1981,1991,2001,2011 വർഷങ്ങളിലെ കണക്കുകൾ താഴെ ചേർക്കുന്നു. (ശതമാനത്തിൽ).

| ഇനം | 1981 | 1991 | 2001 | 2011 |
|---|---|---|---|---|
| വിവിധ തൊഴിലുകൾ | 83 | 84 | 94 | 96 |
| കർഷക തൊഴിലാളികൾ | 3 | 3 | 1 | 1 |
| കുടുംബ വ്യവസായ തൊഴിലെടുക്കുന്നവർ | 13 | 11 | 4 | 2 |
| കർഷകർ | 1 | 2 | 1 | 1 |

കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും എണ്ണം കുറയുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. കൃഷി പ്രവൃത്തികളുടെ തകർച്ചയാണ് ഇതിന്റെ അനന്തരഫലം. ഇത് കൃഷി ഭൂമി രൂപം മാറ്റുന്നതിലേയ്ക്കും കാർഷിക ഉല്പന്നങ്ങളുടെ പ്രാദേശിക ലഭ്യത ഇടിയുന്നതിലേയ്ക്കും എത്തിച്ചിരിക്കുന്നു. വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരിലെ വർദ്ധനവ്, നഗരവത്ക്കരണത്തിന്റെ സ്വഭാവമാണ് കാണിക്കുന്നത്. വിവിധ തൊഴിലുകൾ എടുക്കുന്നവരിൽ 9.07% പേർ സർക്കാർ ജോലിക്കാരും 7.64% വിദേശ ജോലിക്കാരും 21.71% പേർ നിർമ്മാണ മേഖലയിൽ

പണിയെടുക്കുന്നവരുമാണ്. 1,2,5,6,8,9,13,17,27,31,33,40,41,44 എന്നീ വാർഡുകളിലാണ് താരതമ്യേന കൂടുതൽ കൃഷി പ്രവൃത്തികൾ നടക്കുന്നത്.

നഗരസഭ പ്രദേശത്തെ വിളയിനങ്ങളുടെയും അവ കൃഷിയിറക്കുന്ന സ്ഥല വിസ്തൃതിയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| കൃഷിയിനം | സ്ഥലവിസ്തൃതി (ഹെക്ടറിൽ) | പ്രതിവർഷ ഉല്പാദനം (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| നാളികേരം | 2094 | 6764 നാളികേരം | 88.28% |
| അടക്ക | 131 | 889 കിലോഗ്രാം | 5.52% |
| വാഴപ്പഴം | 32 | 25000 കിലോഗ്രാം | 1.35 % |
| പച്ചക്കറി | 40 | 9250 കിലോഗ്രാം | 1.69% |
| കുരുമുളക് | 12 | 217 കിലോഗ്രാം | 0.51% |
| ജാതി | 11 | 261 കിലോഗ്രാം | 0.46% |
| പൊക്കാളി-നെല്ല് | 42 | 2200 കിലോഗ്രാം | 1.77% |
| മുണ്ടകൻ-നെല്ല് | 10 | 2800 കിലോഗ്രാം | 0.42% |

കൊടുങ്ങല്ലൂർ നഗരസഭാ പ്രദേശത്തെ മുഖ്യകൃഷിയിനം തെങ്ങാണെങ്കിലും, ഉല്പാദനക്ഷമതയുടെ കാര്യത്തിൽ വളരെ പിന്നിലാണ്. ഒരു തെങ്ങിൽ നിന്നുള്ള പ്രതിവർഷ ശരാശരി ഉല്പാദനം 38 നാളികേരം മാത്രമാണ്. 1,4,11,25,26,27,29,31,43 എന്നീ വാർഡുകളാണ് തെങ്ങുകൃഷിയിൽ മുന്നിൽ നില്ക്കുന്നത്. രോഗങ്ങളും തെങ്ങുകയറ്റക്കാരുടെ കുറവും മണ്ണൊലിപ്പും അശാസ്ത്രീയമായ കൃഷിരീതികളും ഉല്പാദനക്കുറവിനുള്ള കാരണങ്ങളാണ്. കൂടുതൽ പ്രദേശങ്ങളിലേയ്ക്കുള്ള ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം പ്രധാന ഭീഷണിയായി മാറുകയാണ്.

ഉൾനാടൻ മത്സ്യബന്ധനത്തിന്റെ മുഖ്യകേന്ദ്രങ്ങളിലൊന്നാണ് കൊടുങ്ങല്ലൂർ. മത്സ്യബന്ധനവും മത്സ്യകൃഷിയും അതിന്റെ ഭാഗമാണ്. മത്സ്യ സമ്പന്നമായ കൊടുങ്ങല്ലൂർ കായലിന്റെ വിസ്തീർണ്ണം 613.81 ഹെക്ടറാണ്. ഉൾനാടൻ മത്സ്യബന്ധനത്തിന്റെ പ്രധാന കേന്ദ്രം ആനാപ്പുഴ പ്രദേശമാണ്. അവിടെ 1000-ഓളം പേർ മത്സ്യമേഖലയുമായി ബന്ധപ്പെട്ടു പണിയെടുക്കുന്നു. ജലസ്രോതസ്സുകളുടെ മലിനീകരണം മത്സ്യസമ്പത്തിന് നാശം വിതക്കുകയാണ്.

ഏകദേശം 200 ഹെക്ടർ സ്ഥലത്തായി ഉപ്പു ജല മത്സ്യങ്ങളെ വളർത്തുന്ന 80-ലധികം ഫാമുകൾ കൊടുങ്ങല്ലൂരിലുണ്ട്. 8,9,10,11,12,13,15 വാർഡുകളിലായി പരന്നു കിടക്കുന്ന പൊക്കാളിപ്പാടങ്ങൾ ചെമ്മീൻ കൃഷി കേന്ദ്രങ്ങളാണ്. 200-ലധികം കുളങ്ങളിലും മത്സ്യകൃഷി നടക്കുന്നു.

കൊടുങ്ങല്ലൂർ നഗരസഭയുടെ മുഖ്യവിഭവം, മനുഷ്യവിഭവമാണ്. തൃശ്ശൂർ ജില്ലയിലെ അഞ്ചു നഗരസഭകളിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളത് കൊടുങ്ങല്ലൂരാണ്. തികച്ചും ആരോഗ്യകരമായ വളർച്ചാനിരക്കാണ് കഴിഞ്ഞ ദശകങ്ങളിലെല്ലാം ഉണ്ടായിട്ടുള്ളത്. 2001-ലെ 69659-ൽ നിന്ന് 71440-ലേക്കാണ് ജനസംഖ്യ ഉയർന്നത്. 2011-ലെ സെൻസസ് കണക്കു പ്രകാരം നഗരപ്രദേശത്തെ തൊഴിൽസേനയിലെ അംഗത്വം 27320 ആണ്. 22820 മുഖ്യജോലിക്കാരും 4410 നാമമാത്ര ജോലിക്കാരും. മുഖ്യജോലിക്കാരുടെ എണ്ണം ഓരോ വർഷവും ഉയർന്നുകൊണ്ടിരിക്കുന്നു. പുതിയതായെത്തുന്ന ജോലിക്കാരും തൊഴിൽ അവസരങ്ങളും സ്ഥിരസ്വഭാവമുള്ളതാണെന്നാണ് അതിനർത്ഥം.

നഗരസഭയ്ക്ക് ലഭിക്കുന്ന എല്ലാത്തരം പണവും മുനിസിപ്പൽ ഫണ്ടാണ്. റവന്യു കണക്കുകളിലാണ് വരവും ചെലവും രേഖപ്പെടുത്തുന്നത്. 2017–18, 2018–19, 2019–20, 2020–21, 2021–22 റവന്യു കണക്കുകൾ സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

| റവന്യു കണക്ക് – വരവ് | | | | | |
|---|---|---|---|---|---|
| **ഇനം** | **202021** | **2021–22** | **2022-23** | **2023–24** | **2024–25** |
| **വസ്തുനികുതി** | **36643430** | **41934701** | 39810071 | **42401028** | **53104445** |
| **പരസ്യ നികുതി** | | | | | |
| **തൊഴി നികുതി** | **12359382** | **11350027** | 12069604 | **12738341** | **4214573** |
| **ജനറ പർപ്പസ് ഫ ് ** | **34849406** | **35237400** | | | **39179597** |
| **വിനോദ നികുതി** | **41227** | **353667** | 3584714 | **3908409** | **5628615** |
| **ലൈസൻസ് ഫീസ്** | **3355340** | **3881290** | 3095400 | | **1809800** |
| **റെന്റ്** | **4914249** | **4748443** | 7575694 | **6632430** | **454250** |
| **ഫീസ് & യൂസർചാർജ്ജ്** | **8399252** | | 5830152 | | **16106022** |
| **സെയി സ് & ഹയർ ചാർജ്** | **142177** | **798175** | 3477538 | 796473 | **1287341** |
| **ഇൻവെസ്റ്റ്മെന്റ്** | | | | | |
| **പലിശ** | **423088** | **1705881** | 1123748 | 1649525 | **3575434** |
| **മറ്റുളളവ** | | | | | **136072** |

മൊത്തം റവന്യു വരുമാനം ഓരോ വർഷവും ഉയർന്ന നിരക്കിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

| റവന്യു കണക്ക് – ചെലവ് | | | | | |
|---|---|---|---|---|---|
| **ഇനം** | **2020–21** | **2021–22** | **2022–23** | **2023–24** | **2024–25** |
| **എസ്റ്റാബ്ലിഷ്മെന്റ് ചെലവ്** | **64341297** | **74466989** | **81451062** | 84176909 | **13401510** |
| **അഡ്മിനിസ്ട്രേറ്റീവ് ചെലവ്** | **10886089** | **11974384** | **11336660** | 23018697 | **5848541** |
| **ഓപ്പറേഷൻ, മെയിന്റനൻസ്** | **10869968** | **32729455** | **31314247** | 28692456 | **26286391** |

റവന്യു ചെലവ് പടിപടിയായി ഉയർന്നുകൊണ്ടിരിക്കുന്നു എന്നാണ് കണക്കുകളിൽ നിന്ന് വ്യക്തമാകുന്നുത്.വസ്തുനികുതിയാണ് നഗരസഭയുടെ തനതുവരുമാനത്തിന്റെ മുഖ്യഘടകം.നഗരസഭാ സമൂഹത്തിന്റെ സാമ്പത്തിക അവസ്ഥ പരിശോധിച്ചാൽ, 70 ശതമാനത്തിലേറെ വരുന്ന ഇടത്തരക്കാരുടെ നഗരമാണിതെന്ന് കാണാം. 16 ശതമാനം പേർ പരമദരിദ്രരാണ്. അവർക്ക് മൂന്ന് സെന്റ് ഭൂമി മാത്രമാണ് സ്വന്തമായുള്ളത്. സാമ്പത്തികമായി മേൽത്തട്ടിലുള്ളവർ 8 ശതമാനം മാത്രമാണ്. കൊടുങ്ങല്ലൂർ നഗരസഭയിലെ 5% പേർ ഇപ്പോഴും വാസയോഗ്യമല്ലാത്ത പാർപ്പിടങ്ങളിലാണ് കഴിഞ്ഞുകൂടുന്നത്.മുപ്പത്തിമൂന്ന് കോളനികൾ നഗരസഭാ പ്രദേശത്തുണ്ട്. അവയുടെ വിവരം താഴെ ചേർക്കുന്നു.

1. വയലാർ ആറാംകണ്ടം പട്ടികജാതി കോളനി (7–ാം വാർഡ്) 2. വഴിപ്പുര കോളനി (21–ാം വാർഡ്) 3. റാട്ടുപുര കോളനി (6–ാം വാർഡ്) 4. കുടുംബി കോളനി (6–ാം വാർഡ്) 5. വയലാർ ലക്ഷംവീട് കോളനി (7–ാം വാർഡ്) 6. പന്തീരാംപാല കോളനി (15–ാം വാർഡ്) 7. പുനരധിവാസ കോളനി (20–ാം വാർഡ്) 8. ആനാപ്പുഴ പുനരധിവാസ കോളനി (22–ാം വാർഡ്) 9. മാടംകുളം കോളനി (23–ാം വാർഡ്) 10.മേനക കോളനി (25–ാം വാർഡ്) 11. വണ്ടിപ്പറമ്പ് കോളനി (25–ാം വാർഡ്) 12. മീമ്പട്ടിപ്പാടം കോളനി (28–ാം വാർഡ്) 13. ചണ്ടിപ്പറമ്പ് കോളനി (32–ാം വാർഡ്) 14. അരാകുളം കോളനി (41–ാം വാർഡ്) 15.ആലേച്ചുംപറമ്പിൽ കോളനി (43–ാം വാർഡ്) 16. പട്ടികജാതി കോളനി (14–ാം വാർഡ്) 17. കുളപ്പറമ്പ് കോളനി (15–ാം വാർഡ്) 18. ചാപ്പാറ ലക്ഷംവീട് കോളനി (16–ാം വാർഡ്) 19. എസ്.എൻ.ഡി.പി. കോളനി ശൃംഗപുരം (18–ാം വാർഡ്) 20. എൽത്തുരുത്ത് കോളനി (19–ാം വാർഡ്) 21. തെക്കെക്കുന്ന് കോളനി (11–ാം വാർഡ്) 22. നാരായണമംഗലം ലക്ഷംവീട് കോളനി (10–ാം വാർഡ്) 23. ആനാപ്പുഴ ഫിഷർമെൻ കോളനി (21–ാം വാർഡ്) 24. കൈതവളപ്പിൽ ലക്ഷംവീട് കോളനി (21–ാം വാർഡ്) 25. പി.സി.താഴം ലക്ഷംവീട് കോളനി (24–ാം വാർഡ്) 26. വി.പി.തുരുത്ത് ഹരിജൻ കോളനി (26–ാം വാർഡ്) 27. കണ്ടംകുളം കോളനി (29–ാം വാർഡ്) 28. അംബേദ്കർ കോളനി (29–ാം വാർഡ്) 29. നെല്ലിപ്പറമ്പ് കോളനി (31–ാം വാർഡ്) 30.വടശ്ശേരി കോളനി (31–ാം വാർഡ്) 31. അഞ്ചപ്പാലം ലക്ഷംവീട് കോളനി (32–ാം വാർഡ്) 32. കയർ സൊസൈറ്റി കോളനി (36–ാം വാർഡ്) 33. കുളപ്പുര കോളനി (7–ാം വാർഡ്).

2. പതിനാലാം പഞ്ചവത്സരപദ്ധതിക്കാലയളവായ 2022-27 വർഷങ്ങളിലേയ്ക്കുള്ള കൊടുങ്ങല്ലൂർ നഗരസഭയുടെ വികസന കാഴ്ചപ്പാടാണിത്. നഗരസഭാ പരിധിയിക്കുള്ളിൽ ജീവിക്കുന്നവരുടെ ജീവിത നിലവാരം സർവ്വതലത്തിലും മെച്ചപ്പെടുത്തുന്നതിനാവശ്യമായ വികസനപദ്ധതികളാണ് ആവിഷ്ക്കരിക്കപ്പെടുന്നത്. നഗരത്തിന്റെ വികസനം എന്നത് അന്നന്നു തീരുമാനിക്കപ്പെട്ട ഹ്രസ്വകാല സ്വഭാവത്തോടുകൂടിയതും തനിച്ചു നിൽക്കുന്നതുമായ പദ്ധതികളിലൂടെയല്ല വിഭാവനം ചെയ്യുന്നത്. ദീർഘകാല വീക്ഷണത്തോടുകൂടിയതും സമഗ്രവും ഫലപ്രദമായ രീതിയിൽ സംയോജിപ്പിക്കപ്പെട്ടതുമായ പദ്ധതികളിലൂടെ ആസൂത്രണം ചെയ്യാനുള്ള ശ്രമം നടത്തിയിരിക്കുന്നു. നഗരത്തിലെ വാർഡുകൾ അടിസ്ഥാനമാക്കിയുള്ള പദ്ധതികളെക്കാൾ പ്രയോജനം ലഭിയ്ക്കുന്നത്. നഗരത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി രൂപം കൊടുക്കുന്ന പദ്ധതികളിലൂടെയായിരിക്കും എന്ന നിലപാട് സ്വീകരിച്ചിരിക്കുന്നു.

3. നഗരവികസനത്തിനുവേണ്ടി തയ്യാറാക്കിയ മാസ്റ്റർപ്ലാനിന്റെ സഹായത്തോടെയും അതിലെ നിർദ്ദേശങ്ങൾക്കനുസരണമായും നഗരസഭയുടെ പഞ്ചവത്സപദ്ധതികളും വാർഷിക പദ്ധതികളും തയ്യാറാക്കുന്ന സമ്പ്രദായത്തിലേയ്ക്ക് മാറണമെന്നതിനാൽ ആപ്രവർത്തനം ഏറ്റെടുക്കുന്നതിന് നഗരസഭയ്ക്ക് താത്പര്യമുണ്ട്. ഭൂപ്രകൃതി, പച്ചപ്പ്, ജലലഭ്യത, മഴവെള്ള നിർഗ്ഗമന–സംഭരണ രീതികൾ എന്നിവയെ നഗരസഭയുടെ സുസ്ഥിര വികസനത്തിന്റെ അടിസ്ഥാനശിലകളായി സ്വീകരിക്കുകയും ചെയ്യുന്നു.

4. ഭൂവിസ്തൃതി കുറവ്, വർദ്ധിച്ച ജനസാന്ദ്രത, നഗരത്തിൽ നിത്യേന വന്നുപോകുന്ന ജനസഞ്ചയവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ, ഖര – ദ്രവ–മാലിന്യ സംസ്ക്കരണം, ജലസ്രോതസ്സുകളിലെ മാലിന്യം, ചേരിയും അവയുടെ വികസനവും, ഭൂരഹിത–ഭവനരഹിതരുമായവരുടെ പാർപ്പിട പ്രശ്നങ്ങൾ എന്നീ

മുഖ്യ പ്രശ്നങ്ങളുടെ പരിഹാരമായാണ് നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നത്

5. ഭക്ഷ്യവിളകൾ, പച്ചക്കറികൾ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉല്പാദനവും ഉല്പ്പനങ്ങളുടെ സംസ്ക്കരണവും വിപണനവും നഗരസഭയുടെ വികസന പരിപാടിയുടെ ഭാഗമായിവരുന്നു. മാനവ വികസനത്തിന് അടിസ്ഥാനമായി ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ മുഴുവൻ പൊതു സമൂഹത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റികൊടുക്കുംവിധം വിപുലീകരിക്കേണ്ടതുണ്ട്.

6. അഞ്ചുവർഷത്തിനുള്ളിൽ സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം ഒരുക്കിക്കൊടുക്കുവാൻ നഗരസഭ പ്രതിജ്ഞാബദ്ധമായിരിക്കുന്നു. വർഷം മുഴുവൻ ശുദ്ധമായ കുടിവെള്ളം, വൈദ്യുതി, ഗതാഗതസൗകര്യങ്ങൾ, വഴിവിളക്കുകൾ, അഴുക്കുചാൽ പദ്ധതി, ശുചിത്വമുള്ള പരിസരം എന്നിവയും വികസന പ്രവർത്തനത്തിന്റെ ഭാഗമാകുന്നു.

7. പാർശ്വവത്ക്കരിക്കപ്പെട്ടവരെയും പ്രത്യേക പരിഗണന അർഹിക്കുന്നവരെയും – സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷി ഉള്ളവർ, പട്ടികജാതിക്കാർ, മത്സ്യതൊഴിലാളികൾ, പരമ്പരാഗത തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നവർ വേണ്ട പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതികളും വിഭാവനം ചെയ്യുന്നു.

8. പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. ആസൂത്രണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുവാൻ സൂക്ഷ്മതലത്തിൽ തന്നെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നു.

****

അദ്ധ്യായം 2

2025-2026 വാർഷിക പദ്ധതി

സ്റ്റാറ്റസ് റിപ്പോർട്ട്

കൊടുങ്ങല്ലൂർ നഗരസഭയുടെ 14-ാം പഞ്ചവത്സര പദ്ധതിയിലെ നാലാം വാർഷിക പദ്ധതിയുടെ നിർവ്വഹണം അവസാന പാദത്തിലേക്ക് കടന്നിരിക്കുന്നു. കൃത്യമായ ആസൂത്രണത്തോടെ മുന്നോട്ട് പോയാൽനമ്മൾക്ക് മികച്ച പ്രവർത്തനം കാഴ്ച്ചവെക്കുവാൻ സാധിക്കുന്നതാണ്.

2025-2026 തിരഞ്ഞെടുപ്പ് വർഷം ആയിരുന്നതിനാൽ ഇതുവരെ മുപ്പത്തിയാറ് ശതമാനത്തിനടുത്ത് മാത്രമാണ് പദ്ധതി ചിലവ് നടന്നിട്ടുള്ളത്. സംസ്ഥാന ശരാശരി 30 ശതമാനം ആകയാൽ കൊടുങ്ങല്ലൂർ നഗരസഭ പ്രത്യേകിച്ച് പിന്നിലല്ല എന്നതാണ് യാഥാർത്ഥ്യം വാർഷിക പദ്ധതിയിലെ പ്രധാനപ്പെട്ട പ്രവർത്തനം ഭവനരഹിതർക്കുള്ള പാർപ്പിട നിർമ്മാണമായിരുന്നു. ലൈഫ് - പി.എം.എ.വൈ സർവ്വേയിൽ ഭവന രഹിതരായ 445കുടുംബങ്ങളേയും ഭൂരഹിതരും ഭവന രഹിതരുമായ 779 കുടുംബങ്ങളേയുമാണ് കണ്ടെത്തിയിരുന്നത്. 13-mwപഞ്ചവത്സര പദ്ധതി കാലയളവിൽ തന്നെ മുഴുവൻ കുടുംബങ്ങൾക്കും പാർപ്പിടം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിരുന്നതാണ്. സി.ആർ.ഇസഡ് നിയമത്തിനു കീഴിൽ വരുന്ന കനോലികനാലിന്റേയും കോട്ടപ്പുറം കായലിന്റേയും തീരപ്രദേശങ്ങളിൽ താമസിക്കുന്നവരുടേതായ പുതുക്കിപണിയാൻ കഴിയാത്ത വീടുകളൊഴിച്ച്, മറ്റുള്ളവരുടെ പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കുവാൻ കഴിയും എന്ന പ്രതീക്ഷയാണ് ഇപ്പോൾ നഗരസഭക്കുള്ളത്.

നഗരസഭ പ്രദേശത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനങ്ങളുടെ 90 ശതമാനം രോഗങ്ങൾക്കും ചികിത്സയെത്തിക്കാൻ പര്യാപ്തമായ രീതിയിൽ പൊതുജനാരോഗ്യ ശൃംഘലയെ കെട്ടിപ്പടുക്കുക എന്ന

വികസന കാഴ്ചപ്പാടോടെയാണ് ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്. കൊടുങ്ങല്ലൂർ നഗരസഭകേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന താലൂക്കാശുപത്രിയെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പ്രതിവർഷം അഞ്ചുലക്ഷം രോഗികളാണ് ഇവിടെ ചികിത്സക്കെത്തുന്നത്. 176 ബെഡുകളുണ്ട്. ഈ ആശുപത്രയിലും, ഹെൽത്ത്സെന്റർ, ആയുർവ്വേദാശുപത്രി, ഹോമിയോ ഡിസ്പെൻസറി തുടങ്ങിയ ആരോഗ്യസ്ഥാപനങ്ങളിലും സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിരവധി പ്രോജക്ട്കുകൾ കഴിഞ്ഞവർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷം താലൂക്ക് ആശുപത്രിയിലേക്ക് മരുന്നുവാങ്ങുന്നതിനായി 50 ലക്ഷം രൂപയും, ആയുർവ്വേദാശുപത്രികൾക്ക്25 ലക്ഷം രൂപയും, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങുന്നതിന് 2 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ മേഖലയിലെ പദ്ധതികൾക്കായ് നിർമ്മാണ പ്രവർത്തികൾക്ക് ഉൾപ്പെടെ 60081318/– രൂപ വകയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ മിക്കതും ടെണ്ടർ ഘട്ടത്തിലാണുള്ളത്

ഒരു ശുചിത്വ നഗരമാക്കി കൊടുങ്ങല്ലൂരിനെ മാറ്റുന്നതിനുള്ള നിരവധി പരിപാടികൾ കഴിഞ്ഞ കുറച്ചു വർഷങ്ങളായി തുടർച്ചയായി നടത്തിവരികയാണ്. കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ രീതിയിൽ ജൈവമാലിന്യസംസ്കരണം ഫലപ്രദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചിട്ടയോടെ സംഘടിപ്പിക്കുന്നു. ഖരമാലിന്യത്തിൽ 30 ശതമാനത്തോളം പ്ലാസ്റ്റിക് മാലിന്യമാണ്. അതിന്റെ സംസ്കരണപ്രവർത്തനങ്ങളും ഗൌരവമായി ഏറ്റെടുത്തിരിക്കുന്നു. വീടുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും റീസൈക്കിൾ കേന്ദ്രത്തിലേക്കയക്കുന്നതിനും ഹരിത കർമ്മസേന വളണ്ടിയർമാർ സജീവമായി പ്രവർത്തിക്കുന്നു.നഗരസഭയുടെ ഏറ്റവും പ്രധാനപ്പെട്ട വികസന പ്രവർത്തനമായി ഈ രംഗത്തെ ഇടപെടലുകൾ മാറിയിരിക്കുന്നു.

ഉൽപാദന – തൊഴിൽ മേഖലകളിലെ പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്താനുള്ള ശ്രമമാണ്കാർഷിക വികസനം, പ്രാദേശിക സാമ്പത്തിക

വികസനം മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ വിഷയമേഖലകളിൽ ആവിഷ്കരിച്ച പ്രോജക്ടുകളിലുളളത്. കേരകൃഷി, നെൽകൃഷി, പച്ചക്കറികൃഷി, ഫലവർഗ്ഗവിളകൾ എന്നിവയുടെ വികസന പരിപാടികളും ജലസേചന ഉൽപന്നങ്ങളുടെ വിതരണവുമാണ് കാർഷിക വികസനപദ്ധതിയിൽ ഉൾപ്പെടുത്തിയത്. കാർഷിക മഖലയിൽ വാഴ പദ്ധതി, പൊട്ടുവെള്ളരി പദ്ധതി, പച്ചക്കറി പദ്ധതി, മട്ടുപ്പാവ് കൃഷി എന്നിവയാണ് പ്രധാന പദ്ധതികൾ. മൃഗ സംരക്ഷണം ക്ഷീര വികസന മേഖലയിൽ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ആയി 800000/- രൂപ വകയിരുത്തിയിട്ടുണ്ട്., പോത്തുകുട്ടി വിതരണം, കറവപ്പശുക്കൾക്ക് കാലിത്തീറ്റ, എന്നിവയാണ് മറ്റു പദ്ധതികൾ.

മത്സ്യ മേഖലയിൽ കൂട് മത്സ്യ കൃഷി, മത്സ്യത്തൊഴലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ ,ലാപ്ടോപ്പ് എന്നിവയാണ് പ്രധാന പദ്ധതികൾ. മത്സ്.ത്തിന്റെ ലഭ്യത നഗരസഭ പ്രദേശത്തിന്റെ ആവശ്യത്തിനനുശ്രിതമായി വർദ്ധിപ്പിക്കാൻ ഇനിയും കഴഞ്ഞിട്ടില്ല.

സമൂഹത്തിലെ ദുർബലരും അവശരുമായ വിഭാഗങ്ങളുടെ ഉന്നമനത്തിനായി രൂപം കൊടുത്തിട്ടുളള പദ്ധതികളുടെ നിർവ്വഹണത്തിൽ വേഗത കൈവന്നിട്ടില്ല. വയോജനങ്ങൾ, വനിതകൾ, ഭിന്നശേഷിക്കാർ, കുട്ടികൾ, പട്ടികജാതി വിഭാഗങ്ങൾ, അഗതികൾ എന്നീ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ചിട്ടുളള പല പദ്ധതികളും നിർവ്വഹണത്തിന്റെ പ്രാഥമികഘട്ടത്തിൽ നിൽക്കുകയാണ്. പ്രശ്നങ്ങളെ മറികടക്കാനാവശ്യമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടായിട്ടുണ്ട്. വയോമിത്രത്തിന് 10 ലക്ഷം രൂപയും, അങ്കണവാടി കുട്ടികളുടെ പോഷാകാഹര വിതരണത്തിന് നീക്കിവെച്ച 6000000/-രൂപയും വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പിനായി 1800000/- ലക്ഷം രൂപയുംവകയിരുത്തിയിട്ടുണ്ട്.

2026-27 വാർഷിക പദ്ധതിയിൽ, പദ്ധതികളായ ഖര-ദ്രവ മാലിന്യ പരിപാലന പ്രൊജക്ടുകൾ, പ്രാദേശിക സാമ്പിത്തിക വികസന പ്രൊജക്ടുകൾ, ദുരന്ത നിവാരണ പദ്ധതികൾ എന്നിവയ്ക്ക് ഊന്നൽ നൽകേണ്ടതായുണ്ട്. പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയും പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിൽ പെടുന്നതാണ്. സ്വയംതൊഴിൽ സംരംഭങ്ങളും, തൊഴിൽ

ദായക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും തൊഴിലന്വേഷകരെ തൊഴിലും വരുമാനവും നേടാൻ പ്രാപ്തരാക്കുന്നതിനുള്ള നൈപുണ്യ വികസന പരിശീലന പരിപാടികളും ഏറ്റെടുക്കേണ്ടതായുണ്ട്.

**കൃഷിയും അനുബന്ധ മേഖലകളും**

കഴിഞ്ഞ ദശകത്തിൽ കേരളത്തിലെ കാർഷിക മേഖലയിൽ ദുർബലമായ വളർച്ചാ നിരക്കാണ് ദൃശ്യമായത്. 2011–2020 കാലയളവിൽ കൃഷിയിലും അനുബന്ധ മേഖലകളിലും വർഷംതോറും 2.2% എന്ന നിരക്കിൽ കുറവുവരികയാണുണ്ടായത്. വർദ്ധിച്ച ഉല്പാദന ക്ഷമത, ലാഭക്ഷമത, കാർഷിക ഉൽപാദനത്തിൽ സുസ്ഥിരത എന്നിവയായിരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മുദ്രാവാക്യം പ്രളയങ്ങൾ ഉൾപ്പെടെ നിരവധി പ്രതികൂല സാഹചര്യങ്ങൾ കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചെങ്കിലും പലനേട്ടങ്ങളും കൈവരിച്ചു കൊണ്ടാണ് നാലുവർഷം കടന്നുപോയത്. നെൽകൃഷിയിലേക്ക് കർഷകരെ തിരിച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞു. നാളികേര ഉൽപാദനത്തിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. ഫലവർഗ്ഗമായി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾക്ക് തുടക്കമിട്ടു. പാൽ, മത്സ്യം ഉൽപാദന മേഖലകളിൽ എടുത്തു പറയാനാവുന്ന പുരോഗതിയുണ്ടായി. സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഉല്പാദന പദ്ധതിയായി ഈ പരിപാടി മാറി.

പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ കാർഷിക മേഖലയിലെ വിളകളുടെ വർദ്ധിച്ച ഉൽപാദനക്ഷമതയും വിള തീവ്രതയുമാണ് ലക്ഷ്യമായി കാണക്കാക്കുന്നത്. കാർഷിക മേഖലയിലെ ഉല്പാദന ശക്തികളുടെ വികസനവും, ഉല്പാദനക്ഷമത, ലാഭക്ഷമത, സുസ്ഥിരത എന്നിവയുടെ പുതിയ തലത്തിലുള്ള നേട്ടങ്ങളും ഉറപ്പാക്കുന്നതിന് കാർഷിക മേഖലയിലെ ഉല്പാദന ബന്ധങ്ങൾ പുനർരൂപകല്പന ചെയ്യണം. പുതിയ സാങ്കേതിക വിദ്യകൾ, പ്രത്യേകിച്ചും ബയോ ടെക്നോളജി, നാനോ ടെക്നോളജി എന്നിവ കൃഷി പ്രവർത്തനത്തിന്റെ ഭാഗമാകണം. കാർഷിക

മൂല്ല്യവർദ്ധനയിലും കാർഷിക സംസ്കരണത്തിലും സ്വാകാര്യ സംരംഭങ്ങൾ ഉണ്ടാകണം. ശാസ്ത്രീയമായി നെൽകൃഷിയും തണ്ണീർത്തട സംരക്ഷണവും ആസൂത്രണം ചെയ്യുന്നതിന്, അടിയന്തിരമായി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷി ചെയ്യുന്ന ഭൂമിയുടേയും തണ്ണീർത്തടത്തിന്റേയും കൃത്യമായ വിവരസങ്കേതം സൃഷ്ടിക്കണം.

## മത്സ്യബന്ധനം

ചെറുകിട കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുളള ഫലവത്തായ മാർഗ്ഗമാണ്. ശാസ്ത്രീയമായ ഉൾനാടൻ മത്സ്യകൃഷി, യുവജനങ്ങൾക്ക് ഈ മേഖലയിലേക്ക് വരുന്നതിന് വളരെയേറെ താല്പര്യമുണ്ട്. കൊടുങ്ങല്ലൂർ നഗരസഭയുടെ അകത്തും അതിരുകളിലായി 18 ശതമാനത്തിനും മീതെയാണ് ജലസ്രോതസുകളുടെ വിസ്തൃതി. ഇത് ഉൾനാടൻ മത്സ്യകൃഷിക്ക് അനുകൂലമായ സാഹചര്യമാണ്ഒരുക്കുന്നത്. പടാകുളം, ദളവാകുളം, കരിച്ചാംകുളം, ചേന്ദൻകുളം, അരാകുളം തുടങ്ങി നിരവധി വലിയ കുളങ്ങൾ നഗരസഭ പ്രദേശത്തുണ്ട്. ഫിഷ് ഫാമുകൾക്കായി അവ ഉപയോഗപ്പെടുത്താൻ കഴിയണം. പുഴകളും തോടുകളും മത്സ്യസമ്പന്നമായിരുന്ന ഒന്നോ, രണ്ടോ ദശകങ്ങൾക്കു മുൻപുവരെ നഗരസഭാ പ്രദേശത്തെ മുഖ്യതൊഴിലുകളിലൊന്നായി മത്സ്യബന്ധനവും വിപണനവും നിലനിന്നിരുന്നതാണ്. ആ തൊഴിൽ മേഖലയെ പുനരുജ്ജീവിപ്പിക്കുകയെന്നത് 14–mwപഞ്ചവത്സര പദ്ധതി ഇടപെടലുകളിലെ മുഖ്യ പരിപാടിയായി കണക്കാക്കിയിട്ടുണ്ട്.

നെല്ലിനോടൊപ്പം മത്സ്യം വളർത്തുന്ന പ്രവർത്തനത്തിനും വളരെ സാധ്യതയുണ്ട്. പൊക്കാളിപ്പാടങ്ങളിൽ നെല്ലിനൊപ്പം മത്സ്യകൃഷി എന്ന കാഴ്ചപാടിന് പ്രോത്സാഹനം നൽകുകയും ചെയ്യണം മത്സ്യകൃഷി, മത്സ്യബന്ധനം, മത്സ്യസംസ്കരണം, മത്സ്യബന്ധന ഉപകരണങ്ങൾ, ലാപ്ടോപ് എന്നീ വിതരണ പരിപാടികളിലേയ്ക്ക് പദ്ധതി പ്രവർത്തനം ചുരുങ്ങി പോകുന്നത് ഈ മേഖലയിലെ വികസന മുന്നേറ്റത്തിനും തൊഴിലവസരസൃഷ്ടിക്കും സഹായകമാവില്ല.

**മൃഗസംരക്ഷണം**

യുവജനങ്ങൾക്ക് തൊഴിലിനും വരുമാനോല്പാദനത്തിനും ഗുണപ്രദമാകുന്ന സംരംഭമെന്ന നിലയിൽ മൃഗപരിപാലനത്തിന് വളരെയധികം സാദ്ധ്യതകളുണ്ട്. നിലവിൽ ഇത് കുടുംബങ്ങൾക്ക് തുച്ഛമായ രീതിയിലുള്ള ഒരു അനുബന്ധ വരുമാന സ്രോതസ്സ് മാത്രമാണ്. സമീപകാലത്ത്, പാലുൽപാദനത്തിൽ കൈവരിച്ച നേട്ടങ്ങൾ മാംസത്തിന്റേയും മുട്ടയുടേയും ഉല്പാദനത്തിൽ ഉണ്ടായിട്ടില്ല. മൃഗപരിപാലനത്തിലും മാംസോല്പാദനത്തിലുമുള്ള ആധുനികവൽക്കരണം, അറവുശാലയുടെ സ്ഥാപനം, വൃത്തിയുള്ള മാംസ വിപണന കേന്ദ്രങ്ങൾ എന്നിവ വേണ്ട രീതിയിൽ ശ്രദ്ധിക്കപ്പെട്ടിട്ടില്ല.

പാലുല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. കറവപ്പശുക്കളുടെ ജനിതക അടിത്തറ കൂടുതൽ മെച്ചപ്പെടുത്താനുണ്ട്. കൃഷിയിടങ്ങളിലും വീട്ടുവളപ്പിലും തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായി കാണുന്നു.. ക്ഷീരസംഘങ്ങൾ വഴി വിൽക്കുന്ന പാലിന്റെ വിഹിതം 50 ശതമാനമായെങ്കിലും ഉയർത്താൻ കഴിയണം.

**പ്രാദേശിക സാമ്പത്തിക വികസനം**

മൂല്യവും തൊഴിലും വരുമാനവും സൃഷ്ടിക്കുകയും ഒരു സമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയിൽ മുഖ്യപങ്ക് വഹിക്കുകയും ചെയ്യുന്ന മേഖലയാണ് വ്യവസായം. കഴിഞ്ഞ മൂന്നുനാലു വർഷങ്ങളായി തുടർച്ചയായുണ്ടായ പ്രകൃതി ദുരന്തങ്ങളും പകർച്ച വ്യാധിയും ഈ മേഖലയെ തളർത്തിക്കളഞ്ഞു. സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനും സഹായിക്കുന്ന പരിഷ്കാരങ്ങളുടെ ഭാഗമായി 2019–ൽ കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസ് ഫെസിലിറ്റേഷൻ ആക്ട്

പ്രാബല്യത്തിൽ വന്നതോടെ, ഈ രംഗത്ത് ഒരു പുത്തനുണർവ്വ് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

## വിദ്യഭ്യാസം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ വിദ്യഭ്യാസ രംഗത്ത് അപൂർവ്വമായ പുരോഗതിയാണുണ്ടായത്. വിദ്യഭ്യാസത്തിനാവശ്യമായ അടിസ്ഥാന സൌകര്യങ്ങളുടേയും സേവനങ്ങളുടേയും ഗുണനിലവാരം ഉയർത്തുന്നതിൽ വലിയ ശ്രദ്ധയാണ് ചെലുത്തിയത്. സ്കൂൾ വിദ്യഭ്യാസത്തിലെ പുതിയ നിക്ഷേപങ്ങൾ, പ്രത്യേകിച്ച് അടിസ്ഥാനസൌകര്യങ്ങൾ, സ്കൂളുകളിലെ ക്ലാസുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, സാമൂഹിക പരിരക്ഷ മെച്ചപ്പെടുത്തൽ എന്നിവയാൽ ഈ കാലഘട്ടം അടയാളപ്പെടുത്തപ്പെട്ടു. ഉയർന്ന നിലവാരമുള്ള സ്കൂൾ വിദ്യഭ്യാസം മുമ്പെന്നത്തേക്കാളും കൂടുതൽ വിദ്യാർത്ഥി സമൂഹത്തിനു ലഭ്യമായി.

പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് സ്കൂളുകളിലെ അക്കാദമിക പുരോഗതിയിലും അദ്ധ്യാപനത്തിന്റേയും അദ്ധ്യാപന ശാസ്ത്രത്തിന്റേയും ഗുണനിലവാരം ഉയർത്തുന്നതിലുമാണ് പ്രത്യേക ഊന്നൽ നൽകിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി പ്രവർത്തനം ഫലപ്രദമായി നടന്നു വരികയാണ്. എസ്.എസ്.എൽ.സി പരീക്ഷയിൽ നേടിക്കൊണ്ടിരിക്കുന്ന 100 ശതമാനം വിജയങ്ങൾ അതിനുള്ള ദൃഷ്ടാന്തമാണ്.

## ആരോഗ്യം

സേവനങ്ങളുടേയും അടിസ്ഥാന സൌകര്യങ്ങളുടേയും ഗുണനിലവാരവും അതിലൂടെ ഏറ്റവും മികച്ച രോഗ പ്രതിരോധവും, സാന്ത്വന പരിചരണവുമാണ് ഈ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിട്ടത്. ആർദ്രം മിഷൻ ഈ മേഖലയിലെ ശ്രദ്ധാർഹമായ പ്രവർത്തനമാണ്. ആരോഗ്യ സംവിധാനങ്ങളിലേക്കുള്ള ഉയർന്ന പ്രാപ്യതയും

താങ്ങാവുന്ന ആരോഗ്യ പരിപാലന ചെലവും ഉൾപ്പെടെ ജനസൌഹൃദമായ രോഗ പ്രതിരോധ, രോഗശമന, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്ന പദ്ധതികൾക്ക് ഈ വർഷവും അനിവാര്യമായ തുടർച്ച ഉണ്ടായിട്ടുണ്ട്.

**പാർപ്പിടം**

പാർപ്പിട സൌകര്യം ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും അവ ലഭ്യമാക്കുന്നതിനുള്ള മുന്നേറ്റമാണ് നഗരസഭ പ്രദേശത്ത് സൃഷ്ടിച്ചത്. സിംഹഭൂരിപക്ഷം കുടുംബങ്ങൾക്കും സുരക്ഷിതമായ വീട് ലഭ്യമാക്കുവാൻ ഇതിനകം കഴിഞ്ഞിരിക്കുന്നു. സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫിൽ ഇതേവരെ 1770 പാർപ്പിടങ്ങൾക്കാണ് അനുമതി ലഭിച്ചത്. 1577 ഗുണഭോക്താക്കൾ നഗരസഭയുമായി കരാറിൽ ഏർപേപെട്ടുകയും 1281 ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്.അവശേഷിക്കുന്നവ നിർമ്മാണത്തിന്റെ പലഘട്ടങ്ങളായി നിർമ്മാണം തുടരുന്നു. ഇത് മഹത്തായ വികസന പ്രവർത്തനമാണ്.

**കുടിവെള്ളം**

കൊടുങ്ങല്ലൂർ നഗരസഭ കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഗാർഹിക കുടിവള്ള കണക്ഷൻ പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയും നഗരസഭ സെക്രട്ടറിയും, അമൃത് സ്റ്റേറ്റ്മിഷൻ ഡയറക്ടറും കരാർ ഒപ്പ് വെച്ചിട്ടുളളതാണ്. ഈ പദ്ധതിയുടെ ഭാഗമായി ജൽജീവൻ മിഷൻ 4700 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. കൊടുങ്ങല്ലൂർ നഗരസഭ പരിധിയിലുളള അരാകുളം നവീകരണം ആരംഭിച്ചിട്ടുളളതണ്. കൊടുങ്ങല്ലൂർ നഗരസഭ പ്രദേശത്ത് ഏതാണ്ട് എല്ലാ കുടുംബങ്ങളിലും പാചകത്തിനും മറ്റാവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നത് വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന് ശുദ്ധജലമാണ്.

വേനൽക്കാലമാസങ്ങളിൽ കടുത്തജലക്ഷമമാണ് അനുഭവപ്പെടാറുള്ളത്. നഗരസഭയുടെ മൂന്നിൽ രണ്ടുഭാഗം പ്രദേശത്തും യാതൊരുവിധത്തിലുമുള്ള ശുദ്ധാജല ലഭ്യതയുമില്ലാത്തതിനാൽ കടുത്ത ദുരിതത്തിലൂടെ കടന്നു പോകേണ്ട അവസ്ഥയാണുള്ളത്. 80 ശതമാനത്തിനടുത്തു കുടുംബങ്ങൾക്കും ഹൌസ് കണക്ഷനുണ്ട്. വേലൽകാലത്ത് ജലക്ഷാമമുണ്ടാകുമ്പോൾ ഈ സൌകര്യങ്ങൾ ഫലപ്രദമാകാതെ പോകുന്നു. നഗരസഭാ പ്രദേശത്തെ മുഴുവൻ കുടുംബങ്ങൾക്കും എപ്പോഴും ശുദ്ധാമായ കുടിവെള്ളം ഉറപ്പാക്കുന്നതിനുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കാണ് രൂപം നൽകേണ്ടത്. പൈപ്പുവെള്ളവും കിണർവെള്ളവും പൊതുകുളങ്ങളെ കേന്ദ്രീകരിച്ചുള്ള ജലവിതരണ പദ്ധതികളും എല്ലാം ചേർന്ന്, ഈ വികസന പ്രതിസന്ധിയേ മറികടക്കാനുള്ള പരിപാടി ആവിഷ്കരിക്കേണ്ടതുണ്ട്.

**അതിദാരിദ്രനിർമ്മാർജ്ജനം**

ഇന്ത്യയിൽ ദാരിദ്ര്യത്തിന്റെ അനുപാതം ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളമെങ്കിലും ജനസംഖ്യയിൽ ഒരു ചെറിയ വിഭാഗത്തിൽ ഇപ്പോഴും ദാരിദ്ര്യം നിലനിൽക്കുന്നു. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ അതിദാരിദ്ര ഇല്ലാതാക്കുക എന്ന ദൌത്യമാണ് മുന്നിലുള്ളത്. അതിദാരിദ്രം അനുഭവിക്കുന്ന കുടുംബങ്ങളെ ശാസ്ത്രീയമായ സർവ്വേയിലൂടെ കണ്ടെത്തുകയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മൈക്രോപ്ലാനുകളുടെ പ്രവർത്തനങ്ങളിലൂടെ ആവിഷ്കരിക്കുകയും ചെയ്തു.122 കുടുംബങ്ങളെ ആണ് അതിദരിദ്രരായി കണ്ടെത്തിയത്. ഈ പദ്ധതി പ്രകാരം മൂന്ന് വീടുകളുടെ പുനരുദ്ധാരണം നടത്തുകയും 10 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു. എല്ലാ കുടുംബങ്ങൾക്കും ഭക്ഷണം മരുന്ന് ചികിത്സ എന്നിവ യഥാസമയം എത്തിക്കുകയും ചെയ്തു. 2025 നമ്പർ 1 ന് അതിദരിദ്രരില്ലാത്ത നഗരസഭയായി പ്രഖ്യാപിക്കുകയും ചെയ്തു.

**<u>ശുചിത്വം</u>**

ഏറ്റവും മികച്ച രീതിയിൽ മാലിന്യ സംസ്കരണം പ്രവർത്തികമാക്കികൊണ്ട് കൊടുങ്ങല്ലൂർ നഗരസഭയെ സമ്പൂർണ്ണ ശുചിത്വ നഗരമായി മാറ്റുന്നതിൽ വിജയം കൈവരിച്ചിരിക്കുന്നു. ജനസംഖ്യ കണക്ക് പ്രകാരം നഗരസഭ പ്രദേശത്ത് ഓരോ ദിവസവും 34 ടൺ മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്നതായാണ് കണക്കാക്കപ്പെടുന്നത്.OWC പ്ലാന്റുകൾ , തുമ്പൂർമുഴി പ്ലാന്റുകൾ (11എണ്ണം), വിൻഡ്രോ കം ലോസ്റ്റ് പ്ലാന്റ് (4എണ്ണം) എന്നിവയുടെ പ്രവർത്തനത്തിലൂടെ നേരിട്ട് ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നു. വീടുകളിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവ മാലിന്യങ്ങളുടെ ഉറവിട സംസ്കരണത്തിനായി 1752 ബയോഗ്യാസ് പ്ലാന്റുകളും 8224 ബയോഡൈജസ്റ്റർ പോട്ടുകളും 3765 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും 600 ബയോഡൈജസ്റ്റർ ബിന്നുകളും 38 ബൊക്കാഷി ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റുകളും വിതരണം ചെയ്തു. ദൈനംദിനം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏഴ് ടൺ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി 3 ഗ്രൂപ്പുകളിലായി 85 ഹരിത സേനാംഗങ്ങൾ പ്രവർത്തിക്കുന്നു. 5 എം.സി.എഫുകളും 44 താൽക്കാലിക എം.സി.എഫുകളും മൂന്ന് ആർ.ആർ.എഫുകളും സ്ഥാപിച്ചു. 25 കെ.എൽ.ഡി ശേഷിയുള്ള മൊബൈൽ എഫ്.എസ്.ടി.പി സംവിധാനം വാങ്ങി, കക്കൂസ് മാലിന്യ സംസ്കരണം ഫലപ്രദമാക്കി. ശുചിത്വ രംഗത്തെ പ്രവർത്തനങ്ങൾക്ക് അംഗീകാരമായി ദേശീയ തലത്തിൽ 134–ാം റാങ്കും, സംസ്ഥാന തലത്തിൽ 4–ാം റാങ്കും കരസ്ഥമാക്കി . ഈ രംഗത്ത് ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന നഗരസഭയെന്ന സംസ്ഥാന അംഗീകാരവും ലഭ്യമായി.

## പട്ടികജാതി വികസനം

ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് നിഷ്കാസിതരാകുകയും സാധാരണ ജീവിതം നിഷേധിക്കപ്പെട്ടവരുമായ പട്ടികജാതി വിഭാഗങ്ങളുടെ സമഗ്രമായ വികസനത്തിനുതകുന്ന പദ്ധതി പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചത് ഭക്ഷണം പാർപ്പിടം വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഈ വിഭാഗങ്ങൾ അനുഭവിക്കുന്ന പരിമിതികളെ മറികടക്കുന്നതിനും സാമൂഹികവും സാമ്പത്തീകവുമായ

പിന്നോക്കാവസ്ഥ ഇല്ലാതാക്കുന്നതിനും പരമ്പരാഗതമായി നിലനിൽക്കുന്ന ചൂഷണ സമ്പ്രദായത്തെ മുറിച്ച് കടക്കുന്നതിനും ആവശ്യമായ പദ്ധതികൾക്കാണ് രൂപം നൽകിയത്. 207 വീടുകൾ പുതിയതായി നിർമ്മിച്ച് നൽകുവാനും 48 പഠന മുറികൾ സജ്ജമാക്കി നൽകുവാനും ഇതിനകം കഴിഞ്ഞിരിക്കുന്നു. പെൺകുട്ടികൾക്ക് വിവാഹ ധനസഹായം , വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്,ഗാർഹിക കുടിവെള്ള കണക്ഷൻ, ശുദ്ധജല സംഭരണ ടാങ്ക് വിതരണം,വാദ്യോപകരണങ്ങളുടെ വിതരണം എന്നിവ പട്ടിക ജാതി വികസന പരിപാടികളുടെ ഭാഗമായി ഫലപ്രദമായി നടപ്പാകാൻ കഴിഞ്ഞു.

..............................................................................

## അദ്ധ്യായം 3

# പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാധ്യതകളും

## പൊതുഭരണവും ധനകാര്യവും

കൊടുങ്ങല്ലൂർ നഗരസഭ പരിധിയിൽ ജനനം മുതൽ മരണം വരെയുള്ള ആവശ്യങ്ങൾക്ക് നഗരസഭയുമായി ബന്ധപ്പെടേണ്ടി വരുന്നു. എന്നാൽ ഇപ്പോൾ നഗരസഭ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പൊതുജനങ്ങൾ യഥേഷ്ടം കയറിയിറങ്ങി അവരുടെ ആവശ്യങ്ങൾ നടത്തി കൊണ്ടുപോകുന്നതിനുള്ള സ്ഥലസൗകര്യം കുറവാണ്. ജീവനക്കാർക്ക് അവരിൽ നിക്ഷിപ്തമായ ജോലികൾ നിർവ്വഹിക്കുന്നതിനു പോലും സ്ഥലപരിമിതി തടസ്സമാകുന്നുണ്ട്.

നിലവിലുള്ള കെട്ടിടത്തിന്റെ ഘടന ഒരു ഓഫീസായി പ്രവർത്തിപ്പിക്കുന്നതിന് ഉതകുന്ന രീതിയിലല്ല എന്നുള്ളതാണ് വസ്തുത. സർക്കാർബഡ്ജറ്റ് പ്രൊവിഷനിൽഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച് പുതിയ മുൻസിപ്പൽ ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുളളതാണ്. സമയബന്ധിതമായി ഈ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്നതിന് കെ-സ്മാർട്ട് എന്ന സോഫ്റ്റ്വെയർ ആരംഭിച്ചിട്ടുണ്ട്. 2024 ജനുവരി 1 ന് ഈ സോഫ്റ്റ് വെയർ നഗരസഭയിൽ ആരംഭിച്ചിട്ടുണ്ട്. കെ സ്മാർട്ട് ആപ്ലിക്കേഷൻ വഴി സേവനങ്ങളും, പരാതികളും, അപേക്ഷകളും പൂർണ്ണമായും ഓൺലൈനായി സമർപ്പിക്കുന്നതിനും, നിലവിൽ അപേക്ഷയുടെ സ്റ്റാറ്റസ് അറിയുന്നതിനും , സേവനം സമയബന്ധിതമായി ലഭിക്കുന്നതിനും സാധിക്കും.

## കൃഷിയും അനുബന്ധ മേഖലകളും

തൃശൂർ ജില്ലയുടെ തീരദേശ മേഖലയിൽ എറണാകുളം ജില്ലയുമായി അതിരുപങ്കിടുന്ന ഒരു പ്രദേശമാണ് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി മുൻകാലങ്ങളിൽ കേരകൃഷിയും, നെൽകൃഷിയുമായിരുന്നു ഈ പ്രദേശത്തെ പ്രധാന കാർഷിക വൃത്തികൾ. എന്നാൽ 1970 – 80 കാലഘട്ടങ്ങളിൽ നെൽപ്പാടങ്ങൾ ഭൂരിഭാഗവും നിരത്തപ്പെടുകയും തോട്ടവിളകളായ തെങ്ങ്, ജാതി, കവുങ്ങ് എന്നിവയുടെ കൃഷി ആരംഭിക്കുകയും ചെയ്തു.

ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന ജീവിത മാർഗ്ഗം കൃഷിയും, മത്സ്യബന്ധനവും ആയിരുന്നു. കാലക്രമേണ ഉല്പാദനമേഖലയേക്കാൾ പ്രാമുഖ്യം മറ്റുമേഖലകൾ കൈവരിച്ചതോടെ കാർഷിക മേഖല പിന്നോക്കമായി. ഇത് കണക്കിലെടുത്ത് ജൈവരീതിയിലുള്ള കൃഷികൾക്ക് പ്രാധാന്യം കൊടുത്ത് ഇപ്പോൾ ഭക്ഷ്യസുരക്ഷ ഉറപ്പാക്കി വരുന്നു. കൂടാതെ പൊക്കാളി കൃഷി വ്യാപിപ്പിക്കാനും, പൊട്ടുവെള്ളരി കൃഷിക്ക് മുൻഗണന കൊടുത്ത് പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും വേണ്ട നവീന പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്

.

സംഘകൃഷി വ്യാപകമായി പ്രോത്സാഹിപ്പിച്ച് പച്ചക്കറി ഉൽപാദിപ്പിക്കുന്നതിനുള്ള ശാസ്ത്രീയ പദ്ധതികളുടെ രൂപീകരണം ജൈവവള നിർമ്മാണം ഗ്രൂപ്പ്/ സംഘം അടിസ്ഥാനത്തിൽ ചെയ്യുന്നതിന്റെ വിപുലമായ സാധ്യതകളെ ഉപയോഗപ്പെടുത്തൽ, കാർഷികയന്ത്രവൽക്കരണം ശാസ്ത്രീയമായി നടപ്പിലാക്കൽ, തരിശുഭൂമി ഏറ്റെടുത്ത് വ്യാപകമായി കൃഷി ചെയ്യൽ പ്രവർത്തനങ്ങളിലൂടെ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ 44 വാർഡുകളിലേയും കാർഷിക മേഖല പുനരുജ്ജീവനം സാധ്യമാക്കാൻ കഴിയും.

കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ ചില സ്ഥലങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷികൾ നശിക്കുന്നതുമൂലം കർഷകർ ബുദ്ധിമുട്ടിലാണ്. ഇത് പരിഹരിക്കുന്നതിനു വേണ്ടി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ബണ്ട്, ചീപ്പ് നിർമ്മിക്കുന്നതിനു പ്രഥമപരിഗണന നൽകേണ്ടതാണ്. ഇത്രയും പ്രവർത്തികൾക്ക് മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിയാൽ കൊടുങ്ങല്ലൂരിന്റെ കാർഷിക മേഖല അഭിവൃദ്ധിപ്പെടുന്നതാണ്.

## ദാരിദ്ര്യ ലഘൂകരണം, ചേരിപരിഷ്കരണം

ദാരിദ്ര്യം എന്ന പ്രതിഭാസത്തെ നിർവചിച്ചിരിക്കുന്നത് പല തരത്തിലാണ്.മനുഷ്യോചിതമായ നിലനില്പിന് ആവശ്യമായ മിനിമം അടിസ്ഥാന ജീവിതാവശ്യങ്ങൾ ലഭ്യമല്ലാത്ത അവസ്ഥയെ പ്രാഥമിക ദാരിദ്ര്യം (primary proverty) എന്ന് വിളിക്കുന്നു.ജീവിതവും നിലനിർത്താനാവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആര്യോഗസംരക്ഷണം എന്നിവയെ ലഭ്യമല്ലാത്ത അവസ്ഥയെ കേവലദാരിദ്ര്യം എന്നു വിളിക്കാം.എന്നാൽ സമൂഹത്തിൽ ജനങ്ങൾ പലതട്ടിലാണ് ജിവിക്കുന്നത്. മുകൾത്തട്ടിലുള്ളവരുടെ ജീവിതസ്ഥിതി ഏറ്റവും താഴെ തട്ടിലുള്ള ജനങ്ങളുടെ സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോഴാണ് ആപേക്ഷിക ദാരിദ്രം (Relative proverty) എന്ന പ്രതിഭാസം തെളിയുന്നത്.ഇതിന് താഴെ തട്ടിലെ പത്ത് ശതമാനം ജനങ്ങളുടെ സ്ഥിതിയെ മുകൾതട്ടിലെ പത്ത് ശതമാനം ജനങ്ങളുടെ സ്ഥിതിയുമായി താരതമ്യം ചെയ്യുന്നതിനുപരി പത്ത് ശതമാനം വീതം വരുന്ന ഓരോ തട്ടിലുമുള്ള ജനങ്ങളുടെ സ്ഥിതിയുമായി താരതമ്യപെടുത്താവുന്നതാണ്.സമൂഹത്തിൽ ദാരിദ്രത്തിന്റെ കാര്യത്തിൽ പോലും നിലനൽക്കുന്ന അസമത്വം ഇതിൽ നിന്നു മനസ്സിലാക്കാം പ്രത്യേകിച്ചും സാമ്പത്തിക പുരോഗതി ഉണ്ടാകുമ്പോൾ ആപേക്ഷിക ദാരിദ്ര്യം ഓരോ തട്ടിലുള്ള ജനവിഭാവങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്നു മനസ്സിലാക്കാൻ ഈ നിർവച്ചനം സഹായിക്കുന്നു.

ദാരിദ്രവും അസമത്വവും ബന്ധപ്പെട്ടുകിടക്കുന്നു.എന്നാൽ ഇതിൽ ഒരു പ്രശ്നം പരിഹരിച്ചാൽത്തന്നെയും മറ്റേ പ്രശ്നം പരിഹരിക്കപ്പെടണമെന്നില്ല.ഇന്ന് സമൂഹത്തിൽ വിവിധ തലങ്ങളിൽ സങ്കീർണമായ വിവേചനവും അസമത്വവും അനീതിയും നിലനിൽകുന്നു. വർഗം, ലിംഗം, ജാതി, മതം എന്നിങ്ങനെ പല ഘടകങ്ങളുടേയും അടിസ്ഥാനത്തിൽ ജനങ്ങളെ പലതട്ടുകളായി വിഭജിച്ചു നിർത്തിയിരിക്കുന്നു.പൊതുവേ പറഞ്ഞാൽ ദാരിദ്ര്യത്തിന്റെ നിലവാരത്തിലും വിതരണത്തിലും അസമത്വം നിലനിൽക്കുന്നു. ഉദാഹരണത്തിന് ആദിവാസികൾ പട്ടികജാതി–പട്ടികവർഗക്കാർ, പിന്നോക്ക ജാതികൾ, ഭൂരഹിത കർഷകത്തൊഴിലാളികൾ, മുക്കുവർ, തെങ്ങുകയറ്റത്തൊഴിലാളികൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾ, കൈത്തൊഴിൽ ചെയ്തു ജീവിക്കുന്നവർ, പൂർണമായും തൊഴിലില്ലാത്തവർ എന്നിവരൊക്കെ ദാരിദ്ര്യത്തിന്റെ പിടിയിലാണ്.ജീവിതത്തിൽ അനുഭവപ്പെടുന്നതും ഏതു സമയത്തും ഉണ്ടായേക്കാവുന്നതുമായ ശാരീരിക– മാനസിക– സാമൂഹിക– സാമ്പത്തിക പരാധീനതകൾക് തക്കസമയത്ത് പരിഹാരം നൽകി നീതിയും പരിരക്ഷയും നല്കുന്ന സ്ഥിതി ഉണ്ടായാലേ ദാരിദ്ര്യം എന്ന പ്രതിഭാസത്തെ പൂർണ്ണമായും തുടച്ചുനീക്കാൻ കഴിയൂ എന്ന് ചിലർ വാദിക്കുന്നു. പട്ടിണി, ദാരിദ്ര്യം അനാരോഗ്യം തൊഴിലില്ലായ്മ,പ്രസവം, കുട്ടികളുടെ പരിചരണം, അപകടങ്ങൾ, മുറിവുകൾ ശാരീരിക അംഗവൈകല്യം മാനസികാരോഗ്യത്തകർച്ച, മാറാരോഗങ്ങൾ, വൈധവ്യം എന്നിവ സമൂഹത്തിലെ

സമ്പന്നരുടെ കാര്യത്തിലൊഴികെ പരിഹരിക്കാൻ വിഷമമുള്ള പ്രതിഭാസങ്ങളാണ്.ഭൂരിപക്ഷം ജനങ്ങളും ഇവ പരിഹരിക്കാൻ കഴിയാതെ കഷ്ടപ്പെടുന്നവരാണ്. ഈ ഭൂരിപക്ഷത്തിന്റെ സാമൂഹിക ഘടന സങ്കീർണമാണ്. അനാഥർ അബലർ, നിരാലംബർ, വിധവകൾ അംഗവൈകല്യമുള്ളവർ വയോധികർ മനോരോഗികൾ സാംക്രമിക രോഗമുള്ളവർ ഭിക്ഷക്കാർ, തെരുവ് കുട്ടികൾ, നിരക്ഷകർ, വൈദഗ്ദ്യവും പ്രവർത്തനശേഷിയും ഇല്ലാത്തവർ, തൊഴിൽ ഉണ്ടെങ്കിലും മിനിമം ജീവിതാവശ്യങ്ങൾ നിറവേറ്റാൻ വേണ്ടവരുമാനമില്ലാത്തവർ, തൊഴിൽ നഷ്ടപ്പെട്ടവർ, സാമൂഹികമായും സാമ്പത്തികമായും താഴെ തട്ടിലും അതിർവരമ്പുകളിലും പിന്നാമ്പുറത്തും ജീവിതം തള്ളി നീക്കുന്നവർ പട്ടികവർഗക്കാർ ആദിവാസികൾ പരമ്പരാഗത കൃഷി – വ്യവസായം – മത്സ്യബന്ധനം എന്നീ മേഖലകളിൽ ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി രാപ്പകൽ അധ്വാനിക്കുന്നവർ പരമദരിദ്രർ എന്നിവർ അടങ്ങുന്ന ഒരു സമൂഹമാണ് ഇവിടെ ഉള്ളത്. മിനിമം വരുമാനം ഉപഭോഗച്ചെലവ് കലോറി മൂല്യം എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രം ഒതുങ്ങി ദരിദ്രരുടെ അനുപാതം കണക്കാക്കുന്നത്.ശരിയല്ലായെന്ന് കേരളത്തിന്റെ സ്ഥിതി പഠിക്കുന്ന മിക്കവരും വാദിക്കുന്നു.എല്ലാം കൊണ്ടും കേരളത്തിലെ സ്ഥിതി പഠിക്കുന്ന മിക്കവരും വാദിക്കുന്നു. എല്ലാം കൊണ്ടും കേരളത്തിലെ സ്ഥിതി വളരെ മെച്ചമാണെന്നു കാണാം. ഇതിനു പ്രധാനകാരണം വിദ്യാഭ്യാസം (പ്രത്യേകിച്ച് പെൺകുട്ടികളുടേത്), പൊതുജനാരോഗ്യസംവിധാനങ്ങൾ, പൊതുവിതരണ ശൃംഖല വഴി ഉറപ്പാക്കിയ ഭക്ഷ്യസുരക്ഷ എന്നീ മേഖലകളിൽ സ്റ്റേറ്റ് നടത്തിയ ഇടപെടലുകളാണ്. കൂടാതെ ഇവിടെ ഉണ്ടായിട്ടുള്ള സാമൂഹ്യ നവോത്ഥാന നടപടികൾ ജനകീയ പ്രക്ഷോഭങ്ങൾ(Popular struggle) മെച്ചപ്പെട്ട സാമ്പത്തിക വളർച്ച എന്നിവയും ദാരിദ്ര്യനിർമ്മാർജനത്തിൽ ഗണ്യമായ പുരോഗതിയുണ്ടാക്കാൻ കേരളത്തെ സഹായിച്ചു. 1999–ൽ കേരളത്തിൽ ഗ്രാമതലത്തിൽ ദാരിദ്ര്യം ഏതാണ്ട് 9.4 ശതമാനവും നഗരതലത്തിൽ 19.8 ശതമാനവുമായിരുന്നു.

## ചേരിപരിഷ്ക്കരണം

സമൂഹത്തിന്റെ ഏറ്റവും താഴെ തട്ടിലുള്ള പരമദരിദ്രവിഭാഗത്തിൽപെട്ടവരാണ് പുറം പോക്കുകളിൽ രൂപപ്പെട്ടുവരുന്ന ചേരികളെ ജീവിതത്തിനായി ആശ്രയിക്കുന്നത്. കുടിവെള്ളം, കക്കൂസ്, പരിസരശുചിത്വം, വൈദ്യുതി, റോഡ് തുടങ്ങി ജീവിതത്തിനാവശ്യമായ അത്യന്താപേക്ഷിത സൗകര്യങ്ങൾ ഒന്നും തന്നെ ചേരികളിൽ ലഭ്യമാവുകയില്ല. തികച്ചും അരക്ഷിതവും അമാന്യവുമായ അവസ്ഥയിൽ കഴിയുന്ന ഈ ദരിദ്ര ജനവിഭാഗത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ചേരിപരിഷ്ക്കരണത്തിലൂടെ ഉദ്ദേശിക്കുന്നത്.

ചേരി നിൽക്കുന്ന പ്രദേശത്തെ നിലവിലുള്ള കുടിലുകൾ മാറ്റി ഫ്ളാറ്റ് സമ്പ്രദായത്തിൽ വീടുകൾ നിർമ്മിച്ച് ചേരിനിവാസികൾക്ക് നൽകുന്ന പദ്ധതിയാണ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. കൊടുങ്ങല്ലൂർ പാലത്തിന്റെ കൈഭാഗത്തുള്ള കോളനിയിലെ ചേരി നിവാസികൾ പുതിയ വീടുകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്ന പദ്ധതി നഗരസഭ നടപ്പിലാക്കിയിട്ടുണ്ട്. കാവിൽകടവിൽ ലാസ്റ്റിംഗ് പ്ലേസിലുള്ള ചേരി പ്രദേശത്തെ വീടുകൾ പൊളിച്ചു മാറ്റി 6 കുടുംബങ്ങൾക്കായി ഒരു ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ചിട്ടുണ്ട്. ബാക്കി 6 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് മറ്റൊരു ഫ്ളാറ്റിന്റെ നിർമ്മാണം കൂടി പുരോഗമിക്കുകയാണ്. ഇതോടൊപ്പം തന്നെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കൂടി ഒരുക്കേണ്ടതാണ്.

## മൃഗസംരക്ഷണം / ക്ഷീര വികസനം

ഒരു ജനസമൂഹത്തിന്റെ പുരോഗതിക്കും ആരോഗ്യപരമായ മുന്നേറ്റത്തിനും മുഖ്യപങ്കുവഹിക്കുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണം.മൃഗസംരക്ഷണവും കൃഷിയും മുഖ്യതൊഴിലായിട്ടുള്ള ഒരു വലിയ കർഷകസമൂഹം നമുക്കുണ്ട്. പാലും മുട്ടയും ഇറച്ചിയും ഇന്നത്തെ സമൂഹത്തിന്റെ ആരോഗ്യത്തിനുള്ള അവിഭാജ്യഘടകമായി മാറിയിരിക്കുന്നു.

എന്നാൽ 2012–13 മുതൽ കന്നുകാലി/പക്ഷികൾ വളർത്തുന്നവരുടെ എണ്ണത്തിൽ വലിയൊരു മാറ്റം 2016–17 ആകുമ്പോൾ കാണുവാൻ സാധിക്കും. ഒരു പ്രദേശത്തിനാവശ്യമായ പാൽ, മുട്ട, ഇറച്ചി എന്നിവ ആ പ്രദേശത്തുതന്നെ ഉത്പാദിപ്പിക്കണമെങ്കിൽ, ഇവയുടെ ഉൽപാദനവർദ്ധനവ് വലിയ തോതിൽ അത്യന്താപേക്ഷിതമാണ്.

കന്നുകാലികൾ/പക്ഷികൾ എന്നിവയുടെ എണ്ണത്തിലുള്ള വർദ്ധനവ്, മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ എണ്ണത്തിലുള്ള വർദ്ധനവ്, എന്നിവ ഓരോ വർഷവും ഉണ്ടാകേതാണ്. പുതിയതായി ഈ മേഖലയിലേക്ക് പല കർഷകരും കടന്നുവരുന്നുവെങ്കിലും അവരെ സാമ്പത്തികമായി സഹായിക്കുവാൻ ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുക എന്നത് അത്യാവശ്യമാണ്.

മുൻവർഷങ്ങളിൽ നിന്ന് കർഷകർ മേഖലയിൽ കുറഞ്ഞു വരുന്നതിനുള്ള മുഖ്യകാരണങ്ങൾ കാലിത്തീറ്റയുടെ വില വർദ്ധനവ്, പാലുല്പാദനത്തിന് ആനുപാതികമായി പാലിന് വില ലഭിക്കാതെ വരുക, കന്നുകാലി/പക്ഷി എന്നിവയുടെ വില വർദ്ധനവ് എന്നിവയാണ്.

2012–13 മുതൽ തുടർച്ചയായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നതിലൂടെ കാലിത്തീറ്റ വിലവർദ്ധനവിൽ നിന്നും കർഷകരെ സഹായിക്കുവാൻ വലിയൊരളവുവരെ സാധിച്ചിട്ടുണ്ട്. കിടാരികളുടെ ശാസ്ത്രീയ പരിപാലനത്തിനും പ്രദേശത്തെ പാലുല്പാദന വർദ്ധനവിനും പദ്ധതി ഉപകരിച്ചിട്ടുണ്ട്.

പാലുല്പാദന വർദ്ധനവിനായി, മേൽപറഞ്ഞ പദ്ധതി കൂടാതെ പശു/കിടാരി വിതരണം, പാലിന് സബ്സിഡി നൽകൽ, തീറ്റ പുൽകൃഷി, ധനസഹായം, കന്നുകാലികൾക്ക് ഗർഭകാല സംരക്ഷണം എന്നിവ പ്രയോജനപ്പെടുന്നവയാണ്. മുട്ടയുല്പാദന വർദ്ധനവിനായി കർഷകർക്ക് കോഴികളെ സബ്സിഡി നിരക്കിൽ നൽകാവുന്നതാണ്.

മരുന്നുകളുടെ വില ദൈനം ദിനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, മൃഗാശുപത്രികൾക്ക് മരുന്നു വാങ്ങാൻ പദ്ധതി 2014–15 മുതൽ എല്ലാ വർഷവും നടപ്പിലാക്കി വരുന്നതിനാൽ കർഷകർക്ക് സൗജന്യമായി മരുന്നു വിതരണം നടത്തുവാൻ സാധിക്കുന്നുണ്ട്. കന്നുകാലികളുടെ പരിരക്ഷക്ക് കന്നുകാലി ഇൻഷൂറൻസ് പദ്ധതിയും നടപ്പിലാക്കാവുന്നതാണ്.

പ്രവാസികൾക്ക് മൃഗ സംരക്ഷണ, ക്ഷീര മേഖലയിൽ 100 ശതമാനം സബ്സിഡിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## സാമൂഹിക നീതി

കഴിഞ്ഞ 20 വർഷങ്ങൾക്കു ശേഷം 1996–97 കാലയളവിൽ കൊടുങ്ങല്ലൂർ നഗരസഭയിലെ ബാലവാടികളും മഹിളാ സമാജങ്ങളുമായിരുന്നു സ്ത്രീകളുടെയും കുട്ടികളുടെയും വയോജനങ്ങളുടെയും ക്ഷേമത്തിനും സുരക്ഷയ്ക്കുമായി പ്രവർത്തിച്ചിരുന്ന മേഖലകൾ. അക്കാലയളവിൽ ഉയരം തൂക്കം എന്നിവയുടെ അടിസ്ഥാനത്തിൽ ഗർഭിണികളെയും കുട്ടികളെയും ഗ്രാമസേവകരുടെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത് ആണ് പോഷകാഹാര പദ്ധതികൾ നടത്തിയിരുന്നത്. സ്ത്രീകൾക്കു വേണ്ടി പോഷകാഹാര ക്യാമ്പുകൾ, പാചക ക്ലാസുകൾ, സെമിനാറുകൾ, വയോജനങ്ങൾക്ക് ബോധവൽക്കരണത്തിന്റെ ഭാഗമായി സിനിമകൾ, ദ്വിദിന ക്യാമ്പുകളായിട്ടാണ് നടത്തിയിരുന്നത്. പ്രതിരോധ കുത്തിവെയ്പുകളും നടത്തിയിരുന്നു.

കുടുംബക്ഷേമത്തിന്റെ ഭാഗമായി ബാലവാടിയിലെ ഗുണഭോക്താക്കൾക്ക്, ആട്, കോഴി എന്നിവ വിതരണം ചെയ്യുകയും സൈക്ലിംഗ് സിസ്റ്റം പോലെ കുഞ്ഞുങ്ങളെ മറ്റൊരാൾക്ക് എന്ന രീതിയിലായിരുന്നു വിതരണം ചെയ്തിരുന്നത്. ക്യാമ്പുകൾ നടത്തിയിരുന്നപ്പോൾ ഡോക്ടർമാരുടെ സാന്നിധ്യത്തിൽ വൈദ്യപരിശോധനയും കുത്തിവെയ്പുകളും കൂടാതെ സ്ത്രീകൾക്കും, വയോജനങ്ങൾക്കും കുട്ടികൾക്കും സോയ ഓയിൽ, കമ്പപൊടി, ഗോതമ്പ്, പാൽപ്പൊടി, പാൽ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. വനിതകൾക്ക് കമ്പ്യൂട്ടർ സാക്ഷരതയും തയ്യൽ പരിശീലന ക്ലാസുകളും നടത്തിയിട്ടുണ്ട്. (കുടുംബശ്രീ) വയോജനങ്ങൾക്ക് കഞ്ഞിയും പയറും കൊടുത്തിരുന്നു.

2005–06 വർഷത്തിൽ നഗരസഭയിൽICDS–ന്റെ പ്രവർത്തനം തുടങ്ങിയപ്പോൾ നഗരസഭ പ്രദേശത്ത് 34 അങ്കണവാടികളും അതിൽ ഏറെ കുറെ സെന്ററുകളും വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. ഗുണഭോക്താക്കളായി ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, പ്രീ–സ്കൂൾ, കൗമാരകുട്ടികൾ, 6,3 Yr കുട്ടികൾക്കും പോഷകാഹാരവിതരണവും ഉണ്ടായിരുന്നു. വയോജനങ്ങൾക്ക് ടിഎച്ച്ആർ ആയി അരി, പയർ, എണ്ണ എന്നിവയും ആയുർവ്വേദ മരുന്നുകളും കൊടുത്തിട്ടുണ്ട്.

തുടർന്ന് കൗമാരകുട്ടികൾക്ക് BMI യുടെ അടിസ്ഥാനത്തിൽ റാഗി, ശർക്കര എന്നിവയും കൊടുത്തിട്ടുണ്ട്. അങ്കണവാടിയിലേക്ക് കസേര, പാകം ചെയ്യുന്നതിനുള്ള അലൂമിനിയ പാത്രങ്ങൾ, വാട്ടർ ടാങ്ക്, കളിയുപകരണങ്ങൾ, സ്റ്റോറേജ് കൺടെയ്നർ, ഗ്യാസ് സ്റ്റൗ മുതലായവയും തരികയും ചെയ്തിട്ടുണ്ട്. ശേഷം കെട്ടിടം നിർമ്മിക്കുന്നതിലേക്കായി നാട്ടിലെ സന്നദ്ധരായ വ്യക്തികളും സംഘങ്ങളും സ്ഥലം സ്പോൺസർ ചെയ്യുകയും സർക്കാർ ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണവും നടത്തിയിട്ടുണ്ട്. മുനിസിപ്പൽ ഫണ്ട്, പ്ലാൻഫണ്ട്, എംഎൽഎ ഫണ്ട് എന്നിങ്ങനെ എംപി ഫണ്ട് വരെ കിട്ടി കെട്ടിട നിർമ്മാണം നടത്തുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും വരുന്നു.

വയോജനങ്ങൾക്ക് ആയുർവ്വേദ മരുന്നുകളും കൗമാരകുട്ടികളെയും അവരുടെ അമ്മമാരെയും കൂട്ടി ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുകയും (1day) ചെയ്തിട്ടുണ്ട്. കൗമാരക്കാർക്ക് ഒരു മാസത്തെ തൊഴിൽ പരിശീലനവും ഇതുവഴി അവർക്ക് തൊഴിലും വരുമാനവും എന്ന രീതിയിൽ ക്ലാസുകൾ നടത്തുകയും ഒരു മാസത്തെ കോഴ്സ് പൂർത്തിയാക്കിയവർക്ക് ഗവൺമെന്റ് സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ബാലികാ സമൃദ്ധി യോജന (BSY) കുട്ടികളെ അർഹരായവരെ തെരഞ്ഞെടുക്കുകയും പോസ്റ്റ് ഓഫീസിൽ രജിസ്റ്റർ ചെയ്യുകയും സമ്പാദ്യപദ്ധതിയിൽ പങ്കാളികളാക്കുകയും 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് സർക്കാർ നിക്ഷേപിക്കുന്ന 500/– രൂപ വർദ്ധിച്ച് മുതലും പലിശയും കൂടി കിട്ടുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

അങ്കണവാടികൾക്കായി നഗരസഭ ഓരോ സാമ്പത്തിക വർഷവും നല്ലൊരു തുക നീക്കി വയ്ക്കുകയും പ്രീസ്കൂൾ കുട്ടികൾക്ക് പോഷകാഹാരത്തിന്റെ ഭാഗമായി രാവിലെ 10 മണിക്ക് 1 ഗ്ലാസ് പാൽ എന്ന തോതിലും മുട്ടയും കൊടുത്തിരുന്നു. 2011–12 കാലയളവിൽ വികലാംഗരെ കണ്ടെത്തുകയും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും സർട്ടിഫിക്കറ്റും മെഡിക്കൽ കാർഡ് വിതരണവും നടത്തി. ഇതു മുഖാന്തിരം വികലാംഗർക്ക് വികലാംഗ പെൻഷൻ പദ്ധതികളിലും പങ്കാളികളാക്കി. ഈ കാർഡ് വിതരണത്തിലൂടെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി അവരുടെ വൈകല്യത്തിനനുസരിച്ച് വിദ്യാഭ്യാസ സ്കോളർഷിപ്പുകളും കൊടുത്തുവരുന്നു. Hearing Aid, Try Cycle എന്നിവയും ഇവർക്കായി നഗരസഭയും സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് നടപ്പാക്കി വരുന്നു.

സൈബർ കുറ്റകൃത്യങ്ങൾ കൂടുതലായി നടക്കുന്നതിനാൽ കൗമാരക്കാർക്ക് ബോധവൽക്കരണ സെമിനാറുകളും ക്യാമ്പുകളും നടത്തി. കൂടാതെ കുട്ടികൾക്ക് ഫർണിച്ചറുകളും എല്ലാ അങ്കണവാടികൾക്കും സ്ലൈഡറും ലഭ്യമാക്കിയിട്ടുണ്ട്. ഓരോ അങ്കണവാടികൾ തോറും ജാഗ്രതാ സമിതികൾ കൂടുകയും അതിലെ അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെറിയ രീതിയിലുള്ള പ്രശ്നങ്ങൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. പോഷകാഹാര പ്രദർശനവും ശിൽപ്പശാലകളും നടത്തി കൊണ്ട് ചിലവുകുറഞ്ഞതും ഗുണമേന്മയേറിയതും വിഷമില്ലാത്തതുമായ വിഭവങ്ങളുടെ ഒരു കലവറ തന്നെ ഒരുക്കി.

ECCEയുടെ ഭാഗമായി അമ്മമാർക്ക് അങ്കണവാടി തലത്തിൽ ശൈശവകാലപരിചരണവും വിദ്യാഭ്യാസവും എന്ന രീതിയിൽ മാസം തോറും ക്ലാസുകളും വിവിധങ്ങളായ കൈവേലകളും ഉണ്ടാക്കി കുട്ടികൾക്കും ഉപകാരപ്പെടുന്ന രീതിയിൽ നടത്തുകയും ചെയ്തു. ഒക്ടോബർ–1 വയോജന ദിനം ആയി ആചരിക്കുകയും വൃദ്ധർക്ക് ഒരു ദിവസത്തെ പരിപാടിയായി അവരുടെ പൂർവ്വകാല അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനുള്ള ഒരു വേദിയാക്കുകയും പ്രഷർ, ഷുഗർ എന്നിവ ടെസ്റ്റ് ചെയ്യുകയും ഭക്ഷണം–വിഭവസമൃദ്ധമായ സദ്യയും ഒരുക്കി അവരെ സന്തോഷിപ്പിച്ചു. എല്ലാ കുട്ടികൾക്കും ആധാർ നിർബന്ധമാക്കുകയും വളരെയധികം കുട്ടികൾക്ക് ആധാർ ലഭിക്കുകയും അതിനായി പല ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. ഇനിയും എടുക്കാത്തവർക്ക് നിർദ്ദേശങ്ങൾ കൊടുത്തുവരുന്നു.

അടുത്ത പഞ്ചവത്സരപദ്ധതിയിൽ സ്ത്രീസുരക്ഷയ്ക്കാവശ്യമായ ബോധവൽക്കരണ ക്യാമ്പുകളും ആത്മധൈര്യവും സമൂഹത്തിൽ സ്ത്രീ എങ്ങിനെയുള്ളവയാളാണെന്നും എന്നുള്ള ഒരു തിരിച്ചറിവനായുള്ള വിവിധ പദ്ധതികളും ഇന്ന് നടന്നു കൊണ്ടിരിക്കുന്നു. സ്ത്രീകളോടും കുട്ടികളോടുമുള്ള ക്രൂരതയെ എങ്ങിനെ നേരിടാമെന്നുമുള്ള അറിവ് എത്തിക്കുന്നതിനുള്ള കാര്യങ്ങൾ നടപ്പിലാക്കണം. വനിതാ വിശ്രമകേന്ദ്രം, സ്ത്രീ ടോയ്ലറ്റ് എന്നിവ നിർബന്ധമായും നടപ്പിലാക്കണം. വൃദ്ധർക്ക് മരുന്നും മെഡിക്കൽ ക്യാമ്പുകളും നടപ്പിലാക്കണം. ഇതിനായി മേത്തലയിൽ ഒരു പകൽ വീടും ഒരെണ്ണം നാരായണമംഗലത്തും പ്രവർത്തിക്കുന്നുണ്ട്. വയോമിത്രം പദ്ധതിയും നടപ്പിലാക്കണം. ഇതു കൂടാതെ വയോജനങ്ങൾക്ക് പകൽ വീടുകളും കാഴ്ച, കേൾവി എന്നിവ പരിശോധിച്ച് സൗജന്യ ഉപകരണങ്ങളും വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കണം.

കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം പണിയുകയും വാടകയ്ക്ക് നടത്തുന്ന അങ്കണവാടികളുടെ വാടക തുക അധികമായി വരുന്നത് നഗരസഭ ഏറ്റെടുത്ത് വാടക തുക അനുവദിച്ചുതരുകയും വേണം. അങ്കണവാടയുടെ ചുവരുകൾ വിവിധങ്ങളായ കലാരൂപങ്ങൾ, കഥാചിത്രങ്ങൾ എന്നിവ കൊണ്ട് അലങ്കരിക്കുകയും വിവിധങ്ങളായ നിറങ്ങൾകൊണ്ട് സൗന്ദര്യവൽക്കരിക്കുകയും ചെയ്യണം. കുട്ടകൾക്ക് കളിയുപകരണങ്ങളും കെട്ടിടമുള്ളതും കറന്റ് കണക്ഷൻ ലഭിച്ചതുമായ അങ്കണവാടികൾക്ക് കമ്പ്യൂട്ടറും പ്രിന്ററും നൽകുന്നതിനാവശ്യമായ നടപടികളെടുക്കണം. അങ്കണവാടി ഹെഡ് ക്വാർട്ടേഴ്സിൽ മീറ്റിംഗ് നടത്തുന്നതിനാവശ്യമായ കസേരകൾ 100 എണ്ണം എങ്കിലും

ആവശ്യമാണ്. കുട്ടികൾക്ക് ചാരുബഞ്ച്, ഡസ്ക് എന്നിവയും ഭക്ഷണം കഴിക്കുന്നതിനാവശ്യമായ സ്റ്റീൽ പാത്രങ്ങൾ, ഗ്ലാസ്സ് എന്നിവയും വേണം. (സ്റ്റീൽ പാത്രങ്ങൾ അങ്കണവാടി ആരംഭിച്ചപ്പോൾ നൽകിയതാണ്) ഭിന്നശേഷിക്കാരായവർക്ക് അവരുടെ സംരക്ഷണ ചുമതല അമ്മമാർക്ക് ആയതിനാൽ സ്വയം തൊഴിൽ ചെയ്യുന്നതിന് ചെറിയ രീതിയിലുള്ള വ്യവസായ യൂണിറ്റ് അനുവദിച്ചു കൊടുക്കണം. ഇതുവഴി കഷ്ടതയനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഇവരുടെ സംരക്ഷണവും ചെറിയ വരുമാന മാർഗ്ഗവും കണ്ടെത്താം. ഇവരുടെ വ്യക്തിത്വ വികാസത്തിനും ബുദ്ധിപരമായ ഉള്ള കഴിവുകൾ വികസിപ്പിക്കുന്നതിനും ആവശ്യമായ കർമ്മ പദ്ധതികൾ സാമൂഹ്യ നീതി വകുപ്പുമായി നടപ്പിലാക്കുന്നുണ്ട്.

## വനിതാ വികസനം

ജനസംഖ്യയുടെ പകുതി വരുന്ന സ്ത്രീ സമൂഹം വരുമാനമില്ലാത്ത, തൊഴിലില്ലാത്ത, അധികാരമില്ലാത്ത, സ്വയം നിർണ്ണയാവകാശമില്ലാത്ത സുരക്ഷിതത്വമില്ലാത്ത, സ്വത്തവകാശമില്ലാത്ത വിഭാഗമായി തുടരുന്നു. ഇന്ത്യൻ ജനാധിപത്യത്തെ അർത്ഥരഹിതമാക്കി മാറ്റുന്ന വിവേചനങ്ങളാണ് ഇന്ത്യൻ സ്ത്രീ അനുഭവിക്കുന്നത്. അടിമത്തവും ജന്മിത്തവും മുതലാളിത്തവും സാമ്രാജ്യത്വവും കൂടിക്കലർന്ന ഇന്ത്യൻ സാമൂഹ്യാവസ്ഥയുടെ അനിവാര്യഭാഗമാണ് പുരുഷാധിപത്യം. വർഗ്ഗപരവും സാമൂഹ്യവുമായ രൂക്ഷമായ അടിച്ചമർത്തൽ അനുഭവിക്കുന്ന സ്ത്രീകളുടെ ജീവിതം, നവ ഉദാരവൽക്കരണത്തിലൂടെ കൂടുതൽ യാതനാ പൂർണ്ണമായിരിക്കുന്നു. ദാരിദ്ര്യത്തിന്റെയും തൊഴിലിന്റെയും സ്ത്രൈണ വൽക്കരണം ഗുരുതരമായ സാമൂഹ്യ വികസന പ്രതിസന്ധിക്ക് ഇടയാക്കുന്നു. ലിംഗനീതി ഒരു വികസന പ്രശ്നമായി കണക്കാക്കിയാൽ മാത്രമേ ജനാധിപത്യം പൂർണ്ണമാകുകയുള്ളൂ.

കേരളം ലിംഗാനുപാതത്തിൽ ഉൾപ്പെടെ മറ്റ് സംസ്ഥാനങ്ങളേക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലാണ്. സാക്ഷരത, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് തുടങ്ങിയവയിലൊക്കെ വികസിത രാജ്യങ്ങൾക്കൊപ്പം എത്തുവാൻ കേരള സ്ത്രീക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ നവോത്ഥാന പ്രക്രിയയും പുരോഗമന രാഷ്ട്രീയവും ഈ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. എന്നാൽ ലിംഗനീതി ഉറപ്പുവരുത്തുന്നതിന് മേൽ സൂചിപ്പിച്ച അഭിമാനർഹമായ കണക്കുകൾ സഹായിച്ചിട്ടില്ല എന്നുള്ളതാണ് കേരളത്തിന്റെ വൈരുദ്ധ്യം. കേരള മാതൃക വിമർശിക്കപ്പെടുന്നതിന്റെ ഒരു പ്രധാന കാരണം ഇവിടുത്തെ സ്ത്രീകളുടെ അശാക്തീകരണമാണ്. സാക്ഷരതയിലും സാർവ്വത്രിക പ്രൈമറി വിദ്യാഭ്യാസത്തിലും സ്ത്രീകൾ മെച്ചപ്പെട്ട അവസ്ഥയിലാണെന്നും മാത്രമല്ല, കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് 75 –80% പെൺകുട്ടികളാണ് പഠിക്കുന്നത്. (സാമ്പത്തിക റിവ്യൂ 2014) എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 22% മാത്രമാണ്. ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായ കുടുംബശ്രീയിലെ അംഗത്വം 40 ലക്ഷമായിരിക്കുമ്പോഴും സ്വയം തൊഴിലിലൂടെ വരുമാനം ഉണ്ടാക്കുന്ന സ്ത്രീകൾ 5% മാത്രമാണ്. അധികാരസ്ഥാനങ്ങളിലെ കേരള സ്ത്രീയുടെ അദൃശ്യതയാണ് ഏറ്റവും പ്രകടം. രാഷ്ട്രീയ, സാംസ്കാരിക, സാമ്പത്തിക സ്ഥാപനങ്ങളുടെ തലപ്പത്ത് സ്ത്രികൾ ഉണ്ടാവുക അത്യപൂർവ്വം. കേരളത്തിന് അവകാശപ്പെടാൻ ഇതുവരെ 3 വനിതാ വൈസ്ചാൻസലർ മാത്രമാണുള്ളത്. സാഹിത്യഅക്കാദമി, പ്രസ്സ് അക്കാദമി, കലാമണ്ഡലം, സംഗീത നാടക അക്കാദമി, കെ.എസ്.എഫ്.ഡി.സി. തുടങ്ങിയ ഏത് സർക്കാർ സ്ഥാപനത്തിന്റെയും ചരിത്രം പരിശോധിച്ചാൽ മേധാവിയായി പുരുഷന് മാത്രമേ ഉണ്ടായിട്ടുള്ളൂ. രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഉന്നത വേദികളിലും സ്ത്രീ സാന്നിദ്ധ്യം ശുഷ്കം. അധ്യാപകർ, ആശ, അംഗൻവാടി, നഴ്സിംഗ് തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നത് ബഹുഭൂരിപക്ഷവും സ്ത്രീകളായിരിക്കുമ്പോഴും സംഘടനാ നേതൃത്വനിരയിൽ ആധിപത്യം പുരുഷനുതന്നെയാണ്. പരമ്പരാഗത ആധുനിക, അസംഘടിത മേഖല സ്ത്രീ ചൂഷണത്തിന്റെ പുതുരൂപങ്ങളിലൂടെ കുപ്രസിദ്ധി ആർജ്ജിച്ചിരിക്കുന്നു. അൺ എയ്ഡഡ്

അധ്യാപകരും സെയിൽസ് ഗേൾസും കടുത്ത തൊഴിൽ ചൂഷണത്തിന് ഇരയാകുന്നു. സ്ത്രീയുടെ ഗാർഹിക അധ്വാനം പൂർണ്ണമായും കനേഷുമാരി കണക്കുകളിൽ അപ്രത്യക്ഷമാണ്. ഒരു സ്ത്രീ വീട്ടിനുള്ളിൽ 4500 രൂപയുടെ ജോലി ചെയ്യുന്നുവെങ്കിലും (ശാസ്ത്ര സാഹിത്യപരിഷത്ത് സ്ത്രീ പദവി പഠനം 2013) ഔദ്യോഗിക വിലയിരുത്തലുകളിൽ ഈ അധ്വാനം മൂല്യരഹിതമാണ്. കുടുംബത്തിൽ സ്ത്രീ ചെയ്യുന്ന തൊഴിൽ, നയരൂപീകരണ ചർച്ചകളിൽ പോലും കടന്നുവരുന്നില്ല. വീടിന് പുറത്ത് വരുമാനമുള്ള തൊഴിലെടുക്കുന്ന സ്ത്രിയെ സംബന്ധിച്ചിടത്തോളം അധ്വാനം ഇരട്ടിയാകുന്നു. അരക്ഷിതമായ പൊതുയിടങ്ങളാണ് കേരളത്തിലുള്ളത്. പൊതുഗതാഗത സൗകര്യം അപര്യാപ്തവും സൗകര്യമില്ലാത്തതുമാണ്. യാത്രകളിൽ സ്ത്രീകൾ പല രൂപത്തിലുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്നു. കൂടാതെ പൊതുടോയ്‌ലറ്റികളുടെയും ഷോർട്ട് സ്റ്റേഹോമുകളുടെയും സുരക്ഷിതമായ വിശ്രമ/കാത്തിരിപ്പ് മുറികളുടെയും അഭാവം സ്ത്രീകളുടെ യാത്രകൾ ദുഷ്കരമാക്കുന്നു. ഇക്കാരണങ്ങളാൽ വീട്ടിൽ നിന്നും അകലെപ്പോയി ജോലി ചെയ്യുവാൻ കഴിയാതെ വീട്ടമ്മമാരായി ചുരുങ്ങുവാൻ നിർബന്ധിക്കപ്പെട്ട വിദ്യാസമ്പന്നരായ സ്ത്രീകൾ നിരവധിയാണെന്ന് പരിഷത്ത് പഠനം പറയുന്നു. വരുമാനമുള്ള തൊഴിലെടുക്കുന്ന സ്ത്രീകൾക്കുള്ള പിന്തുണാ സംവിധാനം കേരളത്തിൽ ലഭ്യമല്ല. ചെലവ് കുറഞ്ഞ ക്രഷറുകളോ പകൽ വീടുകളൊ ആവശ്യവുമായി തട്ടിച്ചു നോക്കുമ്പോൾ ദുർലഭമാണ്. പ്രായമായ രക്ഷിതാക്കളെ നോക്കുന്നതിനായി സ്വയം വിരമിക്ക ൽ സ്വീകരിക്കേണ്ടി വരുന്ന ഉദ്യോഗസ്ഥകളും പ്രസവത്തോടെ ജോലി അവസാനിപ്പിക്കുന്ന പ്രൊഫഷണൽ ബിരുദധാരികളായ യുവതികളും വർദ്ധിച്ചു വരുന്നു.

ഐ.ടി മേഖലയിൽ നിന്നും യുവതികളുടെ കൊഴിഞ്ഞുപോക്കിന്റെ സ്ഥിതി വിവര കണക്ക് തയ്യാറാക്കേണ്ടതാണ്. 50 വയസ്സ് കഴിഞ്ഞ മധ്യവർഗ്ഗ സ്ത്രികളുടെ ജീവിതം കൊച്ചുമക്കൾക്കു വേണ്ടി ഉഴിഞ്ഞുവയ്ക്കുകയും അങ്ങനെ വീടും വീട്ടമ്മവൽക്കരണത്തിന്റെ പുതിയ ഘട്ടം ആരംഭിക്കുന്നതും കേരളത്തിന്റെ പുത്തൻ പ്രവണതകളാണ്. ഗാർഹിക പീഡനത്തിൽ ഇന്ത്യയിൽ കേരളം നാലാം സ്ഥാനത്താണ്. വരുമാനമുള്ള തൊഴിൽ ഒരു സ്ത്രീക്ക് നൽകേണ്ട സാമ്പത്തിക, സാമൂഹിക ശാക്തീകരണം സാധ്യമാകാത്തവിധം പുരുഷാധിപത്യമൂല്യവ്യവസ്ഥ വീട്ടിലും പൊതുസമൂഹത്തിലും ദൃഢമായിരിക്കുന്നു. കുടുംബത്തിനുള്ളിലെ ജനാധിപത്യം എന്നത് സംവാദവിഷയം പോലും ആക്കുന്നതിന് കേരളീയ സമൂഹം തയ്യാറാകുന്നില്ല. ആഗോളവൽക്കരണത്തിനോടൊപ്പം തന്നെ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനിടയിൽ കേരളത്തിൽ വളർന്നുവന്ന ന്യൂനപക്ഷ ഭൂരിപക്ഷ വർഗ്ഗീയ സംസ്കാരം സ്ത്രീയുടെ നേട്ടങ്ങൾക്ക് തിരിച്ചടിയാകുന്നു. കുടുംബത്തെ ഉദാത്തവൽക്കരിക്കാനും പ്രതിലോമകരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും അന്ധവിശ്വാസങ്ങളും നവോത്ഥാന കാലത്തിനും പിന്നിലേക്ക് സ്ത്രീയെ കൊണ്ടുപോകുന്നു. മാധ്യമങ്ങളുടെ സഹായത്തോടെ ക്ഷേത്രാചാരങ്ങൾക്ക് അമിതപ്രാധാന്യം നൽകുകയും ഭക്തിയെ വിൽപ്പനച്ചരക്കാക്കുകയും സ്ത്രീകൾ അത്തരം കെണിയിൽ വീണുപോവുകയും ചെയ്യുന്നു. ശാസ്ത്രബോധവും യുക്തിചിന്തയും നഷ്ടപ്പെടുന്ന സ്ത്രീ സമൂഹം പുത്തൻ വെല്ലുവിളികളെ രാഷ്ട്രീയബോധത്തോടെ ഏറ്റെടുക്കുന്നതിൽ പരാജയപ്പെടുന്നു. പർദ്ദ വൽക്കരണവും ചരട്/ഏലസ് വൽക്കരണവും സ്ത്രീ വിരുദ്ധാശയങ്ങളുടെ വ്യാപനത്തിന്റെ പ്രതിഫലനങ്ങളാണ്. വർത്തമാന ാല ഇന്ത്യയിൽ സ്ത്രീകളുടെ പൗരാവകാശങ്ങൾ ലംഘിക്കപ്പെടുന്നതിന്റെ വ്യക്തമായ സൂചനകളാണ് സ്ത്രികളും പെൺകുട്ടികളുംഅവരുടെ ജീവിതത്തിൽ ഉടനീളം അനുഭവിക്കുന്ന വ്യത്യസ്ത രൂപങ്ങളിലുള്ള അതിക്രമങ്ങൾ. വീടിനുള്ളിൽ തൊഴിലിടങ്ങളിൽ, പൊതുസ്ഥലങ്ങളിൽ അവൾ ആക്രമിക്കപ്പെടുന്നു. കേരളത്തിൽ വർദ്ധിച്ചു വരുന്ന സദാചാരഗുണ്ടായിസവും അതിക്രമങ്ങളുടെ പട്ടികയിൽപ്പെടുത്തേണ്ടതാണ്. ഗാർഹികാതിക്രമ നിയമവും തൊഴിലിടങ്ങളിലെ ലൈംഗിക വിരുദ്ധ നിയമവും നിലവിൽ ഉണ്ടെങ്കിലും അവ എത്രമാത്രം പ്രയോഗത്തിൽ ഫലപ്രദമാകുന്നുവെന്ന വിമർശനാത്മക പരിശോധന ആവശ്യമണ്. ഈനിയമങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ സജ്ജമാക്കേണ്ട പിന്തുണാ സംവിധാനം പൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. കേരളത്തിൽ മൂന്ന് നിർഭയ പദ്ധതികളാണ് സർക്കാർ

തലത്തിലുള്ളത്. ഒന്ന് കേന്ദ്ര സർക്കാരിന്റേത്. രണ്ടാമത്തേത് സംസ്ഥാന ആഭ്യന്തര വകുപ്പിന്റേത്. മൂന്നാമത്തേത് സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന്റേത്. എന്നാൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിൽ ഈ പദ്ധതികൾക്കാകുന്നില്ല. പുനരധിവാസ കേന്ദ്രങ്ങൾ പോലും അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും തടവറയാകുന്നു. ബന്ധനമല്ലാതെ ആശ്വാസമാകുന്നില്ല. സംസ്ഥാന വനിതാ കമ്മീഷൻ പുനർനിർവചിക്കുകയും പുന:സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനം തുടങ്ങിയ സാമൂഹ്യാവകാശം സംബ ന്ധിച്ച് പുതിയ പ്രതിസന്ധികളാണ് കേരളത്തിലെ സ്ത്രീസമൂഹം അഭിമുഖീകരിക്കുന്നത്. 80% പെൺകുട്ടികൾ ഉന്നത വിദ്യാഭ്യസ രംഗത്തുണ്ടെങ്കിലും ഇവർ പിന്നീട് എങ്ങോട്ട് പോകുന്നുവെന്ന് പരിശോധിക്കുമ്പോൾ ചിത്രം ഒട്ടും പ്രതീക്ഷ നൽകുന്നില്ല. ബിരുദം നേടുന്ന പെൺകുട്ടികൾ തൊഴിൽ പ്രാപ്തി നേടുന്നില്ല. ജീവിതത്തെ സധൈര്യം നേരിടുന്നതിനുള്ള ത്രാണിയും ഉണ്ടാകുന്നില്ല. വിദ്യാലയങ്ങളുടെ അരാഷ്ട്രീയ കാലാവസ്ഥ പെൺകുട്ടികളെ സാമൂഹ്യവൽക്കരണത്തിൽ നിന്നും അകറ്റുന്നു. പൊതുസമൂഹത്തിൽ പ്രബലമായിരിക്കുന്ന സ്ത്രീ വിരുദ്ധാശയങ്ങളാണിവരും ആവിഷ്ക്കരിക്കുന്നത്. വിദ്യാഭ്യാസം യഥാർത്ഥത്തിൽ ഒരു യുവതിയെ എപ്രകാരം ശാക്തീകരിക്കുന്നുവെന്ന് പരിശോധന നടക്കേണ്ടതുണ്ട്. ആരോഗ്യ മേഖലയിൽ കേരള സ്ത്രീ മറ്റു സംസ്ഥാനങ്ങളേക്കാൾ മുന്നിലാണെന്ന് സ്ഥിതി വിവര കണക്കുകൾ തെളിയിക്കുന്നു എന്നാൽ 0–6 പ്രായത്തിൽ പെൺകുട്ടികളുടെ എണ്ണം കേരളത്തിലും കുറഞ്ഞു വരുന്നു. വൃദ്ധരുടെയും വിധവകളുടെയും ഒറ്റയ്ക്ക് ജീവിക്കുന്ന സ്ത്രീകളുടെയും എണ്ണം കേരളത്തിൽ ഉയർന്നു നിർക്കുന്നുവെന്ന് പറയുമ്പോഴും ഇവരുടെ സാമ്പത്തിക സാമൂഹ്യ ആരോഗ്യ പ്രശ്നങ്ങൾ വികസന വിദഗ്ദ്ധരുടെ ശ്രദ്ധയിലേക്ക് വരുന്നില്ല. ഗാർഹിക പീഢനവും അതിക്രമങ്ങളും പ്രധാനപ്പെട്ട ആരോഗ്യ പ്രശ്നങ്ങളായിക്കൊണ്ടിരിക്കുന്നു. മാനസികാരോഗ്യത്തിന്റെ കാര്യത്തിൽ കേരളം വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ല. കേരളീയ സമൂഹത്തിൽ 0.4 ശതമാനം പേര് മാനസികാരോഗ്യ പ്രശ്നങ്ങൾ ഉള്ളവരാണ്. ആത്മഹത്യാ പ്രവണതയും കേരളീയരിൽ ഏറെയാണ്. പുരുഷന്മാരാണ് ആത്മഹത്യാ ചെയ്യുന്നവരിൽ കൂടുതലെങ്കിലും വിഷാദരോഗം സ്ത്രീകളിലാണേറെ. ലൈംഗിക പ്രത്യുൽപ്പാദനാരോഗ്യ മേഖലകളിൽ ശക്തമായ ഇടപെടൽ നടക്കേണ്ടതുണ്ട്. ശരിയായ ലൈംഗിക വിദ്യാഭ്യാസം സ്കൂൾ തലത്തിൽ കൊടുക്കണമെന്ന ആശയത്തോട് കേരളത്തിലെ ഒരു വിഭാഗം മുഖം തിരിഞ്ഞു നിൽക്കുന്നു. കൗമാരക്കാരുടെ ശാരീരിക, ലൈംഗീക, മാനസികാരോഗ്യം മുൻനിർത്തി ഫലപ്രദമായ പദ്ധതികൾ സർക്കാർ തലത്തിൽ നിലവിലില്ല. സന്നദ്ധ സംഘടനകളാണ് ഈ മേഖലയിൽ കൂടുതൽ പ്രവർത്തനം നടത്തി വരുന്നത്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുകയും പെൺകുട്ടി സൗഹാർദ്ദപരമായ സംവിധാനം ഏർപ്പെടുത്തു കയും ചെയ്യേണ്ടത് അടിയന്തിരാവശ്യമാണ്. ശുചിയായ ടോയ്ലറ്റുകൾ, സാനിട്ടറി നാപ്കിൻ നശിപ്പിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം, സുരക്ഷിതമായ വിശ്രമമുറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഭൂരിപക്ഷം സ്കൂളുകളും നേരിടുന്നു. പെൺകുട്ടികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രധാന ഘടകങ്ങളിലൊ ന്നായി അടിസ്ഥാന സൗകര്യത്തിന്റെ കുറവ് ഇന്ന് തിരിച്ചറിയപ്പെട്ടിട്ടുണ്ട്.

വരുമാനവും തൊഴിലും സ്ത്രീയുടെ അടിസ്ഥാന അവകാശങ്ങളാണെന്ന് അംഗീകരി ക്കുമ്പോഴും കേരളത്തിലെ സ്ത്രീകൾ ഈ മേഖലയിൽ ഏറെ പിന്നിലാണ്. 40 ലക്ഷം സ്ത്രീകളുള്ള കുടുംബശ്രീ സംവിധാനത്തിലെ എത്ര ശതമാനം സ്ത്രീകൾക്ക് ശരാശരി 5000 രൂപ മാസ വരുമാനം ഉണ്ടെന്ന് പരിശോധിക്കേണ്ടതുണ്ട്. സ്വത്വബോധം സൃഷ്ടിക്കുന്ന തിലും സാമൂഹ്യവൽക്കരണത്തിലും കുടുംബശ്രീ സംവിധാനം 16 വർഷം തികയുമ്പോൾ എവിടെ എത്തിനിൽക്കുന്നുവെന്ന് വസ്തുനിഷ്ഠമായ അപഗ്രഥനം ഉണ്ടാകണം. ഭൂമിയു ടേയും വിഭവങ്ങളുടെയും മേൽ സ്ത്രീക്ക് ഉടമസ്ഥാവകാശം ലഭിക്കുവാൻ കുടുംബശ്രീ പ്രവർത്തനം വഴി സാധ്യമാകുമോ?

സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന മലയാളി സ്ത്രീ സ്വന്തം അവകാശങ്ങൾ നേടിയെടുക്കുന്നതിന് എത്രമാത്രം പ്രാപ്തയാണെന്നും സംശയകരമാണ്. മറ്റ് സംസ്ഥാനങ്ങളേക്കാൾ അറിവ് കേരളത്തിലെ സ്ത്രീക്കുണ്ടെന്ന പൊതുഅഭിപ്രായം പൗരാവകാശങ്ങൾ പിടിച്ചു വാങ്ങുന്നതിന് അല്ല ഉപയോഗപ്പെടുന്നത്. കരുത്തോടെ പുരുഷാധിപത്യ പ്രയോഗങ്ങളെ എതിരിടുന്ന സ്ത്രീകളെ കേരളത്തിൽ കാണുന്നത് അത്യപൂർവ്വം മാത്രം. ലൈംഗികാതിക്രമത്തിനിരയായ പെൺകുട്ടികൾക്കുവേണ്ടി മുന്നോട്ടുവന്ന രക്ഷിതാക്കളും സ്വയം പരാതി നൽകുവാൻ തയ്യാറായ നിരവധി സ്ത്രീകളും കേരളീയ സമൂഹത്തിൽ ഒളിച്ചു താമസിക്കുവാൻ നിർബന്ധിതരാകുന്നു. നീതി നിർവ്വഹണ സംവിധാനം സ്ത്രീ സൗഹാർദ്ദപരമല്ലാത്തതിന്റെ തിരിച്ചടി ഇവർ അനുഭവിക്കുന്നു. 20 വർഷത്തിലേറെയായിട്ടും പ്രതികൾ ശിക്ഷിക്കപ്പെടുന്നില്ല. അതിവേഗ കോടതികളും സ്ത്രീ സൗഹാർദ്ദ നീതിനിർവ്വഹണ സംവിധാനവും ലിംഗനീതിക്ക് അനിവാര്യമാണ്.

അധികാരത്തിന്റെയും ഭരണനിർവ്വഹണത്തിന്റെയും പുതിയ പാഠങ്ങൾ വികസന വ്യവഹാരങ്ങളിൽ ഇടം പിടിക്കുന്ന കാലഘട്ടമാണിത്. മേൽ വിവരിച്ച മേഖലകളിലെല്ലാം തന്നെ ഭരണനിർവ്വഹണത്തിൽ സ്ത്രീ പങ്കാളിത്തം ഉണ്ടായേതീരൂ. പുരുഷാധിപത്യ സമൂഹത്തിൽ രണ്ട് സ്ഥലരാശികളിലായി വിന്യസിക്കപ്പെട്ടവരാണ് സ്ത്രീയും പുരുഷനും. ഇവരുടെ അനുഭവങ്ങളും അതുകൊണ്ടുതന്നെ വ്യത്യസ്തമാണ്. ഈ വ്യത്യസ്തത നിലനിൽക്കുന്നിടത്തോളം ഇരുവിഭാഗങ്ങളുടെയും യഥാർത്ഥ പദവി കണക്കിലെടുത്തുകൊണ്ട് വേണം വികസന അജണ്ട നിശ്ചയിക്കുവാൻ. ലോകമെമ്പാടും തന്നെ ആധുനിക, പുരോഗമന, ജനാധിപത്യ വികസന ചിന്തകൾ ജൻഡർ ബജറ്റിന്റെ അനിവാര്യത ഉറപ്പിച്ചു പറയുന്നുണ്ട്. സ്ത്രീപക്ഷ ബജറ്റ് എന്നത് സ്ത്രീകൾക്കു വേണ്ടി തുക മാറ്റിവെയ്ക്കൽ അല്ല. സ്ത്രീയുടെയും പുരുഷന്റെയും യഥാർത്ഥ പദവികൾ വസ്തുനിഷ്ഠമായി കണക്കാക്കി പദ്ധതികൾ ആവിഷ്കരിക്കുകയും അതിനുവേണ്ട ധനവിനിയോഗം നടത്തുകയും ചെയ്യുക എന്നതാണ്. എല്ലാ മേഖലകളിലും നിരന്തരം നടക്കേണ്ട ഒരു പ്രായോഗിക പരിപാടിയാണ് ജൻഡർ ബജറ്റിംഗ് 2006-11 കാലയളവിലെ ഇടതുപക്ഷ സർക്കാരിന്റെ കാലഘട്ടത്തിൽ ഡോ. ടി.എം.തോമസ് ഐസക് അവതരിപ്പിച്ച രണ്ട് ബജറ്റുകൾ സ്ത്രീപക്ഷ ബജറ്റുകൾ ആയിരുന്നു. കേരള ചരിത്രത്തിൽ ആദ്യമായാണ് ജൻഡർ ബജറ്റ് അവതരിപ്പിക്കുന്നത്.

ജനകീയാസൂത്രണം, 73, 74 പഞ്ചായത്ത്രാജ് നിയമ ഭേദഗതി, വനിതാ ഘടകപദ്ധതി, കുടുംബശ്രീ പ്രസ്ഥാനം തുടങ്ങിയ ആധുനിക കേരള ചരിത്രത്തിലെ സവിശേഷ ഏടുകൾക്കെല്ലാം സ്ത്രീമാനം ഉണ്ടായിരുന്നു. വികസനത്തിനുണ്ടാകേണ്ട സ്ത്രീ കാഴ്ചപ്പാടിലേയ്ക്കാണിതെല്ലാം വിരൽ ചൂണ്ടുന്നത്.

ജനകീയാസൂത്രണത്തിന്റെ ആരംഭഘട്ടം മുതൽതന്നെ സ്ത്രീകളുടെ വികസനത്തിന് ഊന്നൽ നൽകുന്നതിനുള്ള പരിപാടികൾഉത്തരവുകളിലൂടെ തന്നെ നിയമപരമായി ഉറപ്പാക്കി. വികസനറിപ്പോർട്ട് തയ്യാറാക്കുമ്പോൾ തന്നെ, അതിൽ ഒരു അദ്ധ്യായം വനിതകളുടെ വികസന അവസ്ഥയെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും ആയിരിക്കണം എന്ന നിബന്ധന ഉണ്ടായി. ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടന്ന പരിശീലനങ്ങളിലും സ്ത്രീശാക്തീകരണവും ലിംഗപദവി തുല്യതയും പ്രധാന വിഷയങ്ങളായിരുന്നു. അനുവദിക്കപ്പെടുന്ന പദ്ധതി വിഹിതത്തിൽ പത്ത് ശതമാനത്തിൽ കുറയാത്തതും വനിതാ ഘടക പദ്ധതിക്ക് നീക്കി വെക്കണമെന്ന് നിബന്ധനയുണ്ടായി. അതിപ്പോഴും തുടരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ 20 വർഷക്കാലയളവിൽ കൊടുങ്ങല്ലൂർ നഗരസഭയിൽ നടപ്പാക്കിയ പദ്ധതികളെ വിലയിരുത്തിയാൽ താഴെ ചേർക്കുന്ന നിഗമനങ്ങളിലെത്തിച്ചേരും.

- വനിതാസമൂഹത്തിന്റെ സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഏറ്റെടുത്ത ഭൂരിഭാഗം പരിപാടികളും ലക്ഷ്യം കണ്ടില്ല. താരതമ്യേന ചെറു

തായ ഉല്പാദന യൂണിറ്റുകളും വനിതാ പാർപ്പിടപദ്ധതിയിലുമെല്ലാം വിജയിച്ച പദ്ധതികൾ പോലും ഒതുങ്ങി നിന്നു.

- വനിതാ ഘടക പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഭൂരിഭാഗം പദ്ധതികളും ലിംഗാടിസ്ഥാനത്തിലുള്ള സമ്പ്രദായിക തൊഴിൽ വിഭജനത്തെ അംഗീകരിച്ചുകൊണ്ടു തയ്യാറാക്കിയവയായിരുന്നു.

- സ്ത്രീകൾക്ക് വിഭവങ്ങൾക്ക് മേൽ നിയന്ത്രണം നൽകുന്നതും പുതിയ മേഖലകളിലേക്ക് അവരെ നയിക്കുന്നതുമായ പദ്ധതികൾക്കപ്പുറത്ത്, വനിതാ ഘടകപദ്ധതികൾ വരുമാനം സൃഷ്ടിക്കുന്നതിനുള്ള കേവല പദ്ധതികളായി മാറി.

- സ്ത്രീകൾ വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതോടൊപ്പം നിലവിലുള്ള ഗാർഹിക ഉത്തരവാദിത്വങ്ങൾ കൂടി മാറ്റമില്ലാതെ നിർവ്വഹിക്കേണ്ടി വരുന്നു.

- പൊതു പദ്ധതികളായി ഏറ്റെടുക്കാവുന്ന പദ്ധതികളുടെ ആവർത്തനമായി പതുക്കെ വനിതാഘടക പദ്ധതി മാറി. വനിതാ വീട് എന്ന പദ്ധതി അതിനുള്ള ഉദാഹരണം.

- രാഷ്ട്രീയ പാർട്ടികളുടെയോ, നഗരസഭയുടെയോ നേതൃത്വത്തിന് വനിതാ ഘടകപദ്ധതിയുടെ അന്ത:സത്ത ശരിയായ രീതിയിൽ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല.

- നടപ്പാക്കിയ പദ്ധതികൾ ഏറെയും സ്ത്രീകൾ നിത്യജീവിതത്തിൽ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങളെ നേരിടുന്നതിനാണ് ലക്ഷ്യമിട്ടത്. എന്നാൽ സമൂഹത്തിലെ സ്ത്രീയുടെ പദവിയെ മാറ്റിത്തീർക്കുന്നതിനുള്ള പരിപാടികൾ കണ്ടെത്തുന്നതിനോ, പുതിയ ആശയങ്ങൾ രൂപവൽക്കരിക്കുന്നതിനോ കാര്യമായ ശ്രമങ്ങൾ ഉണ്ടായില്ല.

ഇതേവരെയുണ്ടായ പദ്ധതി പ്രവർത്തനങ്ങളിൽ പരിമിതികളും വിടവുകളും പരിഹരിക്കുന്ന തലത്തിലുള്ള പദ്ധതികളാണ്, വനിതാഘടക ഘടകപദ്ധതിയിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഏറ്റെടുക്കേണ്ടതായുള്ളത്.

## പട്ടികജാതി വികസനം

ചരിത്രപരവും സാമൂഹികപരവുമായ കാരണങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും നിഷ്കാസിതരാകുകയും സാധാരണ ജീവിതം നിഷേധിക്കപ്പെടുകയും ചെയ്തവരാണ് പട്ടികജാതിക്കാർ. സ്വതന്ത്രപൂർവ്വ ഇന്ത്യയിലുണ്ടായ സാമൂഹിക പരിഷ്കരണ നവോത്ഥാന പ്രവർത്തനങ്ങളും സ്വാതന്ത്രാനന്തര ഇന്ത്യയിലെ സർക്കാർ പദ്ധതി പ്രവർത്തനങ്ങളും വഴി ഈ അവസ്ഥയ്ക്ക് കുറെയേറെ ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇന്നും പൊതുസമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതി വിഭാഗക്കാർ വളരെ അധികം പിന്നോക്കാവസ്ഥയിലാണ്. ഈ സമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിന് കഴിഞ്ഞ പഞ്ചവത്സരപദ്ധതികൾ സഹായിച്ചിട്ടുണ്ട്. എന്നാൽ ഇനിയും ഈ സമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇവരുടെ ഇന്നത്തെ അവസ്ഥ പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന അടിസ്ഥാനപ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതായി കാണാം.

- സാമൂഹികവും സാമ്പത്തികവുമായുള്ള പിന്നോക്കാവസ്ഥ
- ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം എന്നിവയുടെ പരിമിതി
- സാമൂഹികമായ ഒറ്റപ്പെടൽ
- പരമ്പരാഗതമായി നിലനിൽക്കുന്ന ചൂഷണസ്ഥിതി
- സാമൂഹ്യപുരോഗതിക്ക് തടസ്സം നിൽക്കുന്ന ആചാരരീതികൾ

- ❖ സമ്പാദ്യശീലം ഇല്ലായ്മ
- ❖ പരമ്പരാഗത തൊഴിൽ മേഖലകളുടെ ശോഷണവും പുതിയ തൊഴിൽ മേഖലകളുടെ അപര്യാപ്തതയും
- ❖ താഴെ പറയുന്ന വിടവുകളാണ് മുകളിൽ പറഞ്ഞ അവസ്ഥക്ക് കാരണങ്ങൾ എന്ന് നമുക്ക് വിലയിരുത്താവുന്നതാണ്.
- ❖ സുസ്ഥിരവികാസത്തിനായുള്ള ദീർഘ വികസന കാഴ്ചപ്പാടിന്റെ കുറവ്
- ❖ അവരുമായി ചേർന്നുള്ള ആസൂത്രണത്തിന്റെ കുറവ്
- ❖ അവരുമായി ചേർന്ന് പ്രശ്നങ്ങളും ആവശ്യവും പരിഗണിക്കാതിരിക്കൽ
- ❖ ചൂഷണങ്ങളിൽ നിന്ന് മോചിതരാകുന്നതിനുള്ള അറിവ് പ്രദാനം ചെയ്യായ്ക
- ❖ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ കാര്യക്ഷമത, പോരായ്മ
- ❖ ആസൂത്രണ പ്രക്രിയയിൽ ഈ വിഭാഗങ്ങളെ കൂടി സംഘടിപ്പിക്കാനും ഭാഗമാക്കാനും കഴിയാത്തത്
- ❖ എങ്ങനെയെങ്കിലും പഞ്ചായത്ത് ഫണ്ട് ചെലവാക്കുക എന്ന തെറ്റായ പ്രവണത

**പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ**

1. ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുക.
2. ഭക്ഷണം, പാർപ്പിടം, ആരോഗ്യം, ശുചിത്വം എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക
3. വിദ്യാഭ്യാസാവശ്യങ്ങൾക്കുള്ള സ്കോളർഷിപ്പുകൾ, പഠനോപകരണങ്ങൾ വിവിധ ധനസഹായങ്ങൾ യാത്ര ഉപകരണങ്ങൾ നൽകുക.
4. വരുമാന വർദ്ധനവിന് സ്വയം തൊഴിൽ സംരംഭങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക
5. സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 100 ശതമാനം സബ്സിഡി നിരക്കിൽ സ്വയം തൊഴിൽ വായ്പകൾ നടപ്പിലാക്കാവുന്നതാണ്.
7. കോളനികളിൽ അടിസ്ഥാന സൌകര്യങ്ങൾ നടപ്പിലാക്കുക

**<u>ജനസംഖ്യ</u>**

2011ലെ കാനേഷുമാരി കണക്കുപ്രകാരം കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ 6117 പട്ടികജാതിക്കാരാണ് ഉള്ളത്. ഇതിൽ 3138പേർ സ്ത്രീകളും 2979 പേർ പുരുഷന്മാരുമാണ്. 1335 കുടുംബങ്ങളിലായിട്ടാണ് ഈ പട്ടികജാതിക്കാർ താമസിക്കുന്നത്. ആകെയുള്ള കുടുംബങ്ങളിൽ 301 കുടുംബങ്ങൾ സങ്കേതങ്ങളിലും 1054 കുടുംബങ്ങൾ ഒറ്റപ്പെട്ടുമാണ് സ്ഥിതിചെയ്യുന്നത്. ഈ കുടുംബങ്ങളിൽ 370 ഓളം ഉപകുടുംബങ്ങളും താമസിച്ചു വരുന്നുണ്ട്. പുലയ, വേട്ടുവ, കണക്കൻ, പടന്ന, മണ്ണാൻ, വേലൻ, പറയ, സാംബവ, കാക്കാലൻ വിഭാഗത്തിൽപ്പെടുന്നവരുമാണ് പട്ടികജാതിക്കാർ.

**<u>അടിസ്ഥാന സൗകര്യങ്ങൾ</u>**

കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ ഭൂരിപക്ഷം പട്ടികജാതി കുടുംബങ്ങളും ഒറ്റപ്പെട്ടാണ് കഴിയുന്നത്. സങ്കേതവാസികളെ അപേക്ഷിച്ച് ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾക്കും ഉടമകളാണ് എന്ന് കാണാം. എന്നിരുന്നാലും ഭൂരഹിത കുടുംബങ്ങളുടെ എണ്ണം ഈ മേഖലയിൽ വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ഭൂമി, പാർപ്പിടം, ശുചിത്വ സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് നിലവിലുള്ള പദ്ധതികൾ കൂടുതൽ ശക്തമായി നടപ്പിലാക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ മൂന്ന് പഞ്ചവത്സര പദ്ധതികളിലായി ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതികൾ നടപ്പിലാക്കിയതു മൂലം കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ 90% ലധികം പട്ടികജാതി കുടുംബങ്ങൾക്കും പാർപ്പിടം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ധനസഹായത്തുക

യുടെ ഗഡുക്കൾ കൈപ്പറ്റി പണിപൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം ആശങ്കപ്പെടുത്തുന്നതാണ്. ഇത്തരത്തിൽ വീടുപണി പൂർത്തിയാക്കാത്ത വാസയോഗ്യമായ വീടുകളില്ലാത്ത പട്ടികജാതിക്കാർക്ക് വീടുകൾ വാസയോഗ്യമാക്കുന്നതിനുള്ള ആവശ്യമായ ധനസഹായം അനുവദിച്ചു നൽകണം. നിലവിൽ 73 ഭൂരഹിത കുടുംബങ്ങളും 70 ഭവന രഹിത കുടുംബങ്ങളും ഉണ്ട്. കൂടാതെ 370 ഓളം ഉപകുടുംബങ്ങൾ ഭൂരഹിത ഭവന രഹിതരാണ്. അടുത്ത 5 വർഷത്തിനുള്ളിൽ അർഹരായ മുഴുവൻ ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്കും പാർപ്പിടം ലഭ്യമാക്കാനുള്ള പ്രൊജക്റ്റുകൾ നടപ്പിലാക്കേണ്ടതാണ്. ഈ സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യവികസനത്തിനായി 140 ലക്ഷം രൂപ ഈയിനത്തിൽ വകയിരുത്തുന്നുണ്ട്.

## വിദ്യാഭ്യാസം

പ്രാഥമിക, ദ്വിതീയതല വിദ്യാഭ്യാസം ഏറെക്കുറെ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ പട്ടികജാതിക്കാർക്കിടയിൽ സാർവ്വത്രികമായിട്ടുണ്ടെങ്കിലും ത്രിതീയ വിദ്യാഭ്യാസ മേഖലയിലെ പങ്കാളിത്തവും, സാങ്കേതിക തൊഴിലോന്മുഖ വിദ്യാഭ്യാസത്തിന്റെ കുറവും പട്ടികജാതി സമൂഹം നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികളിൽ ഒന്നാണ്.

സാക്ഷരതാ നിലവാരത്തിൽ പൊതുസമൂഹത്തിനൊപ്പം നിൽക്കുന്ന നിലയിലേക്ക് പട്ടികജാതി വിഭാഗക്കാർ എത്തിച്ചേർന്നിട്ടുണ്ട്. എന്നിരുന്നാലും ഉന്നതശ്രേണിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാഭ്യാസ സംവിധാനങ്ങളും ഇപ്പോഴും ഈ വിഭാഗക്കാർക്ക് അന്യമാണെന്ന് പറയാം. ആകെ പട്ടികജാതി ജനസംഖ്യയിലെ 2% പേർ മാത്രമാണ് ബിരുദ, ബിരുദാനന്തര, മറ്റു പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവർ. ഇവരിൽത്തന്നെ എഞ്ചിനീയറിംഗ് വിദ്യഭ്യാസം നേടിയിട്ടുള്ളവരും മെഡിക്കൽ വിദ്യാഭ്യാസം നേടിയിട്ടുള്ളവരും നാമമാത്രമാണ്. പ്രാഥമിക, ദ്വിതീയ വിദ്യഭ്യാസ രംഗത്തും ത്രിതീയ വിദ്യാഭ്യാസ മേഖലയിലും മികച്ച വിദ്യഭ്യാസം ലഭ്യമാക്കുന്നതിനും പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഉള്ള പദ്ധതികൾ കഴിഞ്ഞ പഞ്ചവത്സരപദ്ധതികളിൽ നടപ്പിലാക്കിയതുമൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി വിഭാഗക്കാർക്ക് നല്ല രീതിയിൽ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. പൊതുസമൂഹത്തിനൊപ്പം വിദ്യഭ്യാസരംഗത്ത് മുന്നേറുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി ഇനിയും ഇത്തരം പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ പ്രീ–മെട്രിക് ഹോസ്റ്റൽ നിർമ്മാണപൂർത്തീകരണം പ്രൊഫഷണൽ കോളേജുകളിൽ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്നീ പദ്ധതികൾ വിഭാവനം ചെയ്യുന്നു. തുടർ വർഷങ്ങളിൽ ഈ പദ്ധതികൾ തുടരുന്നതോടൊപ്പം പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം, ഫർണീച്ചർ വിതരണം, ലാപ്ടോപ്പ് വിതരണം, എൻട്രൻസ് പരിശീലനം എന്നി പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## തൊഴിൽ

കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ ആകെ പട്ടികജാതി ജനസംഖ്യയുടെ 50% ലധികം ഏതെങ്കിലും തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നുവെന്ന് സ്ഥിതി വിവര കണക്കുകൾ കാണിക്കുന്നുണ്ട്. എന്നാൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ നിലവാരം പൊതു സമൂഹത്തേക്കാൾ വളരെ കൂടുതലായാണ് പട്ടികജാതി വിഭാഗക്കാരിൽ കണ്ടുവരുന്നത്. വിദ്യാഭ്യാസത്തിന്റെ ഉന്നതിക്കനുസരിച്ച് തൊഴിലില്ലായ്മ വർദ്ധിക്കുന്നതായി കാണാവുന്നതാണ്.

കാർഷിക മേഖലയിൽ നിന്നും പട്ടികജാതി വിഭാഗക്കാരുടെ കൊഴിഞ്ഞു പോക്കാണ് തൊഴിൽ മേഖലയിൽ ഉണ്ടായിട്ടുള്ള മറ്റൊരു പ്രധാനപ്പെട്ട മാറ്റം. പട്ടികജാതിക്കാരിൽ ഉന്നത വിദ്യാഭ്യാസം നേടിയവർ തുലോം കുറവായിരുന്നിട്ടും അവർക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ലഭിക്കുന്നില്ല എന്നത് പ്രധാനപ്പെട്ട വെല്ലുവിളിയാണ്.

തൊഴിൽ നൈപുണ്യ വികസന പരിശീലനവും സംരംഭകത്വം വികസന പരിശീലനവും സ്വയം തൊഴിൽ ധനസഹായ പദ്ധതികളും തൊഴിലില്ലായ്മ കുറക്കുന്നതിന് സഹായകമാകുവാൻ സാമ്പത്തിക വർഷങ്ങളിൽ നിരവധി സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കിയെങ്കിലും അവയൊന്നും ലക്ഷ്യത്തിൽ എത്തിയില്ല. നിർവ്വഹണരംഗത്തെ സാങ്കേതിക പരിജ്ഞാനം ഇല്ലായ്മയാണ് ഇതിന് കാരണം. സ്വയം തൊഴിൽ പദ്ധതികളും നൈപുണ്യവികസന പദ്ധതികളും മറ്റും തൊഴിൽ ദായക പദ്ധതികളും തെരഞ്ഞെടുക്കുമ്പോൾ ബന്ധപ്പെട്ട വിഷയ മേഖലയിൽ പരിജ്ഞാനം നേടിയവരെ ആയിരിക്കണം നിർവ്വഹണ ചുമതല ഏൽപ്പിക്കേണ്ടത്.

## ആരോഗ്യം

പ്രാഥമിക തൊഴിൽ മേഖലയിൽ നിന്നുള്ള പട്ടികജാതിക്കാരുടെ മാറ്റം ഈ വിഭാഗത്തിന്റെ ആരോഗ്യസ്ഥിതിയെ പാടേ മാറ്റിമറിച്ചിട്ടുണ്ട്. പൊതു സമൂഹത്തോടൊപ്പം തന്നെ ജീവിത ശൈലിരോഗങ്ങൾ ഈ വിഭാഗത്തെ അലട്ടുന്നുണ്ട്. പൊതുസമൂഹത്തോടൊപ്പം ആരോഗ്യ രംഗത്ത് പട്ടികജാതി വിഭാഗക്കാർക്ക് പ്രത്യേക പരിഗണനകൾ ലഭിക്കുന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതില്ല. എന്നിരുന്നാലും കുടുംബങ്ങളിലേയും സങ്കേതങ്ങളിലേയും ശുചിത്വ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്.

## പാർപ്പിടം

കൊടുങ്ങല്ലൂർ നഗരസഭയിലെ ജനസംഖ്യ 94,883 ആണ്. 19,918 പാർപ്പിടങ്ങളാണ് നഗരസഭാ പ്രദേശത്ത് നിലവിലുള്ളത്. നഗരസഭ ജനസംഖ്യയുടെ 20% പേർക്കെങ്കിലും സുരക്ഷിതവും മാന്യവുമായ വാസഗൃഹങ്ങൾ ഇല്ലായെന്ന് അനുമാനിക്കേണ്ടി വരും. ഈ സാഹചര്യത്തിൽ ആയിരത്തിനടുത്ത് പുതിയ പാർപ്പിടങ്ങൾ നഗരസഭാ പ്രദേശത്ത് ആവശ്യമായി വരുന്നതാണ്. ജങഅഥ നടത്തിയ സർവ്വെയിൽ ഭൂരഹിതരും ഭവനരഹിതരുമായ 768 കുടുംബങ്ങളും ഭൂമിയുണ്ടെങ്കിലും ഭവനമില്ലാത്ത 1350 കുടുംബങ്ങളെയുമാണ് കണ്ടെത്തിയത്.

9–ാം പദ്ധതി മുതൽ നടപ്പാക്കി വരുന്ന ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പാക്കിയ വീടുകളും നഗരസഭ നടപ്പാക്കിയ വീടുകളും ഇഎംഎസ് ഭവന പദ്ധതി / കഅഥ ഭവന പദ്ധതി, കടഉജ/ ആടഡജ ഭവന പദ്ധതി തുടങ്ങിയവ പ്രകാരവും വാംബെ ഭവന പദ്ധതി പ്രകാരവും, എസ്.സി, ഫിഷറീസ്, ന്യൂനപക്ഷ ക്ഷേമ, സൈനീക ക്ഷേമം എന്നീ വകുപ്പുകൾ പ്രകാരവും നിർമ്മിച്ചു നല്കിയ വീടുകൾ ഭവനനിർമ്മാണ ബോർഡ് നിർമ്മിച്ചു നൽകിയ വീടുകൾ എന്നിങ്ങനെ വിവിധ പരിപാടികളിലൂടെ ലഭിച്ചിട്ടുള്ള പാർപ്പിടങ്ങളിൽ 21%ത്തോളം കെട്ടിടത്തിന്റെ പണിയുടെ വിവിധ ഘട്ടങ്ങളിലും പൂർത്തിയാകാത്ത അവസ്ഥയിലായും അവശേഷിക്കുകയാണ്. പുതിയ പാർപ്പിടങ്ങളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിനേക്കാൾ മുൻഗണന നല്കേണ്ടത് വാസയോഗ്യമല്ലാത്ത അവസ്ഥയിൽ നിലനിൽക്കുന്ന ഇത്തരം വീടുകളുടെ പണിപൂർത്തിയാക്കി വാസയോഗ്യമാക്കുക എന്നതാണ്.

നഗരസഭ പ്രദേശത്തെ പനമ്പോ മുളയോ കൊണ്ട് ചുമരുകൾ നിർമ്മിച്ചതും ഓലമേഞ്ഞതുമായ കുടിലുകളെ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. പുറംപോക്കുകളിലും കോളനികളിലുമായി തികച്ചും അനാരോഗ്യകരമായ അന്തരീക്ഷത്തിൽ നൂറോളം കുടുംബങ്ങൾ ഇപ്പോഴും ഉള്ളതായി കാണുന്നു. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അതനുസരിച്ച് നിർമ്മാണത്തിന് അനുമതി കിട്ടാത്ത അവസ്ഥയും പെരിയാറിന്റേയും കനോലി കനാലിന്റെയും തീരങ്ങളിൽ, ഇഞദ നിയമം പ്രാബല്യത്തിലുള്ളതിനാൽ പുതുക്കി പണിയാൻ കഴിയാത്ത രീതിയിലും പുതിയ വീട് നിർമ്മിക്കാൻ കഴിയാത്തതിനാലും ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ പാർപ്പിടങ്ങളിൽ കഴിഞ്ഞുകൂടുന്ന 500ൽ ഏറെ കുടുംബങ്ങളും നഗരസഭാ പ്രദേശത്തുണ്ട്. നെൽവയൽ തണ്ണീർതട സംരക്ഷണ നിയമത്തിന്റെ ഭാഗ

മായി ഭൂരേഖകളിൽ നിലമായി രേഖപ്പെടുത്തിയതിന്റെ ഭാഗമായി നിരവധി കുടുംബങ്ങൾക്ക് പുതുതായി വീട് നിർമ്മിക്കുവാൻ അനുമതി ലഭിക്കാത്ത അവസ്ഥയും നിലനില്ക്കുന്നു.

14–ാം വാർഡിലെ പട്ടികജാതി സെറ്റിൽമെന്റ് കോളനിയിൽ മുഴുവൻ കുടുംബ ങ്ങൾക്കും അടച്ചുറപ്പുള്ള വീട് എന്ന ആവശ്യം സഫലീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുടി വെള്ളം മാലിന്യസംസ്കരണ പരിപാടികൾ മലിനജല നിർമ്മാർജ്ജന മാർഗ്ഗങ്ങൾ ഉൾപ്പെടെ ജനങ്ങൾ തിങ്ങിതാമസിക്കുന്നസ്ഥലത്ത് ആവശ്യമായി വരുന്ന കാര്യങ്ങൾ പൂർണ്ണമായി ചെയ്തു തീർക്കാൻ ആയിട്ടില്ല.

21–ാം വാർഡിലെ ഫിഷർമെന്റ് കോളനിയിൽ മുഴുവൻ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകൾ ലഭ്യമായിട്ടുണ്ട്. നല്ലനിലയിൽ തന്നെ ഈ കോളനിയിൽ ശുദ്ധജല സംവിധാനവും പ്രവർത്തിക്കുന്നു. മാലിന്യ സംസ്കരണത്തിനുള്ള സൗകര്യം പരിമിതിമായതു കൊണ്ട് മാലിന്യങ്ങൾ വലിച്ചെറിയുന്ന സ്വഭാവം വ്യാപകമായതിനാലും തൊട്ടു മുൻഭാഗത്തുള്ള കനോലി കനാലിൽ നിന്നും കോളനികളിലെ വിവിധ ഭാഗങ്ങളിലേക്ക് പടർന്നു കിടക്കുന്ന തോടുകളിലും മാലിന്യം നിറയുകയും രോഗാതുരമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

15–ാം വാർഡിലും 21–ാം വാർഡിലുമായി ഉള്ള ലക്ഷം വീട് കോളനിയിലെ ഇരട്ട വീടുകളിൽ ഭൂരിഭാഗവും വാസയോഗ്യമല്ലാത്ത രീതിയിൽ ജീർണ്ണാവസ്ഥയിലാണ്. പല കുടുംബ ങ്ങളും വീട് പൊളിച്ച് പുതിയ വീടുകൾ നിർമ്മിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ മാലിന്യ നിർമ്മാർജ്ജനത്തിന് സൗകര്യങ്ങളൊന്നും ഒരുക്കിയിട്ടില്ല. 20 മുതൽ 40 വരെ കുടുംബങ്ങൾ തിങ്ങി താമസിക്കുന്ന പുറംപോക്ക് കോളനികളിലെ ജീവിതം സുരക്ഷിതമായ ഭവനങ്ങളോ ആരോഗ്യകരമായ പരിസരമോ ഇല്ലാത്ത അവസ്ഥയിൽ ദുരിതപൂർണ്ണമാണ്.

9–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി ഭൂമിയുള്ള ഭവനരഹിതർക്കായി കഴിഞ്ഞ 20 വർഷങ്ങളിലും പാർപ്പിട പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 243 ഗുണഭോക്താക്കൾക്കാണ് വീടു നിർമ്മാണത്തിനുള്ള സഹായ ധനം നല്കിയിട്ടുള്ളത്. പകുതിയിൽ താഴെ വീടുകൾ മാത്രമാണ് നിർദ്ദേശിക്കപ്പെട്ട രീതി യിൽ നിർമ്മാണം പൂർത്തിയാക്കി ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ബാക്കി വീടുകൾ നിർമ്മാണത്തിന്റെ പലഘട്ടങ്ങളിലായി അപൂർണ്ണമായ നിലയിലാണുള്ളത്. ഏറ്റവും താഴെ തട്ടിലുള്ള ജനസമൂഹത്തിന് സുരക്ഷിതമായ പാർപ്പിടം എന്ന സ്വപ്നം അങ്ങനെ അകന്നു പോയിരിക്കുന്നു.

## പൊതുമരാമത്ത്, ഊർജ്ജം

നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതിയിലൂടെ അധികാരം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും പ്രാദേശികമായ ആസൂത്രണം വിഭവസമാഹരണം, പൊതുജന പങ്കാളിത്തം സുതാര്യമായ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനും സാധിച്ചു.സംസ്ഥാന പദ്ധതി അടങ്കലിന്റെ 40 മുതൽ 35ശതമാനം വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി കൊണ്ട് ജനപങ്കാളിത്തത്തോടെ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് 1997മുതൽ .സാധിച്ച ആരംഭിച്ച ജനകീയാസൂത്രണ പദ്ധതിക്ക്കൊടുങ്ങല്ലൂർ നഗരസഭയെ സംബന്ധിച്ച് ഉൽപാദനം,സേവനം,പശ്ചാത്തലം തുടങ്ങിയ സമസ്ത മേഖലകളിലും അത്ഭുതപൂർവമായ പുരോഗതി ഉണ്ടാക്കിയെടുക്കുന്നതിന് താഴെ തട്ടിലുള്ള ആസൂത്രണ പ്രക്രിയ ഗുണപ്രദമായിട്ടുള്ളതാണ്.

ഒമ്പതാം പഞ്ചവത്സരക്കാലത്ത് റോഡുകളുടെ ശോചനീയാവസ്ഥ പൂർത്തിയാക്കൽ, അറ്റകുറ്റപണികൾ, അവികസിത മേഖലയിലേയ്ക്ക് റോഡുകൾ വെള്ളക്കെട്ട തടയുന്നതിനുള്ള ഡ്രൈനേജ് നിർമ്മാണം, സ്കൂളുകൾക്ക് മൂത്രപ്പുര, കക്കൂസ് നിർമ്മാണം, മുനിസിപ്പൽ ലൈബ്രറി കോംപ്ലക്സ്, താലൂക്കാശുപത്രി വികസനം, ജലസ്രോതസുകളുടെ സംരക്ഷണം, പൊതുകക്കൂസ്

മൂത്രപ്പുര നിർമ്മാണം, സ്കൂൾ കെട്ടിട നിർമ്മാണം, സാംസ്കാരിക കേന്ദ്രം, അങ്കണവാടികളുടെ നിർമ്മാണം എന്നിവ ഈ കാലഘട്ടത്തിൽ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനും സാധിച്ചു. ഊർജ്ജമേഖലയിൽ 558132 രൂപയും, 12342971 തെരുവുവിളക്കുകളുടെ സ്ഥാപനം, കോളനി വൈദ്യുതീകരണം എന്നീ പദ്ധതികൾക്കായി ചെലവഴിച്ചു. പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനും സ്ട്രീറ്റ് ലൈറ്റ് സൌകര്യം വ്യാപകമാക്കുന്നതിനും ഈ പദ്ധതികൾ സഹായകരമായി പുതിയ സ്ട്രീറ്റ് 200 ലൈറ്റുകൾ സ്ഥാപിക്കുന്നതിനും സാധിച്ചിട്ടുണ്ട്. നഗരസഭയിലെ സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനും സാധിച്ചിട്ടുണ്ട്. പുതിയ റോഡ് നിർമ്മാണം, റോഡ് സംരക്ഷണം, റോഡ് മെച്ചപ്പെടുത്തൽ അറ്റകുറ്റപണികൾ ഡ്രൈനേജ് നിർമ്മാണം എന്നിവക്കായി നഗരസഭയിലെ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 42595000 ഗതാഗകയോഗ്യമാക്കുന്നതിന് ഒരു പരിധിവരെ ഗതാഗതയോഗ്യമാക്കുന്നതിന് ഒരു പരിധിവരെ പത്താം പഞ്ചവത്സരപദ്ധതി സാമ്പത്തിക വർഷം മുതൽ ജനകീയാസൂത്രണത്തിന് സാധിച്ചിട്ടുണ്ട്. സ്വന്തം നാടിന്റെ വികസനം ഓരോ പൌരന്റെയും അവകാശവും കടമയും ആണെന്നത് ബോധ്യപ്പെടുത്തുന്നതിനും പദ്ധതി ആസൂത്രണവും നിർമ്മാണവും സുതാര്യമാക്കുന്നതിനും പദ്ധതികളിൽ ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വാർഡിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ചു വ്യക്തമായ കാഴ്ചപ്പാടോടെ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും പതിനൊന്നാം പഞ്ചവത്സര പദ്ധതി നടപ്പാക്കിയതിലൂടെ സാധിച്ചു. വർഷക്കാലത്ത് റോഡുകളിൽ വെള്ളക്കെട്ട് ഉണ്ടാകുന്നതും കലുങ്കുകളുടെയും ഓവുചാലുകളുടെയും നിർമ്മാണം വേണ്ട രീതിയിൽ പൂർത്തീകരിക്കാൻ സാധിക്കാത്തതും മെറ്റൽ ചെയ്യേണ്ടതും ടാർ ചെയ്യേണ്ടതുമായ റോഡുകളുടെ ബാഹുല്യവും പല റോഡുകളും വർഷക്കാലത്ത് ഗതാഗതയോഗ്യമല്ലാത്തതും ഇക്കാലയളവിൽ നേരിട്ട പ്രധാന പ്രശ്നങ്ങളായിരുന്നു. ആയതു ഒരു പരിധി വരെ പരിഹരിക്കുന്നതിന് പദ്ധതി നിർവ്വഹണത്തിലൂടെ സാധിച്ചു. ട്രാഫിക് സംവിധാനങ്ങൾ സ്ഥാപിച്ചതുമൂലം ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനുമായി കയറി ബസ് സ്റ്റാന്റ് സൌകര്യം വർദ്ധിപ്പിച്ചത്. സ്റ്റാന്റിൽ വാഹനങ്ങൾ സംഗമമായി ഇറങ്ങുന്നതിനും ഈ കാലയളവിൽ സാധിച്ചു.

2012 –13 വാർഷിക പദ്ധതിയിൽ റോഡ് നിർമ്മാണത്തിനുള്ള 94 പദ്ധതികളും 2013–14ൽ 149 പദ്ധതികളും 2014–15ൽ 78 പദ്ധതികളും 2015–16ൽ151 പദ്ധതികളും 2016–17ൽ 275 പദ്ധതികളും ചേർന്നു 12–ാം പഞ്ചവത്സര പദ്ധതികാലത്ത് 747 റോഡ് നിർമ്മാണ പ്രവർത്തന ങ്ങളാണ് നിർവ്വഹിച്ചത്. ഈ കാലയളവിൽ ലഭ്യമായ വികസന ഫണ്ടിന്റെയും തനതു ഫണ്ടിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെയും സിംഹഭാഗവും റോഡു മെയിന്റ നൻസ് ഫണ്ട് മുഴുവനായും ഈ മേഖലയിൽ തന്നെയാണ് വിനിയോഗിച്ചത്. അനേക കോടികൾ വരുന്ന ഫണ്ടിന്റെ വിനിയോഗം ഫലപ്രദമായിരുന്നോ എന്നതിനുള്ള മോണിറ്റ റിംഗ് സംവിധാനം പ്രവർത്തിച്ചതായി കാണുന്നില്ല.

നഗരസഭ പ്രദേശത്തെ റോഡുകളുടെ വികസനത്തിനും നിർമ്മാണത്തിനും റോഡ് നെറ്റ് വർക്ക് പ്ലാൻ അനിവാര്യമാണ്. കൊടുങ്ങല്ലൂർ നഗരസഭയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി യിട്ടുള്ളതാണ്. അതിന്റെ ഭാഗമായി റോഡ് നെറ്റ് വർക്ക് പ്ലാനും ഉൾപ്പെട്ടിട്ടുള്ളതാണ്. ഈ പ്ലാനിൽ 7 മീറ്ററോ അതിൽ കുടുതലോ ഉള്ള റോഡുമാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂവെങ്കിൽ കുറഞ്ഞ വീതിയുള്ള റോഡുകളും കൂട്ടിച്ചേർത്ത് അതു പൂർത്തീകരിക്കേണ്ടതുമാണ്. ടാർ റോഡുകളുടെ സുരക്ഷയുടെ പ്രധാനഭാഗമാണ് മഴക്കാലത്ത് ജലനിർഗമന കാനകൾ. നഗര സഭ പ്രദേശത്തുള്ള മുഴുവൻ ടാർ റോഡുകൾക്കും കാന സൌകര്യം ലഭ്യമായിട്ടില്ല. ഭൂമി യുടെ ചരിവിനേയും ജലനിർഗമന കേന്ദ്രത്തേയും കണക്കിലെടുക്കാതെ നിർമ്മിച്ചതുകൊണ്ട് പല കാനകളിലൂടെയുമുള്ള ഒഴുക്കും തകരാറിലാണ്. നിർമ്മാണത്തിലെ അശ്രദ്ധകൊണ്ടും പാകപിഴകൾ കൊണ്ടും കാനകളുടെ പല ഭാഗങ്ങളും പൊളിഞ്ഞ് ജലനിർഗമനം തടസപ്പെട്ടു കിടക്കുന്നു. വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുവേണ്ടി ഉള്ള നിർമ്മിതികളും കലിങ്കുകളും അറ്റ കുറ്റ പണികൾ നടത്തേണ്ട അവസ്ഥയിലാണുള്ളത്. കെട്ടിടങ്ങളുടെ നിർമ്മാണത്തിലും നില വിൽ ലഭ്യമായ എഞ്ചിനീയറിംഗ് വൈവിധ്യവും മേൽനോട്ടവും വിനിയോഗിച്ചിട്ടുള്ളതായി കാണുന്നില്ല.

13–ാം പഞ്ചവത്സര പദ്ധതിയിൽ പുതിയ റോഡു നിർമ്മാണത്തിനും പഴയ റോഡുകളുടെ പരിപാലനത്തിനുമായി റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്രോഗ്രാമുകളും തയ്യാറാക്കേണ്ടതുണ്ട്.

നഗരകേന്ദ്രത്തിലെ ക്ഷേത്രം ചുറ്റിയുള്ള പ്രധാന റോഡിൽ പീക്ക് ടൈം മിൽ കടുത്ത ഗതാഗത കുരുക്കാണ് അനുഭവപ്പെടാറുള്ളത്. നഗരത്തിലേക്കെത്തുന്ന മുഴുവൻ വാഹനങ്ങളും എത്തിച്ചേരുന്ന ജനകൂട്ടവും ഈ റോഡിൽ കടുത്ത തിരക്കാണ് സൃഷ്ടിക്കുന്നത്. നഗരത്തിലെ യാത്ര സുഖമമാക്കാനും പ്രവർത്തനങ്ങൾ ക്രമീകരിക്കാനും ഈ തിരക്ക് ശാസ്ത്രീയമായി ഇല്ലാതാക്കേണ്ടതുണ്ട്. ചന്തപ്പുരയിൽ ഇപ്പോഴുള്ള ബസ് സ്റ്റാന്റ് തെക്കോട്ടും വടക്കോട്ടും പടിഞ്ഞാറോട്ടുമുള്ള ബസുകൾക്കായി പരിമിതപ്പെടുത്തേണ്ടതാണ്. അതോടൊപ്പം കിഴക്കുഭാഗത്ത് നഗരസഭ ഷോപ്പിങ്ങ് കോപ്ലക്സിനോട് ബന്ധപ്പെട്ടസ്ഥലം ബസ് സ്റ്റാന്റായി വികസിപ്പിച്ച് കിഴക്കൻ മേഖലയിലേക്കുള്ള ബസ് സ്റ്റാന്റായി മാറ്റിയാൽ മേൽപറഞ്ഞ പ്രശ്നത്തിന് പരിഹാരമാകുന്നതാണ്. നഗരകേന്ദ്രത്തിലെ റോഡുഭാഗത്ത് കാൽനട യാത്രക്കാരുടെ സുരക്ഷക്കായി ഇപ്പോൾ നിർമ്മിച്ചിട്ടുള്ള നടപ്പാതകൾക്കു പുറമെ ബാക്കി ഭാഗം കൂടി നടപ്പാത നിർമ്മിച്ച് സൗകര്യപ്പെടുത്തേണ്ടതാണ്. നിർമ്മിച്ചിട്ടുള്ള നടപ്പാതകൾ വീതികുറഞ്ഞതും യാത്രകൾക്ക് അസൗകര്യം ഉണ്ടാകുന്ന രീതിയിലുമാണ് റോഡുകളിലേക്ക് കയറ്റി ഇട്ടിരിക്കുന്ന ഉന്തുവണ്ടികളിലും അല്ലാതെയും നടത്തുന്ന വഴിയോര കച്ചവടം ഗതാഗതതടസ്സം വർദ്ധിപ്പിക്കുന്നതിന് മറ്റൊരു കാരണമായിതീരുന്നു. റോഡരികിൽ നിരനിരയായി കാറുകളും, ബസ്സുകളും മറ്റു വാഹനങ്ങളും പാർക്ക് ചെയ്യുന്നത് പതിവാക്കിയിരിക്കുന്നു. എൻ.എച്ച്. ബൈപാസിൽ കാൽ നട യാത്രക്കാരുടെ കാഴ്ചയും മറച്ചുകൊണ്ട് റോഡ് ക്രോസ് ചെയ്യുന്ന യാത്രക്കാരുടെ ജീവൻ അപകടപ്പെടുത്തുന്ന തരത്തിലാണ് ബസ്സുകളുടെ ഇപ്പോഴത്തെ പാർക്കിംഗ്. ഇവർക്കെതിരെ യഥാസമയം നിയമനടപടികൾ സ്വീകരിക്കപ്പെടുന്നില്ല. അതോടൊപ്പം നഗരത്തിൽ പാർക്കിംഗ് സൗകര്യം ഒരുക്കേണ്ടതും ആവശ്യമാണ്. നഗരത്തിന്റെസ്ഥലദൗർലഭ്യ പ്രശ്നം ഗുരുതരമാകയാൽ മൾട്ടി ലെവൽ പാർക്കിഗ് സംവിധാനം ഏർപ്പെടുത്തണം. ഇപ്പോൾ ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗ് ആവശ്യം മറ്റു പാർക്കിംഗിന്റെ ഏകദേശം 60 ശതമാനം വേണ്ടതായി കാണുന്നു. അതുകൊണ്ട് കാർപാർക്കിംഗിന്റെ അത്രതന്നെ ഇരുചക്ര വാഹന പാർക്കിംഗ് സൗകര്യം നൽകേണ്ടതാണ്. 30 മിനിറ്റുകൾ 2 മണിക്കൂർ വരെയുള്ള ഷോർട്ടി ഡ്യൂറേഷൻ പാർക്കിംഗ് നീണ്ട സമയത്തേക്കുള്ള ലോംഗ് ഡ്യൂറേഷൻ പാർക്കിംഗിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. നഗരത്തിലെ കവലകളുടെ നവീകരണം പൊതുമരാമത്തു വകുപ്പുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ടതുണ്ട്. റോഡുകളിൽ തടസ്സം ഉണ്ടാകുന്ന ഇലക്ട്രിക് പോസ്റ്റ് ബോർഡ് എന്നിവ നീക്കം ചെയ്യുവാനുള്ള പരിപാടികൾ ഉണ്ടാകണം. റോഡ് ജംഗ്ഷനിൽ നിന്ന് കഴിയുന്നത് 50 മീറ്റർ ദൂരത്തിൽ ഓട്ടോ ടാക്സി സ്റ്റാന്റുകൾ, ബസ് സ്റ്റോപ് എന്നിവയുടെ സ്ഥാനം നിർണയിക്കണം.

നഗരത്തിലെ റോഡുകൾ കാനകൾ പ്രധാന കവലകൾ ഓട്ടോ ടാക്സി സ്റ്റാന്റുകൾ ബസ് സ്റ്റോപ്, ഫുട്പാത്തുകൾ പാർക്കിംഗ് എന്നിവയുടെ ശാസ്ത്രീയവും സൂക്ഷ്മവുമായ സ്ഥാന നിർണയത്തിലൂടെയും നിർമ്മാണ പ്രക്രിയയിലൂടെയുമാണ് റോഡുകളുടെ സമഗ്രവികസനം നടപ്പാക്കേണ്ടത്.

നഗരസഭ പ്രദേശത്ത് റോഡുകളുടെ വികസനത്തിനും നിർമ്മാണത്തിനും റോഡ് നെറ്റ് വർക്ക് പ്ലാൻ അനിവാര്യമാണ്ൽ 2018 കൊടുങ്ങല്ലൂർ നഗരസഭയുടെ മാസ്ററർ പ്ലാൻ . ടാർ റോഡുകളുടെ സു .തയ്യാറാക്കിയിട്ടുളലതാണ്രക്ഷയുടെ പ്രധാനഭാഗമാണ് മഴക്കാലത്ത് ജലനിർഗമന കാനകൾടാർ റോഡുകൾക്കും കാന നഗരസഭപ്രദേശത്തുളള മുഴവൻ . ഭ്രൂമിയുടെ ചരിവിനേയും ജലനിർഗമന കേന്ദ്രത്തെയും .സൌകര്യം ലഭ്യമായിട്ടില്ലാത്തതാണ് .കണക്കിലെടുക്കാതെ നിർമ്മിച്ചതുകൊണ്ട് പല കാനകളിലൂടെയുള്ള ഒഴുക്കും തകരാറിലായിരുന്നു വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നിർമ്മിതികളും കലിങ്കുകളും അറ്റകുറ്റപണികൾ നടത്തേണ്ട അവസ്ഥയിലാണുളളത്പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ മേൽ പ്രശ്നങ്ങൾ . പരിഹരിക്കുന്നതിനും ലോമെയിന്റനൻസ് റോഡ് ആയ ഇന്റർലോക്ക് വിരിക്കുന്ന

പ്രവൃത്തികൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്.ബസ് സ്റ്റാന്റ് റിനോവേഷൻ,ജലസ്രോതസുകളുടെ സംരക്ഷണവും,സൌന്ദര്യവൽക്കരണവും,മുനിസിപ്പൽ പാർക്ക്തിരക്കേറിയ വെള്ളക്കെട്ട് അനുഭവപ്പെടുന്ന റോഡുകളിൽ ,ലൈബ്രറി നവീകരണം , കാനനിർമ്മാണവും ഇന്റർലോക്ക് വിരിക്കലും നഗരസഭയുടെ നിലവിലുള്ള ആസ്തികളുടെ സംരക്ഷണവും ,പുതുക്കലുംവിവിധ റോഡുകളുടെ അറ്റകുറ്റപണികളും നവീകരണവും , .കാലയളവിൽ പൂർത്തീകരിക്കുവാൻ സാധിച്ച കാനനിർമ്മാണം എന്നിവ ത്വരിതഗതിയിൽ ഈ സ്ട്രീറ്റ് ലൈറ്റ് ,തെരുവുവിളക്കുകളുടെ അറ്റകുറ്റപണിയും സ്ഥാപനവും പുതിയ റോഡുകളിലും ,വലിക്കാത്ത റോഡുകളിലും പുതിയ സ്ട്രീറ്റ് ലൈറ്റുകളുടെ സ്ഥാപനം വൈദ്യുതിചാർജ് കുറയ്ക്കുന്നതിനായി എൽഇണ്ടാക്കുന്ന ഡി ലൈറ്റുകളുടെ സ്ഥാപനം ഗതാഗതത്തിന് തടസ്സം.ഇ. ഇലക്ട്രിക്പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ എന്നിവ ഈ കാലഘട്ടത്തിൽ പൂർത്തീകരിക്കുവാൻ 18–2017 .സാധിച്ചവർഷം –/65077911 പദ്ധതികളിലായി 330രൂപയും 2019–2018 ,വർഷം 365 പദ്ധതികളിലായി –/65126227രൂപയും 2020–2019 ,വർഷം –/49959235 പദ്ധതികളിലായി 434 രൂപയും 21–2020 ,വർഷം –/140463861 പദ്ധതികളിലായി 434രൂപയും 22–2021 ,വർഷം 115143846 ,ബസ് സ്റ്റാന്റുകൾ ,പ്രധാന കവലകൾ ,കാനകൾ ,നഗരത്തിലെ റോഡുകൾ .രൂപയും ചിലവഴിച്ച നഗരസഭയിലെ പ്രധാന പ്രദേശങ്ങളിലെ അവസ്ഥകൾ എന്നിവ വിലയിരുത്തി സമഗ്രവികസനമാണ് നഗരസഭ നടപ്പിലാക്കിവരുന്നത്.

2022–23 സാമ്പത്തിക വർഷം പൊതുമരാമത്ത് , ഊർജ്ജം , കുടിവെള്ളം പദ്ധതികൾക്കായ് 123510426/– രൂപ വകയിരുത്തിയതിൽ 90273960/– രൂപ ചെലവഴിച്ചിട്ടുണ്ട്.

നഗരത്തിലെ റോഡുകൾബസ് ,ഓട്ടോ ടാക്സി സ്റ്റാന്റുകൾ ,പ്രധാന കവലകൾ ,കാനകൾ , സ്ത്രീയവും സൂക്ഷ്മവുമായ സ്ഥാന പാർക്കിംഗ് എന്നിവയുടെ ശാ ,ഫുട്പാത്തുകൾ ,സ്റ്റോപ്പ് നിർണയത്തിലൂടെയും നിർമ്മാണ പ്രക്രിയയിലൂടെയുമാണ് റോഡുകളുടെ സമഗ്രവികസനം .നടപ്പാക്കേണ്ടത്

## നഗരാസൂത്രണം

മെച്ചപ്പെട്ട ജീവിതസൗകര്യം പ്രദാനം ചെയ്യത്തക്ക രീതിയിൽ നഗരഘടകങ്ങളുടെ ക്രമീകരണം മുൻകൂട്ടി നിശ്ചയിച്ച് നടപ്പിലാക്കുന്ന പ്രക്രിയയെ നഗരാസൂത്രണം എന്നു പറയുന്നു.നഗരത്തിലെ ആവാസകേന്ദ്രങ്ങൾ, സേവനകേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ, വ്യാപാര – വ്യവസായ കേന്ദ്രങ്ങൾ, വിനോദകേന്ദ്രങ്ങൾ, കെട്ടിടങ്ങൾ, ഗതാഗത സൗകര്യങ്ങൾ, കൃഷിസ്ഥലങ്ങൾ, ചുറ്റുപാടുകൾ തുടങ്ങിയ വിവിധ ഘടകങ്ങളെ ശരിയായ വിധത്തിൽ ചിട്ടപ്പെടുത്തി, മനോഹരവും സൗകര്യപ്രദവുമായി, ചുരുങ്ങിയ ചെലവിൽ മികവുറ്റതാക്കിയെടുക്കുന്ന ആസൂത്രണ പ്രക്രിയയാണ് നഗരാസൂത്രണം

ഭാവിയിലേക്കുള്ള ഉപയോഗവും സൗകര്യപ്പെടുത്തലുംകൂടി ലക്ഷ്യമിട്ടുകൊണ്ട് നഗരത്തെ സംവിധാനം ചെയ്യുന്നതാണ് നഗരാസൂത്രണം. നഗരത്തിന്റെ വലിപ്പം, പ്രത്യേകത, പ്രാധാന്യം, പ്രശ്നങ്ങൾ, പരിമിതികൾ തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ആസൂത്രണം നടപ്പിലാക്കുന്നത്. പുതിയ നഗരം രൂപകല്പന ചെയ്യുമ്പോഴും നിലവിലുള്ള നഗരങ്ങൾക്ക് ആസൂത്രണപ്രക്രിയ നടപ്പാക്കുമ്പോഴും ഈവക കാര്യങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ട്. പഴക്കംകൊണ്ട് ജീർണതയുണ്ടാകുമ്പോൾ നഗരപ്രദേശങ്ങൾക്ക് പുനരുജ്ജീവനം അനിവാര്യമായും വരുന്നു.

ശാസ്ത്രവും കലയും കോർത്തിണക്കിക്കൊണ്ടുള്ള ഒരു പ്രക്രിയയാണ് നഗരാസൂത്രണം. നഗരത്തെ സംബന്ധിച്ച വസ്തുവകകളുടെ സമാഹരണം, വിശകലനം, അവയെ പരസ്പരം ബന്ധപ്പെടുത്തൽ തുടങ്ങിയവ ശാസ്ത്ര സംബന്ധിയായ കാര്യങ്ങളാണ്. ഈ വസ്തുതകളെ ശരിയായ രീതിയിൽ ചിട്ടപ്പെടുത്തി നഗരത്തെ മനോഹരമാക്കിയെടുക്കുക എന്നത് കലാപരമായ സംഗതിയും. അതുകൊണ്ടു തന്നെ ഒരു പുതിയ നഗരം രൂപകല്പന ചെയ്യുമ്പോഴോ നിലവിലുള്ളവയെ ആവശ്യങ്ങൾക്കനുസരിച്ച് ശക്തിപ്പെടുത്തുമ്പോഴോ കലയെയും ശാസ്ത്രത്തെയും വേർതിരിച്ചുകൊണ്ടുള്ള പ്രവർത്തനം ആശാസ്യമല്ല. ഇവരും വേണ്ടത്ര അളവിൽ ഒത്തുചേർന്നാൽ മാത്രമേ നല്ലൊരു നഗരം സൃഷ്ടിക്കാനാകൂ. അതിനാൽ ആർക്കി ടെക്ചർ, എൻജിനീയറിങ്, ഭൂമിശാസ്ത്രം,

പരിസ്ഥിതിശാസ്ത്രം, സാമൂഹ്യശാസ്ത്രം, സാമ്പത്തികശാസ്ത്രം എന്നിവയെല്ലാം സമന്വയിച്ച ഒരു മേഖലയാണ് നഗരാസൂത്രണം എന്ന് പൊതുവായി പറയാം.

പൊതുവെ, വികസനപ്രക്രിയയുടെ വിജയത്തെ സൂചിപ്പിക്കുന്നതാണ് നഗരങ്ങളുടെ വളർച്ച. കൂടുതൽ തൊഴിൽ സാധ്യതകളും സാമ്പത്തികനേട്ടവും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും ജീവിതനിലവാരവും പ്രദാനം ചെയ്യാൻ അവസരമൊരുക്കും എന്നതിനാൽ നഗരജനസംഖ്യയിൽ വേഗത്തിലുള്ള വർധനഉണ്ടാകുന്നത് സ്വാഭാവികമാണ്. ഗ്രാമങ്ങളിൽത്തന്നെ തൊഴിലവസരങ്ങൾ ഉള്ളപ്പോൾപ്പോലും ജനങ്ങൾ നഗരങ്ങളിലേക്ക് പ്രവഹിക്കുന്നത് നഗരങ്ങൾ മെച്ചപ്പെട്ട സാമ്പത്തികസാധ്യതകളും സാമൂഹ്യ ഉയർച്ചയും വാഗ്ദാനം ചെയ്യുന്നു എന്നതിനാലാണ്. നഗരവത്കരണം ഒരു ശാപമല്ല മറിച്ച് ഗുണമാണ്. അത് മനുഷ്യന് പുതിയ പ്രതീക്ഷകൾ നല്കുകവഴി സാമൂഹ്യഘടനയിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. ഇത് വ്യവസായ വൽക്കരണത്തെ ത്വരിതപ്പെടുത്തുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്കു പോലും വർധിച്ച സാമ്പത്തിക അവസരങ്ങളും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും ലഭ്യമാക്കുന്നതിന് ഇത് അവസരമൊരുക്കുന്നു.

വികസ്വര രാഷ്ട്രങ്ങളിലെല്ലാം തന്നെ നഗരങ്ങൾ വികസന പ്രക്രിയയുടെ വിജയത്തിന്റെ അടയാളങ്ങളായാണ് കണക്കാക്കപ്പെടുന്നത്. വിജയപ്രദമായ നഗരങ്ങൾ ആസൂത്രണ തത്ത്വങ്ങളുടെയും തന്ത്രങ്ങളുടെയും വിജയമാണ് പ്രതിഫലിപ്പിക്കുന്നത്.മറിച്ച് നഗരങ്ങളുടെ പരാജയവും അതിന്റെ ഫലമായി ഉണ്ടാകുന്ന നിരാശയും നിയമരാഹിത്യവും പരിസ്ഥിതിനാശവും തൊഴിലില്ലായ്മയും ദാരിദ്ര്യവും സാമ്പത്തികത്തകർച്ചയുമെല്ലാം ആസൂത്രണത്തിലുണ്ടായ ദൗർബല്യങ്ങളിലേക്കും വ്യവസ്ഥിതിയിലെ പരസ്പരവൈരുദ്ധ്യങ്ങളിലേക്കുമുള്ള ചൂണ്ടുപലകകളായും കണക്കാക്കപ്പെടുന്നു.

നഗരങ്ങൾക്ക് സാമ്പത്തിക കെട്ടുറപ്പും സുസ്ഥിരമായ സാമ്പത്തികവളർച്ചയും നേടാൻ കഴി ഞ്ഞാൽ മാത്രമേ നഗരവത്കരണത്തിന്റെ നല്ല വശങ്ങൾ സമൂർത്തമാവുകയുള്ളൂ. ഇവിടെയാണ് നഗരവത്കരണത്തിന്റെ (urban and regional planning) പ്രാധാന്യം വ്യക്തമാകുന്നത്.

ശരിയാംവിധം ആസൂത്രണം ചെയ്ത നഗരം ജനങ്ങൾക്ക് കൂടുതൽ സൗകര്യവും ആശ്വാസവും പ്രദാനം ചെയ്യുന്നു. നഗരം ആസൂത്രണം ചെയ്യാതിരുന്നാലുള്ള ദോഷങ്ങൾ പലതാണ്. കാര്യക്ഷമമല്ലാത്തതും ഇടുങ്ങിയതുമായ വഴികളും റോഡുകളും ഉണ്ടാക്കുന്ന അസൗകര്യം സമൂഹത്തിന് മൊത്തത്തിൽ ദോഷം ചെയ്യും. ചേരികളുടെ രൂപീകരണവും ചിതറിയ അധിവാസവും ഉണ്ടാകും. അപകടകരമായ സ്ഥലങ്ങളും സുരക്ഷിതമല്ലാത്ത വ്യവസായശാലകളും ജനങ്ങൾക്ക് ഭീഷണിയാകും. അനാരോഗ്യകരമായ ജീവിത സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടും. തുറസ്സായ സ്ഥലങ്ങൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, തുടങ്ങിയവയുടെ അഭാവം നഗരജീവിതത്തിലെ ആഹ്ലാദവേളകൾക്ക് തടസ്സമാകും. വെള്ളം, വൈദ്യുതി, മാലിന്യനിർമാർജ്ജനം തുടങ്ങിയവയുടെ പോരായ്മ ആരോഗ്യരംഗത്ത് ഭീഷണിയാകും. ഇത്തരം അവസ്ഥകൾ മാറ്റി മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ ഒരുക്കുന്നതിന് പൊതുവെ വികസന പ്രക്രിയയുടെ വിജയത്തെ സൂചിപ്പിക്കുന്നതാണ് നഗരങ്ങളുടെ വളർച്ച കൂടുതൽ തൊഴിൽസാധ്യതകളും സാമ്പത്തികനേട്ടവും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും ജീവിതനിലവാരവും പ്രദാനം ചെയ്യാൻ അവസരമൊരുക്കും എന്നതിനാൽ നഗര ജനസംഖ്യയിൽ വേഗത്തിലുള്ള വർധന ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഗ്രാമങ്ങളിൽത്തന്നെ തൊഴിലവസരങ്ങളുള്ളപ്പോൾപ്പോലും ജനങ്ങൾ നഗരങ്ങളിലേക്കു പ്രവഹിക്കുന്നത് നഗരങ്ങൾ മെച്ചപ്പെട്ട സാമ്പത്തികസാധ്യതകളും സാമൂഹ്യ ഉയർച്ചയും വാഗ്ദാനം ചെയ്യുന്നു എന്നതിനാലാണ്. നഗരവത്കരണം ഒരു ശാപമല്ല മറിച്ച് ഗുണമാണ്. അത് മനുഷ്യന് പുതിയ പ്രതീക്ഷകൾ നൽകുക വഴി സാമൂഹ്യഘടനയിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. ഇത് വ്യവസായവത്കരണത്തെ ത്വരിതപ്പെടുത്തുന്നു. ഗ്രാമീണമേഖലയിലെ ജനങ്ങൾക്കുപോലും വർധിച്ച

സാമ്പത്തികഅവസരങ്ങളും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ലഭ്യമാക്കുന്നതിന് ഇത് അവസരമൊരുക്കുന്നു.

വികസ്വരരാഷ്ട്രങ്ങളിലെല്ലാം തന്നെ നഗരങ്ങൾ വികസന പ്രക്രിയയുടെ വിജയത്തിന്റെ അടയാളങ്ങളായാണ് കണക്കാക്കപ്പെടുന്നത്. വിജയപ്രദമായ നഗരങ്ങൾ ആസൂത്രണ തത്വങ്ങളുടെയും തന്ത്രങ്ങളുടെയും വിജയമാണ് പ്രതിഫലിക്കുന്നത്. മറിച്ച് നഗരങ്ങളുടെ പരാജയവും അതിന്റെ ഫലമായി ഉണ്ടാകുന്ന നിരാശയും നിയമരാഹിത്യവും പരിസ്ഥിതിനാശവും തൊഴിലില്ലായ്മയും ദാരിദ്ര്യവും സാമ്പത്തികത്തകർച്ചയുമെല്ലാം ആസൂത്രണത്തിലുണ്ടായ ദൗർബല്യങ്ങളിലേക്കും വ്യവസ്ഥിതിയിലെ പരസ്പര വൈരുദ്ധ്യങ്ങളിലേക്കുമുള്ള ചൂണ്ടുപലകകളായും കണക്കാക്കപ്പെടുന്നു. നഗരങ്ങൾക്ക് സാമ്പത്തിക കെട്ടുറപ്പും സുസ്ഥിരമായ സാമ്പത്തിക വളർച്ചയും നേടാൻ കഴിഞ്ഞാൽ മാത്രമേ നഗര വത്കരണത്തിന്റെ നല്ല വശങ്ങൾ സമൂർത്തമാവുകയുള്ളൂ. ഇവിടെയാണ് നഗരമേഖല ആസൂത്രണത്തിന്റെ (urban and regional planning) പ്രാധാന്യം വ്യക്തമാകുന്നത്.

കൊടുങ്ങല്ലൂർ നഗരത്തിന്റെ മാസ്റ്റർ പ്ലാൻ നഗരസഭയും ടൗൺ & കൺട്രി പ്ലാനിംഗ് ഡിപ്പാൾട്ട്മെന്റും കൂടി ചേർന്ന് തയ്യാറാക്കിയിട്ടുള്ളതാണ്. 2031– വരെയുള്ള സുസ്ഥിര വികസനത്തിന്റെ അടിസ്ഥാനത്തിലുള്ള സൂക്ഷ്മതല ആസൂത്രണമാണ് മാസ്റ്റർ പ്ലാനിൽ കൊണ്ടുവന്നിട്ടുള്ളത്.സ്ഥലപര ആസൂത്രണത്തിന്റെ ഭാഗമായി ഭൂമി ഉപയോഗം (കൃഷി, പാർപ്പിടം, വാണിജ്യം, പൊതുസ്ഥാപനങ്ങൾ, വ്യവസായം), വ്യാവസായിക പ്രവർത്തനങ്ങൾ, വ്യാപാരവാണിജ്യ പ്രവർത്തനങ്ങൾ, ടൂറിസം, മത്സ്യബന്ധനം, ഗതാഗതം, കുടിവെള്ളം, ശുചിത്വം, ഊർജം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി തുടങ്ങി നഗര വികസനത്തിലെ എല്ലാ മേഖലകൾ സംബന്ധിച്ചും പ്രശ്നവിശകലനത്തിന്റെ അടിസ്ഥാനത്തിലുള്ള പരിഹാരനിർദ്ദേശങ്ങൾ മാസ്റ്റർപ്ലാനിൽ അവതരിപ്പിച്ചിട്ടുണ്ട്.ഈ ദീർഘകാല പരിപ്രേഷ്യത്തിന്റെ അടിസ്ഥാനത്തിൽ 13–ാം പഞ്ചവത്സര പദ്ധതിയിലേയും തുടർന്നുള്ള കാലയളവിലേയും വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്താൽ ശാസ്ത്രീയമായി വികസനം കൈവരിച്ച ആധുനിക നഗരമാക്കി കൊടുങ്ങല്ലൂരിനെ മാറ്റിയെടുക്കാൻ കഴിയും. അതിനുള്ള പ്രവർത്തനങ്ങളാണ് 21-22 വാർഷിക പദ്ധതി മുതൽ ഏറ്റെടുക്കപ്പെടേണ്ടത്.

## മത്സ്യബന്ധന മേഖല

കൊടുങ്ങല്ലൂർ നഗരസഭയുടെ ഭൂപ്രകൃതി പരിശോധിച്ചാൽ പുല്ലൂറ്റ് നാരായണമംഗലം മേഖല, ലോകമലേശ്വരം – കാവിൽകടവ് മേഖല – മേത്തല – ആനാപ്പുഴ – വി പി തുരുത്ത് – പടന്ന മേഖല എന്നിങ്ങനെ പരന്നു കിടക്കുന്നതാണ് മത്സ്യതൊഴിലാളി മേഖല മൊത്തം ജനസംഖ്യയുടെ ഏകദേശം 10% ശതമാനത്തോളം താഴെ വരുന്ന മത്സ്യതൊഴിലാളികൾ ഭൂരിഭാഗവും അസംഘടിത വിഭാഗമാണ്. വളരെ ചുരുക്കം ചിലർക്കുമാത്രമാണ് സർക്കാർ ഫിഷറീസ് വകുപ്പുവഴിയും ക്ഷേമനിധി ബോർഡ്, അഡാക്ക് എന്നീ സഹകരണ സംഘങ്ങൾ വഴിയും നൽകി വരുന്ന ധനസഹായം, പരിശീലനം എന്നിവയെക്കുറിച്ച് ധാരണയുള്ളൂ. പുല്ലൂറ്റ് മേഖലയിൽ പൊക്കാളി പാടശേഖരങ്ങളിൽ കൊയത്തു കഴിഞ്ഞ് മത്സ്യകൃഷി നടത്തുന്നവരും തൂമ്പ്, കെട്ട് എന്നിവയിൽ മീൻ വളർത്തൽ തുടങ്ങിയ ഉൾനാടൻ മത്സ്യബന്ധന രീതികൾ അവലംബിക്കുന്നവരുമാണ്. ലോകമലേശ്വരം – കാവിൽകടവ് പ്രദേശത്തെ മത്സ്യതൊഴിലാളികളും വള്ളവും വലയും ഉപയോഗിച്ച് മീൻപിടിക്കുന്ന പരമ്പരാഗത മത്സ്യതൊഴിലാളി ഗണത്തിൽപ്പെടുന്നവരാണ്.

മേത്തല ആനാപ്പുഴ ഭാഗം മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശമാണ് മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഫിഷർമെൻ കോളനി തന്നെ ആനാപ്പുഴ മേഖലയിലുണ്ട്. ഇവർ പരമ്പരാഗത മത്സ്യബന്ധന രീതികൾക്കു പുറമെ കൂടുകൃഷി തുടങ്ങിയ ആധുനിക കൃഷിരീതികളും അവലംബിക്കുന്നവരാണ്. നഗരസഭയിലെ മറ്റു പ്രദേശങ്ങളിലെ മത്സ്യതൊഴിലാളികളെ അപേക്ഷിച്ച് മാർഗ്ഗ നിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്നവരുമാണ്.

## പ്രശ്നവിശകലനം

ഉൾനാടൻ മത്സ്യതൊഴിലാളികൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ടതും ഗുരുതരവുമായ പ്രശ്നമാണ് ജലസ്രോതസ്സുകളുടെ മലിനീകരണം. മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന കുളങ്ങൾ, കായലുകൾ, പുഴകൾ, തോടുകൾ എന്നിവയിൽ അടിഞ്ഞു കൂടുന്ന വൻതോതിലുള്ള പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങളും അറവുശാലകളിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങളും മത്സ്യസമ്പത്തിന്റെ വംശനാശത്തിന് കാരണമാകുന്നു. സീസണലായുണ്ടാകുന്ന കുളവാഴയുടെ ശല്യം മത്സ്യബന്ധനത്തിന് തടസ്സമാകുന്നു. വടക്കൻ മേഖലകളിൽ നിന്നുമാണ് ഇത്തരത്തിൽ കുളവാഴകൾ കൂട്ടത്തോടെ പുഴയിലേക്ക് ഒഴുകിയെത്തുന്നത് ഇത് തടയുന്നതിനും ഉത്ഭവസ്ഥാനത്തുവച്ചു തന്നെ ഇവയെ സംസ്കരിക്കുന്നതിനു വേണ്ട നടപടിയും സ്വീകരിക്കേണ്ടതാണ്.മലിനമായ ജലത്തിൽ പലപ്പോഴും മത്സ്യങ്ങൾ ചത്തുപൊന്താറുണ്ട്. ഇത്തരം പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് സാധാരണ മത്സ്യതൊഴിലാളികൾക്ക് സാധിക്കാതെ വരുന്നു. ഈ രംഗത്ത് നഗരസഭയുടെ സജീവമായ ഇടപെടൽ അത്യന്താപേക്ഷിതമാണ്.

പൊക്കാളി പാടശേഖരങ്ങളിൽ കൊയ്ത്തു കഴിഞ്ഞാൽ വരുന്ന ആറുമാസത്തേയ്ക്ക് മീൻ വളർത്തൽ ഇങ്ങനെ ഇടകലർന്ന കൃഷിരീതിയാണ് പരമ്പരാഗതമായി തുടർന്നു പോന്നിരുന്നത്. എന്നാൽ ഈയടുത്ത കാലത്തായി ഇടനിലക്കാരുടെ കടന്നു കയറ്റം ഈ പ്രകൃയയെ താളം തെറ്റിച്ചിരിക്കുകയാണ്. വൻ തുകയ്ക്ക് പാടശേഖരങ്ങൾ പാട്ടത്തിനെടുക്കുന്നവർ മീൻ വളർത്തലിനു വേണ്ടി പാടത്തിന്റെ ആഴം കൂട്ടുകയും ഇത് കടുത്ത പാരിസ്ഥിതിക പശ്നങ്ങൾക്ക് വഴിവെയ്ക്കുകയും ചെയ്യുന്നു. പാടശേഖരങ്ങൾ പരിവർത്തന വിധേയമാക്കുമ്പോൾ തുടർന്ന് പൊക്കാളികൃഷിക്ക് അനുയോജ്യമല്ലാതായിത്തീരുകയും കാലങ്ങളായി കാർഷികരംഗത്ത് തനതായ സംഭാവന നൽകിക്കൊണ്ടിരിക്കുന്ന പൊക്കാളി നെൽകൃഷി ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഒരവസ്ഥയും നിലവിലുണ്ട്. മാത്രമല്ല ഇത്തരത്തിൽ ആഴം കൂട്ടുന്നത് സമീപ പ്രദേശങ്ങളിൽ ജല സ്രോതസ്സുകളിൽ ഉപ്പിന്റെ അംശം വർദ്ധിക്കുന്നതിനും ശുദ്ധജല ദൗർലഭ്യത്തിന് വഴിതെളിക്കുകയും ചെയ്യുന്നു. ഈ രംഗത്തും നഗരസഭയുടെ സജീവമായ ഇടപെടൽ ആവശ്യമാണ്.

നഗരസഭാ പരിധിയിലെ പല തോടുകളും കുളങ്ങളും മണ്ണുമൂടി വെള്ളം കയറാനാവാത്ത വിധം നശിച്ചു കൊണ്ടിരിക്കുകയാണ്. ഇവ ജെ.സി.ബി ഉപയോഗിച്ച് ചാലു കീറി വൃത്തിയാക്കി മീൻ വളർത്തുന്നതിന് അനുകുലമാക്കണം. ഇതിനുവേണ്ടി നഗരസഭ മുൻകൈ എടുക്കേണ്ടതാണ്. നഗരസഭാ പരിധിയിലെ മത്സ്യതൊഴിലാളികൾ പൊതുവെ അസംഘടിതരാണ് മത്സ്യബന്ധന മേഖലയിൽ വർഷങ്ങളായി തൊഴിലെടുക്കുന്നവരാണെങ്കിലും മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലോ മറ്റു മത്സ്യകാർഷിക ക്ലബ്ബുകളിലോ തുടങ്ങിയ രജിസ്ട്രേഡ് സംഘങ്ങളിലോ അംഗത്വമില്ലാത്തവരാണ്. അതുകൊണ്ടുതന്നെ ഇവർക്കു ലഭിക്കേണ്ടതായ പല ആനുകൂല്യങ്ങളും നഷ്ടപെടുന്ന അവസ്ഥയുണ്ട്. ഇത്തരത്തിലുള്ള ഒരു അവബോധം തന്നെ പലരിലുമില്ല. ചിലർക്ക് അംഗത്വം ലഭിക്കാതെ വരുന്ന സാഹചര്യം മറ്റൊന്നാണ് പരമ്പരാഗതമത്സ്യതൊഴിലാളികൾ മത്സ്യ ലഭ്യത ഇല്ലാതെ വരുന്ന കാലയളവിൽ പട്ടിണിയിലും വറുതിയിലും കഴിഞ്ഞിരുന്നെങ്കിൽ ഇന്നത്തെ യുവജനങ്ങൾ ഈ

കാലയളവിൽ മറ്റു തൊഴിലെന്തെങ്കിലും ചെയ്ത് ഉപജീവനം കഴിക്കുന്നു. ഈ കാരണം കൊണ്ട് ഇവർ മത്സ്യതൊഴിലാളിയല്ല എന്നു പറഞ്ഞ് അംഗത്വം നിഷേധിക്കുന്നു എന്നതും യാഥാർത്ഥ്യമാണ്. ഇത്തരത്തിൽ അസംഘടിതരായ ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് നിയമപരിരക്ഷ നൽകുന്നതിന് ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളെ ഏകോപിപ്പിച്ച് മത്സ്യകാർഷിക ക്ലബ്ബുകൾക്കും മറ്റും രൂപം നൽകുന്നതിനും മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളവരാക്കി തീർക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നഗരസഭയുടെ ഭാഗത്തുനിന്നുണ്ടകണം.

കൂടാതെ മത്സ്യതൊഴിലാളികൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങളിൽ വൈദ്യുതി, കുടിവെള്ള ലഭ്യത, സൗകര്യമുള്ള റോഡുകൾ, കക്കൂസ് ഇല്ലാത്ത കുടുംബങ്ങളിൽ കക്കൂസ്, വാസയോഗ്യമായ ഭവനമില്ലാത്തവർക്ക് ഭവനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കേണ്ടതാണ്.

ഇവർ നേരിടുന്ന മറ്റൊരു വിഷയം മത്സ്യ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സാഹചര്യമില്ല എന്നതാണ് ഇതിനു അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള ഇടപെടലുകൾ നഗരസഭ നടത്തേണ്ടതാണ്. ആനാപ്പുഴയിൽ പണികഴിപ്പിച്ചിട്ടുള്ള മത്സ്യമാർക്കറ്റ് സാധാരണക്കാർക്കും പ്രയോജനപ്പെടുന്ന വിധത്തിൽ തുറന്നു പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്.

നഗരസഭാതലത്തിൽ മാത്രം പരിഹരിക്കാവുന്നതല്ല ഇവർ നേരിടുന്ന പ്രശ്നങ്ങൾ. വീട് വയ്ക്കുന്നതിന് പുഴയിൽ നിന്നും 100 മീ. ദൂര പരിധി പാലിക്കണം എന്ന നിബന്ധന മത്സ്യതൊഴിലാളികളുടെ കാര്യത്തിൽ ഒഴിവാക്കണമെന്നതാണ് ഒരാവശ്യം. മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന ഓരോരുത്തരും പുഴയുമായി ഇഴുകി ചേർന്ന് ജീവിക്കുന്നവരാണ്. മിക്കവാറും തൊഴിലാളികൾക്ക് 100 മീ പരിധിയിൽ സ്ഥലമുള്ളവരും കാലങ്ങളായി വീടുകെട്ടി താമസിക്കുന്നവരുമാണ്. മത്സ്യതൊഴിലാളികൾക്ക് വീടുവെക്കുന്നതിന് ഈ നിബന്ധന ഒഴിവാക്കുന്നതിന് സർക്കാർ നിയമം കൊണ്ടവരണം.

പുല്ലൂറ്റ്, ആനാപ്പുഴ, വി.പി തുരുത്ത് പടന്ന മേഖലകളിൽ പുഴ ചിറ കെട്ടി സംരക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കേണ്ടതുണ്ട് ഇത് നഗരസഭയ്ക്ക് ഒറ്റയ്ക്ക് നടത്താനാകുന്നതല്ല. ജലസേചനം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളുമായി സഹകരിച്ച് ബഹുവത്സര പ്രൊജക്ടായി നടപ്പിലാക്കാവുന്നതാണ്.

**<u>കുടിവെള്ളം</u>**

തൃശ്ശൂർ ജില്ല ഉൾപ്പെടെ 12 ജില്ലകളെ കടുത്ത വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചു. ദേശീയ ശരാശരിയേക്കാളും ഉയർന്ന അളവിൽ മഴ ലഭിച്ചിട്ടും വരൾച്ചബാധിത പ്രദേശമായി മാറുന്നതിനുള്ള കാരണം ജലത്തിന്റെ അശാസ്ത്രീയമായ ശേഖരണ പ്രവർത്തനങ്ങളോ അശ്രദ്ധമായ വിനിയോഗമോ ആണെന്ന് കരുതേണ്ടി വരും. 1982,1983, 1985, 1986, 1987 കാലയളവിലും കടുത്ത വരൾച്ചയേയാണ് കേരളം അഭിമുഖീകരിച്ചത്. എന്നിട്ടും നമ്മൾ ജലം സംരക്ഷിക്കാനും കരുതലോടെ ഉപയോഗിക്കാനും കാര്യമായ ഒരു നടപടിയും സ്വീകരിച്ചില്ല എന്നതാണ് യാഥാർത്ഥ്യം.

കുളങ്ങളുടേയും കിണറുകളുടേയും ഉപയോഗം കുറച്ച് പൈപ്പ് വെള്ളത്തെ ആശ്രയിക്കുന്ന ജീവിതശൈലിയാണ് ഒരു പരിധി വരെ ഈ പ്രശ്നങ്ങൾക്ക് കാരണം. പൈപ്പ് വെള്ളം കിട്ടുമെന്നായതോടെ കുടിവെള്ളത്തിന്റെ സ്വാഭാവിക സ്രോതസ്സുകളായിരുന്ന കിണറുകളും കുളങ്ങളും ആരും ശ്രദ്ധിക്കാതെയായി. അവയൊക്കെ മാലിന്യങ്ങൾ തള്ളാനുള്ള ഇടങ്ങളായി മാറുകയും കൈയ്യേറ്റങ്ങളുടേയും ഇരയാകുകയും ചെയ്തു.

ഒരാൾക്ക് ഒരുദിവസം കുടിക്കാനും കുളിക്കാനും മറ്റുപയോഗത്തിനുമായി 135 ലിറ്റർ വെള്ളം മതിയാകുമെന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്ക് (WHO). പക്ഷെ കേരളത്തിൽ 335 ലിറ്റർ വെള്ളമാണ്. ശരാശരി അണുകുടുംബത്തിന് 2½ ലിറ്റര് വെള്ളം മതി. അതിൻരെ എത്രയോ മടങ്ങാണ് പുരപ്പുറത്ത് പെയ്തുവീണ് ഒഴുകിപോകുന്ന മഴവെള്ളം. മഴക്കാലത്ത് ലഭിക്കുന്ന വെള്ളത്തിന്റെ ഒരു ഭാഗം സംഭരിച്ചാൽ മാത്രം മതി വേനൽക്കാലത്ത് ജലക്ഷാമം പരിഹരിക്കുവാൻ.

## അദ്ധ്യായം 4

# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രങ്ങൾ

കൊടുങ്ങല്ലൂരിലെ പൗരസമൂഹത്തിന് ഗുണമേന്മയും അന്തസ്സുമുള്ള ജീവിതം ലഭ്യമാക്കാനുതകും വിധം അനുഗ്രഹീത നഗരമായി വികസിപ്പിച്ച് നൂറ്റാണ്ടുകൾക്കപ്പുറം നഷ്ടപ്പെട്ട സൗഭാഗ്യങ്ങളെ തിരിച്ചു പിടിക്കുകയെന്നതാണ് വികസന പ്രവർത്തനങ്ങളിലൂടെ നഗരസഭ ലക്ഷ്യമാക്കുന്നത്. അത് സാമ്പത്തിക ശാക്തീകരണം ഉറപ്പുവരുത്തുന്നതും സ്വയംപര്യാപ്തിയിലേക്കു നയിക്കുന്നതും പരിസ്ഥിതിക്ക് ഒരു പോറൽ പോലും ഏല്പിക്കാത്തതുമായിരിക്കും. അത്തരമൊരു വികസന പ്രക്രിയയിൽ താഴെ പറയുന്ന ഘടകങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ട്.

- ❖ മത്സ്യമേഖല : കൊടുങ്ങല്ലൂർ നഗരസഭയ്ക്ക് അകത്തും പുറത്തുമായി ആകെ വിസ്തൃതിയുടെ 18%-നു മീതെയാണ് ജലസ്രോതസ്സുകളുടെ വിസ്തീർണ്ണം. കൃഷി, വ്യവസായം, മൃഗസംരക്ഷണം തുടങ്ങി ഉല്പാദനമേഖലയിലെ പ്രവർത്തനങ്ങൾക്ക് ഇതേ അളവിൽ പ്രവർത്തന സ്ഥലം ലഭിക്കുകയില്ല. മത്സ്യകൃഷിയുടെ വൈവിധ്യവത്ക്കരണത്തിലൂടെ മത്സ്യകൃഷി പ്രവർത്തനങ്ങളെ വിപുലീകരിക്കുകയെന്നതാണ് സാമ്പത്തികമേഖലയിൽ മുന്നേറുന്നതിന് സ്വീകരിക്കേണ്ട തന്ത്രം. തോടുകളിൽ ഞണ്ടുകൃഷി വ്യാപകമാക്കി. 'കൊടുങ്ങല്ലൂർ ബ്രാന്റ് ഞണ്ട്' വിപണിയിലിറക്കണം. കൂടുമത്സ്യകൃഷി, കുളങ്ങളിലെ മത്സ്യകൃഷി (പടാകുളം, ദളവാകുളം, കരിശ്ശാംകുളം, ചേന്നൻകുളം) ഫിഷ് ഫാമുകൾ എന്നിവ നടപ്പിലാക്കണം. മത്സ്യസംസ്ക്കരണ-വിപണന കേന്ദ്രങ്ങളുടെ ശക്തമായ ശൃംഖല പടുത്തുയർത്തണം.
- ❖ മാലിന്യം നിറഞ്ഞ് ദുർഗന്ധം വമിക്കുന്ന തോടുകളും കുളങ്ങളും ശുചീകരിച്ച് സംരക്ഷിക്കുക. പരിസ്ഥിതിയുടെ ജീവശ്വാസമായ കണ്ടൽക്കാടുകളെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കുക.
- ❖ നഗരത്തെ സുരക്ഷിതവും മാലിന്യമുക്തവുമാക്കുക. മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്ക്കരിക്കുക. മൂന്നു വർഷം കൊണ്ട് നഗരസഭയിലെ എല്ലാ കുടുംബത്തിനും ഏതെങ്കിലും തരത്തിലുള്ള ഫലപ്രദമായ മാലിന്യസംസ്കരണ സംവിധാനം ലഭ്യമാക്കുക.
- ❖ നഗരത്തിന്റെ പകുതിയിലേറെയും ലവണജല ബാധിത പ്രദേശങ്ങളായതിനാൽ 54.39% കുടുംബങ്ങൾ പൂർണ്ണമായും കേരള വാട്ടർ അതോറിറ്റിയുടെ ജല വിതരണത്തെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. സാധാരണ ഗതിയിൽ 2488 മി.മീ. മഴ പെയ്യുന്ന കൊടുങ്ങല്ലൂരിൽ മഴവെള്ളം ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ ശേഖരിച്ച് ഉപയോഗിക്കുവാനായാൽ, പൈപ്പുവെള്ളം കാത്തിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരമാകും. മുഴുവൻ പൊതുസ്ഥാപനങ്ങളിലും മുഴുവൻ കുടുംബങ്ങളിലും മഴവെള്ള സംഭരണത്തിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. കിണർ ലഭ്യമായ മുഴുവൻ വീടുകളിലും കിണർ റീചാർജ്ജിംഗ്, കിണറില്ലാത്ത വീടുകളിൽ മഴവെള്ള സംഭരണികൾ എന്നിവ നടപ്പാക്കി. വേനൽക്കാല മാസങ്ങളിലേക്ക് ശുദ്ധജല ശേഖരം സൃഷ്ടിക്കുക എന്നതാണ് കാഴ്ചപ്പാട്.

- നഗരസഭാ പ്രദേശത്തെ 5% കുടുംബങ്ങൾ പാർപ്പിടങ്ങളില്ലാത്തവരോ, വാസയോഗ്യമല്ലാത്തതോ പൂർത്തീകരിക്കാത്തതോ ആയ ഭവനങ്ങളിൽ താമസിക്കുന്നവരാണ്. മുഴുവൻ കുടിലുകളും ഓലപ്പുരകളും ജീർണ്ണിച്ച വീടുകളും മാറ്റിയോ, പുതുക്കിയോ പണിത് അന്തസ്സുള്ള ജീവിതാന്തരീക്ഷം 5 വർഷം കൊണ്ടൊരുക്കുക.
    - കൊടുങ്ങല്ലൂർ നഗരത്തെ മേജർ സെക്കന്റ് ഓർഡർ അർബൻ സെന്റർ ആയി

| | | |
|---|---|---|

വികസിപ്പിച്ചുകൊണ്ട് എല്ലാ നഗരങ്ങളും ഗ്രാമങ്ങളുമായും ഉയർന്ന തലത്തിലുള്ള കണക്റ്റിവിറ്റി സൃഷ്ടിക്കുക.

- മാലിന്യ മുക്തമായ ഹൈടെക് വ്യവസായങ്ങൾക്ക് വേദിയൊരുക്കുക.
- ആരോഗ്യ മേഖലയിൽ, ജീവിതശൈലീ രോഗങ്ങൾ, റോഡപകടങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങൾ താലൂക്ക് ആശുപത്രിയിൽ വികസിപ്പിക്കുന്നതോടൊപ്പം പകർച്ചവ്യാധികളെ തടയുന്നതിനായി സെക്കന്ററി ലെവൽ ഹെൽത്ത് കെയർ സൗകര്യങ്ങൾ ശക്തിപ്പെടുത്തുക.
- പൊതുവിടങ്ങളും പാർക്കുകളും സാംസ്കാരികകേന്ദ്രങ്ങളും കളിക്കളങ്ങളും വിപുലമാക്കിക്കൊണ്ട് സമൂഹത്തിലെ സാംസ്ക്കാരിക മുന്നേറ്റങ്ങളെ ത്വരിതപ്പെടുത്തുക. മുനിസിപ്പൽ പാർക്കിനോടനുബന്ധിച്ച് റിക്രിയേഷണൽ ഹബ്ബ് സ്ഥാപിക്കുക.
- വയലാർ–ഉഴുവത്ത്കടവ്–കാവിൽക്കടവ്–ശൃംഗപുരം–ഉണ്ടേക്കടവ്–ആനാപ്പുഴ വഴി കോസ്റ്റൽ റോഡ് നിർമ്മിച്ച് സ്റ്റേറ്റ് ഹൈവേകളുമായി ബന്ധിപ്പിക്കുക. 18 മീറ്റർ വീതിയിൽ നിർമ്മിക്കുന്ന ഈ റോഡിന്റെ കാവിൽക്കടവ് കനാൽ, ശൃംഗപുരം കനാൽ വിടവുകൾ നികത്തേണ്ടതാണ്.
- 12 മീറ്റർ വീതിയിൽ താഴെ പറയുന്ന 14 സബ് മേജർ റോഡുകൾ യാഥാർത്ഥ്യമാക്കേണ്ടതാണ്.
    1. പടാകുളം–അഴീക്കോട് റോഡ് 2. ചന്തപ്പുര–കോസ്റ്റൽ റോഡ് ലിങ്ക് 3. നാരായണമംഗലം – വെള്ളൂർ റോഡ് 4. പെരിങ്ങപ്പാടം റെഗുലേറ്ററി റോഡ് 5. തച്ചപ്പിള്ളി റോഡ് 6. ചാപ്പാറ – പന്തീരാംപാല – എസ്.എച്ച്.51 റോഡ് 7. കിഴക്കെ നട – തെക്കെ നട റോഡ് 8. ഹോസ്പിറ്റൽ റോഡ് 9. നിർദ്ദിഷ്ട റിക്രിയേഷൻ ഹബ്ബിലേക്കുള്ള റോഡ് 10. ശൃംഗപുരം–സോണൽ ഓഫീസ് – ടി.കെ.എസ്.പുരം റോഡ് 11. കെ.എസ്.ആർ.ടി.സി. റോഡ് 12. ടി.കെ.എസ്.പുരം – കോട്ടപ്പുറം റോഡ് 13. മേനക റോഡ് – കോട്ടപ്പുറം ജെട്ടി റോഡ് 14. മേത്തല–ശ്രീകൃഷ്ണക്ഷേത്രം – പി.എച്ച്.സി. റോഡ്
- വൈദ്യുതി വിതരണത്തിന് അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം പ്രാവർത്തികമാക്കുക.
- നഗരത്തിന് തൊട്ടുപുറത്തായി മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം സ്ഥാപിക്കുക.

| | | |
|---|---|---|
| 1. | ഊർജ്ജോത്പാദനവും സംരക്ഷണം | 1. വൈദ്യുതി ചെലവ് കുറയ്ക്കുന്നതിനും വൈദ്യുതി ലഭ്യമാകാത്ത സാഹചര്യത്തിൽ ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനുമായി നഗരസഭയിൽ ഗ്രിഡ് ടൈഡ് സോളാർ പവർപ്ലാന്റ് സ്ഥാപിക്കുക. |
| 2. | കൃഷിയും അനുബന്ധമേഖലയും | 1. നഗരസഭാ പ്രദേശത്തെ മുഖ്യ കാർഷിക വിളയായ നാളികേര കൃഷിയിൽ ഉല്പ്പന്ന വർദ്ധനവിനാവശ്യമായ സമഗ്രവികസന പരിപാടി ആവിഷ്ക്കരിക്കൽ, ഉല്പ്പാദന ക്ഷമമല്ലാത്ത തെങ്ങുകൾ വെട്ടിമാറ്റി പ്രത്യുല്പ്പാദന ശേഷിയുള്ള തെങ്ങിനങ്ങൾ നട്ടുവളർത്തുക, പ്രതിവർഷം നാളികേര ഉല്പ്പാദനം തെങ്ങൊന്നിന് 100–120 എണ്ണത്തിൽ എത്തിയ്ക്കുക.<br>2. പൂർണ്ണമായും വിപണിയെ ആശ്രയിക്കുന്ന പച്ചക്കറി ഇനങ്ങളുടെ കാര്യത്തിൽ 5 വർഷം കൊണ്ട് പ്രാദേശിക ആവശ്യകതയുടെ പകുതിയെങ്കിലും ഉല്പ്പാദിപ്പിക്കുവാൻ കഴിയുന്ന സാഹചര്യം ഒരുക്കുക.<br>3. കാർഷിക മേഖലയിൽ ജൈവവളത്തിന്റെയും ജൈവകീടനാശിനികളുടെയും ഉപയോഗം വർദ്ധിപ്പിക്കുകയും ജൈവകൃഷിരീതികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.<br>4. ജാതി, കുരുമുളക് എന്നീ ഇടവിള കൃഷികളുടെ സാന്ദ്രത വർദ്ധപ്പിക്കുക.<br>5. ലഭ്യമായ മുഴുവൻ നെൽപ്പാടങ്ങളും സംരക്ഷിക്കുകയും നെൽകൃഷി പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക. ആദായകരമായ രീതിയിൽ ചെയ്യാൻ കഴിയുന്ന പ്രദേശങ്ങളിൽ കര നെൽകൃഷി വ്യാപിപ്പിക്കുക<br>6. തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നീ ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കി ജല സംഭരണികളാക്കുക.<br>7. ജല ലഭ്യത ഉയർത്തുന്ന്തിന്റെ ഭാഗമായി മഴവെള്ളം കിണറുകളിലേയ്ക്ക് റീ ചാർജ്ജ് ചെയ്യുന്ന പ്രവർത്തനം മുഴുവൻ വീടുകളിലും ഉറപ്പുവരുത്തുക.<br>8. തോടുകളും കുളങ്ങളും യഥാകാലം ശുദ്ധീകരിച്ച് പാർശ്വ ഭിത്തികൾ കെട്ടി സംരക്ഷിക്കുക.<br>9. പഴവർഗ്ഗങ്ങൾ ലഭ്യമാകുന്നതിലേയ്ക്ക് മാവ്, പ്ലാന്റ്, നെല്ലി, പുളി, ചാമ്പ, പേര തുടങ്ങിയ മരങ്ങൾ വ്യാപകമായി വച്ചുപിടിപ്പിക്കുക.<br>10. നഗരസഭ പ്രദേശത്ത് വിവിധ ഇനങ്ങളിൽപ്പെട്ട ഒരു ലക്ഷം മരങ്ങൾ വച്ച് പരിപാലിക്കുക.<br>11. പഴം, പച്ചക്കറി എന്നിവയും വിപണനത്തിന് നാടൻ ചന്തകൾ ഉൾപ്പെടെ മാർക്കറ്റിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുക.<br>12. സംഘ കൃഷിയ്ക്ക് ഗ്രൂപ്പുകൾ ഉണ്ടാക്കി സ്ഥലം, കുളങ്ങൾ എന്നിവ പാട്ടത്തിനെടുത്ത് വിവിധ കൃഷികൾ നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുക.<br>13. ഒരു വിളയ്ക്കായോ പച്ചക്കറി കൃഷികൾ എല്ലാത്തിനുമായോ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കാർഷിക ഉല്പ്പാദന കമ്പനികളെയോ അതുവഴി ഉല്പ്പന്ന വൈവിദ്ധ്യ വത്ക്കരണ സംസ്ക്കരണ വിപണന പ്രവർത്തനങ്ങൾ നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുക.<br>14. മുണ്ടകൻ, പൊക്കാളി നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും മുഴുവൻ പാടങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും പരിപാടികൾ ആവിഷ്ക്കരിക്കുക |

| | | |
|---|---|---|
| **3.** | **മൃഗസംരക്ഷണവും ക്ഷീര വികസനവും** | 1. പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പ്പാദനം വർദ്ധിപ്പിച്ച് പ്രാദേശിക ആവശ്യകതയുടെ പകുതിയെങ്കിലും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>2. മുഖ്യതൊഴിലായോ ഉപ തൊഴിലായോ മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി അവർക്ക് ആവശ്യമായ കന്നുകാലികൾ, തൊഴുത്ത്, കറവയന്ത്രം എന്നിവ ലഭ്യമാക്കുന്ന പ്രവർത്തനം.<br>3. ആധുനിക അറവുശാല സ്ഥാപിക്കുന്ന പദ്ധതി ആവിഷ്ക്കരിക്കുക.<br>4. മൃഗാശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കുക.<br>5. മൃഗസംരക്ഷണ മേഖലയിലെ ഉല്പ്പാദനത്തിന്റെ മാർക്കറ്റിംഗ് സംവിധാനം കൊണ്ടുവരുക |
| **4.** | **പ്രാദേശിക സാമ്പത്തിക വികസനം** | 1. കൃഷി ഉൽപ്പന്നങ്ങൾ, പാൽ, മാംസം, മുട്ട, മത്സ്യം എന്നീ ഉല്പ്പന്നങ്ങൾ മൂല്യ വർദ്ധിതമായി രൂപാന്തരപ്പെടുത്തി വിപണനം നടത്തുവാനുള്ള ചെറു സംരഭങ്ങൾ പ്രോത്സാഹിപ്പിക്കുക.<br>2.പ്രാദേശിക ഉല്പ്പാദന മേഖലയിലെ തൊഴിൽ സംരഭങ്ങൾ വികസിപ്പിക്കുന്നതിന് ആധുനിക ഉല്പ്പാദന മേഖലയിലെ ഉല്പ്പാദന സംരഭങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കുക.<br>3. കുടുംബശ്രീയുടെ സംരഭക വികസന പരിപാടിയുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ ആരംഭിക്കുക.<br>4. പ്രാദേശിക വിഭവ സമ്പത്ത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി ഉല്പ്പാദന യൂണിറ്റുകളും സൂക്ഷ്മ സംരഭങ്ങളും പ്രോത്സാഹിപ്പിക്കുക. |
| **5.** | **ദാരിദ്ര്യ ലഘൂകരണം ചേരി പരിഷ്ക്കരണം** | 1. പരമദരിദ്രരും അഗതികളുമായ കുടുംബങ്ങളെ ആശ്രയ പദ്ധതിയിലൂടെ പരിപാലിക്കുക.<br>2. ലാന്റിംഗ് പ്ലേയ്സിലെ ചേരി പരിഷ്ക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.<br>3. ചേരികളിൽ നിന്നും മാറ്റി താമസിപ്പിച്ച കുടുംബങ്ങൾക്ക് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ നൽകുക. |

| | | |
|---|---|---|
| 6. | സാമൂഹ്യ നീതി | 1. ശിശുക്കൾ, കുട്ടികൾ, അമ്മമാർ എന്നിവർക്കാവശ്യമായ ക്ഷേമ വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.<br>2. ഭിന്നശേഷിയുള്ളവർ, ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവർ, ഗുരുതര രോഗം ബാധിച്ചവർ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കാവശ്യമായ ക്ഷേമ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.<br>3. വയോജനങ്ങൾ, കിടപ്പുരോഗികൾ എന്നീ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക.<br>4. ഭിന്നശേഷിയുള്ള കുട്ടികൾക്കായി ബഡ്സ് (ആൗറ) സ്ക്കൂൾ ആരംഭിക്കുക.<br>5. അങ്കണവാടികൾക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുക.<br>6. അങ്കണവാടികുട്ടികൾക്കുള്ള പോഷകാഹാരങ്ങൾ ലഭ്യമാക്കുക.<br>7. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിനാവശ്യമായ ക്ഷേമ പരിപാടികൾ നടപ്പിലാക്കുക. |
| 7. | വനിത വികസനം | 1. വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിനാവശ്യമായ സാമ്പത്തിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക<br>2. വ്യക്തി തലത്തിലും, ഗ്രൂപ്പ് തലത്തിലും പ്രാവർത്തികമാകുന്ന തൊഴിൽ സംരഭങ്ങൾ തുടങ്ങുന്നതിനും നില നിർത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.<br>3. സ്ത്രീകളുടെ തൊഴിൽ- വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്കുപുറമെ ഉല്പ്പനങ്ങളുടെ വിപണനത്തിന് വിപണന കേന്ദ്രങ്ങൾ നടത്തുക.<br>4. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി ജാഗ്രത സമിതികൾ രൂപീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.<br>5. നിർഭയ പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ പരിപാടികളായ കരാട്ടെ, ജൂഡോ എന്നിവയിലെ പരിശീലനം വിദ്യാർത്ഥികൾക്കും വനിതകൾക്കും നൽകുക.<br>6. പെൺകുട്ടികൾക്കും സ്ത്രീകൾക്കും സൗകര്യപ്രദമായ രീതിയിൽ നാപ്കിൻ, വെന്റിംഗ് യൂണിറ്റുകൾ, നാപ്കിൻ ഡിസ്പോസൽ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുക.<br>7. വിദ്യാർത്ഥികൾക്ക് കൗമാരകാല കൗൺസിലിംഗ് ലിംഗനീതിയോടു ബന്ധപ്പെട്ട ബോധവത്ക്കരണം എന്നിവ നടത്തുക<br>8. നഗര കേന്ദ്രത്തിലും പൊതുഇടങ്ങളിലും ടോയ്ലറ്റുകളും വിശ്രമമുറികളും, മുലയൂട്ടൽ കേന്ദ്രങ്ങളും സ്ഥാപിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. |

| | | |
|---|---|---|
| 8. | പട്ടികജാതി വികസനം | 1. പട്ടികജാതി വിഭാഗക്കാർക്ക് ഉന്നത വിദ്യാഭ്യാസവും ഒരു വീട്ടിൽ ഒരാൾക്ക് സ്ഥിര വരുമാനമുള്ള തൊഴിലും നൽകുക.<br>2. കുടിവെള്ളം, പാർപ്പിടം എന്നിവ ഈ വിഭാഗക്കാർക്ക് ഉറപ്പുവരുത്തി പാശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.<br>3. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ വിദ്യ അഭ്യസിക്കുന്ന കുട്ടികൾക്ക് പഠനത്തിനാവശ്യമായ ഉപകരണങ്ങൾ നൽകി ഇവരെ സമൂഹത്തിന്റെ ഉന്നതിയിലേയ്ക്ക് ഉയർത്തുക. |
| 9 | ആരോഗ്യം | 1. നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിപാടികൾ ആവിഷ്ക്കരിക്കുക.<br>2. ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങൾ സ്ക്രീനിംഗ് ക്ലിനിക്കൽ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുക.<br>3. ഔഷധ ദൗർലഭ്യം പരിഹരിക്കുന്നതിനായി ആവശ്യമായ സന്ദർഭങ്ങളിൽ ജീവൻ രക്ഷാ ഔഷധങ്ങളും അത്യന്താപേക്ഷിതങ്ങളായ മറ്റു ഔഷധങ്ങളും പുറമെ നിന്നു വാങ്ങുന്നതിന് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി പദ്ധതികൾ ഉണ്ടാക്കുക.<br>4. ക്യാൻസർ, പ്രമേഹം, പക്ഷപാതം, രക്താതിമർദ്ദം, വൃക്ക രോഗങ്ങൾ, കരൾ രോഗങ്ങൾ എന്നീ ജീവിത ശൈലി രോഗങ്ങളുടെ ചികിത്സയ്ക്ക് പര്യാപ്തമാകുന്ന രീതിയിൽ അത്യാധുനിക സജീകരണങ്ങളോടെ കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയെ നവീകരിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുക.<br>5. പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യങ്ങളും ദുരന്ത നിവാരണത്തിന്റെ ഭാഗമായ പകർച്ചേതര വ്യാധികളുടെ സമഗ്ര നിയന്ത്രണത്തിന് മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ ക്ലാസ്സുകളും പ്രാദേശിക പരിശോധന സംവിധാനങ്ങളും ഏർപ്പെടുത്തുക.<br>6. താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് കേന്ദ്ര സേവനം ഉപയോഗിക്കുന്ന ദരിദ്രർക്ക് ഇതു സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുക.<br>7. അവയവദാനം, രക്തദാനം എന്നീ മനുഷ്യ സേവന പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുക.<br>8. സ്ക്കൂൾ ആരോഗ്യ പരിപാടി ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കുക.<br>9. വയോജനങ്ങൾക്ക് ചികിത്സയും ഔഷധങ്ങളും ലഭ്യമാക്കുന്നതിനുള്ള ക്ലിനിക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.<br>10. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പ്രത്യേക പരിചരണം നൽകുന്ന ആശുപത്രി സംവിധാനം ഏർപ്പെടുത്തുക. |

| | | |
|---|---|---|
| 10 | ശുചിത്വം, മാലിന്യ സംസ്ക്കരണം | 1. മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കൽ<br>2. ജൈവവള മാലിന്യങ്ങളെ വളമാക്കി മാറ്റുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കൽ<br>3. പ്ലാസ്റ്റിക്കുകൾ മനുഷ്യന് ദോഷമില്ലാത്ത രീതിയിൽ സംസ്ക്കരിക്കൽ<br>4. ആധുനീക രീതിയിലുള്ള സ്ലോട്ടർ ഹൗസ്<br>5. ഉറവിടത്തിൽ വച്ചുതന്നെ ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റുന്നതിന് വീടുകളിൽ ബയോഗ്യാസ് സംവിധാനം ഏർപ്പെടുത്തൽ |
| 11. | വിദ്യാഭ്യാസം | 1. വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലാക്കി മാറ്റുന്നതിന്റെ ഭാഗമായി സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജമാക്കൽ<br>2. വിദ്യാലയങ്ങളിൽ ആവശ്യമായ പാശ്ചാത്തല സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങൾ, ഫർണീച്ചറുകൾ, ടോയ്‌ലറ്റുകൾ, ലൈബ്രറികൾ, റീഡിംഗ് റൂമുകൾ, അസംബ്ലി ഹാൾ, ഡൈനിംഗ് ഹാൾ, പാചകപ്പുരകൾ, സ്റ്റോർ റൂമുകൾ, കളിക്കളങ്ങൾ, കുടിവെള്ളം, വൈദ്യുതി, മാലിന്യ സംസ്ക്കരണ ഉപാധികൾ എന്നിവ സജ്ജമാക്കൽ<br>3. ഹരിതാഭമായ വിദ്യാലയങ്ങൾക്ക് രൂപം നൽകൽ<br>4. വിദ്യാലയങ്ങളിൽ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കൽ<br>5. സാഹിത്യം, കല, കായിക പ്രവൃത്തികൾക്ക് അന്തരീക്ഷവും സൗകര്യവും ഒരുക്കൽ<br>6. ആട്സ് & സ്പോർട്സ് രംഗത്തുള്ളവർക്ക് പ്രത്യേകിച്ച് ബന്ധപ്പെട്ട സംഘടനകൾക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കൽ |
| 12. | കുടിവെള്ളം | 1. മുഴുവൻ കുടുംബങ്ങൾക്കും സുരക്ഷിതമായ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക<br>2. ശുദ്ധജല സംരക്ഷണത്തിനായി ശുദ്ധജലം ലഭ്യമാകുന്ന മുഴുവൻ കിണറുകളും കുളങ്ങളും സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി ജല സംഭരണികളാക്കുക.<br>3. മഴവെള്ളം ശേഖരിക്കുന്നതിനായി സാധ്യമായ മുഴുവൻ വീടുകളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക.<br>4. പുതിയ കിണറുകളും കുളങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുക.<br>5. ബി.പി.എൽ. കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി സബ്സിഡി നിബന്ധനകൾക്കു വിധേയമായി ഏറ്റെടുക്കുക.<br>6. മലിന ജലം സംസ്ക്കരിച്ച് പുനർ ഉപയോഗം നടത്തുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക.<br>7. ശുദ്ധജലത്തിന്റെ ധൂർത്തും ദുരുപയോഗവും കുറയ്ക്കുവാനുള്ള ജല സാക്ഷരത പരിപാടികൾ സംഘടിപ്പിക്കുക. |

| | | |
|---|---|---|
| 13 | പാർപ്പിടം | 1. അഞ്ചുവർഷത്തിനുള്ളിൽ ഭൂരഹിതരും ഭവന രഹിതരും ആയ മുഴുവൻ കുടുംബങ്ങൾക്കും മാന്യവും വാസയോഗ്യവുമായ പാർപ്പിടം നിർമ്മിക്കുക.<br>2. വിവിധ പാർപ്പിട പദ്ധതികളിലെ ഗുണഭോക്താക്കളുടെ പൂർത്തിയാക്കാത്ത പാർപ്പിടങ്ങൾ വാസയോഗ്യമായ നിലയിൽ പൂർത്തീകരിക്കുക.<br>3. നഗരപ്രദേശത്ത് ഓലപുരകൾ ഇല്ലാതാക്കുന്നതിനായി അത്തരത്തിലുള്ള വീടുകൾ ഓട്/ കോൺക്രീറ്റ് എന്നീ മേൽക്കൂരകളോടെ പുനർ നിർമ്മിക്കുക.<br>4. ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ പുനർ നിർമ്മിക്കുക.<br>5. മുഴുവൻ വീടുകളിലും ശുദ്ധജലം, കക്കൂസ്, വൈദ്യുതി, മാലിന്യ സംസ്ക്കരണ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക<br>6. എല്ലാവർക്കും സുരക്ഷിത ഭവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള "LIFE" മിഷനുമായി സംയോജിപ്പിച്ച് പാർപ്പിട പദ്ധതികൾ നടപ്പിലാക്കുക. |
| 14. | പൊതുമരാമത്ത് ഊർജ്ജം | 1. പൊട്ടിപ്പൊളിഞ്ഞ റോഡുകൾ റീടാറിംഗ് ചെയ്യൽ<br>2. പുതിയ റോഡുകൾ മെറ്റലിംഗ്, ടാറിംഗ് ചെയ്യൽ<br>3. നഗരസഭയുടെ ആസ്തികൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങൾ മെയിന്റനൻസ് ചെയ്യുക<br>4. നഗരസഭയുടെ പ്രദേശങ്ങളിലെ പൊതുകിണറുകൾ വൃത്തിയാക്കി കുടിവെള്ള സ്രോതസ്സ് നിലനിൽത്തുക<br>5. പൊട്ടിപ്പൊളിഞ്ഞ കാനകൾ മെയിന്റനൻസ് ചെയ്ത് സ്ലാബിടുക<br>6. കാനകൾ ഇല്ലാത്ത റോഡുകളിൽ പുതിയ കാനകൾ നിർമ്മിച്ച് സ്ലാബിട്ട് സഞ്ചാരയോഗ്യമാക്കൽ<br>7. വഴിയോരങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>8. എല്ലാ ഭവനങ്ങളിലും വൈദ്യുതി ലഭ്യമാക്കൽ<br>9. വൈദ്യുതിവിതരണത്തിന് അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം പ്രാവർത്തികമാക്കുക.<br>10. പൊതുസ്ഥാപനങ്ങളുടെയും 2500ച. അടിക്കു മീതെയുള്ള പാർപ്പിടങ്ങളുടെയും റൂഫുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. |

| | | |
|---|---|---|
| 15. | നഗരാസൂത്രണം | 1. നഗരത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ നഗരത്തിന്റെ വികസന പ്രവർത്തനം ക്രമീകരിക്കുക.<br>2. നഗരത്തിലെയും വാർഡുകളിലെയും റോഡ് നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ മിക്ക റോഡുകളും പുതിയ റോഡുകളും റോഡ് വികസനവും നടപ്പിലാക്കുക.<br>3. കാൽ നടയാത്രക്കാർക്കുള്ള നടപ്പാതകൾ ആവശ്യമായിടെത്തെല്ലാം നിർമ്മിച്ചു യാത്രക്കാരെ സുരക്ഷ ഉറപ്പാക്കുക<br>4. വർദ്ധിച്ചുവരുന്ന വാഹന ബാഹുല്യത്തെ നിയന്ത്രണ വിധേയമാക്കുന്നതിനായി നഗരപ്രദേശങ്ങളിൽ മൾട്ടിലെവൽ പാർക്കിംഗ് ഉൾപ്പെടെയുള്ള പാർക്കിംഗ് സംവിധാനം ഉണ്ടാക്കുക. ഷോർട്ട് ഡ്യൂറേഷൻ പാർക്കിംഗ് സംവിധാനം ഉണ്ടാക്കുക. ഷോർട്ട് ഡ്യൂറേഷൻ പാർക്കിംഗിനും ലോഗ് ഡ്യൂറേഷൻ (Long Duration) പാർക്കിംഗിനും പ്രത്യേകം സംവിധാനം ഒരുക്കുക.<br>5. റോഡിനിരുവശങ്ങളിലും മഴവെള്ളം ഒഴുകുവാനുള്ള ഫലപ്രദമായ ഡ്രൈനേജ് സംവിധാനം കൊണ്ടുവരുക. കാനകളുടെ അടിവശം കോൺക്രീറ്റ് ഒഴിവാക്കേണ്ടതും ഭൂമിയുടെ സ്വാഭാവികമായ ചരിവിനെയും ജലനിർഗമന സ്ഥാനത്തേയ്ക്ക് എത്തിച്ചേരുവാനുള്ള സൗകര്യത്തെയും അടിസ്ഥാനമാക്കി നിർമ്മിക്കേണ്ടതാണ്. |
| 16. | മത്സ്യ വികസനം | 1. മത്സ്യതൊഴിലാളികളെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി മത്സ്യ ബന്ധനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്ക് അനുയോജ്യമായി പാശ്ചാത്തല സൗകര്യം ഒരുക്കുക.<br>2. മത്സ്യബന്ധനത്തിനാവശ്യമായ അനുകൂല സാഹചര്യം ഒരുക്കുക<br>3. പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് വഞ്ചിയും വലയും നൽകൽ<br>4. മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണീച്ചർ, പഠനോപകരണങ്ങൾ നൽകൽ<br>5. പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് കൂടുമത്സ്യകൃഷിക്കാവശ്യമായവ നൽകൽ. |

| | | |
|---|---|---|
| 17. | ജൈവവൈവിധ്യം | 1. പൊതു തോട്ടുകളുടെയും കുളങ്ങളുടെയും വശങ്ങളിൽ തീറ്റപ്പുൽ കൃഷി നടത്തുകയാണെങ്കിൽ മണ്ണൊലിപ്പ് തടയുകയും,കൂടാതെ ഇത് ക്ഷീരകർഷകർക്ക് ഉപയോഗിക്കാൻ സാധിക്കുകയും ചെയ്യും.<br>2. കണ്ടൽകാടുകൾ,കാവുകൾഅടയാളപ്പെടുത്തുകയുംസംരക്ഷണംനൽകുകയുംചെയ്യണം.<br>3. ജൈവവൈവിധ്യസംരക്ഷണത്തിന്റെആവശ്യകതകുട്ടികളെമലസിലാക്കിക്കൊടുക്കുന്നതിനാവശ്യമായക്ലാസ്സുകൾവിദ്യാലയങ്ങളിൽനടത്തുക.<br>4. മാലിന്യസംസ്കരണപ്ലാന്റിൽനട്ടുവളർത്തിയഔഷധസസ്യങ്ങളുടെശാസ്ത്രീയനാമങ്ങൾഉൾപ്പെടെയുള്ളവിവരങ്ങൾരേഖപ്പെടുത്തിയബോർഡ്സ്ഥാപിക്കുക, കൂടുതൽമരങ്ങൾഔഷധസസ്യങ്ങൾഎന്നിവനട്ടുപിടിപ്പിക്കുക.<br>5. കൂടുതൽസ്കൂളുകളിൽപൂമ്പാറ്റഉദ്യാനം,ഔഷധഉദ്യാനംഎന്നിവസ്ഥാപിക്കുന്നതിനുള്ളപ്രൊജക്ട്തയ്യാറാക്കുക.<br>6. കാതിക്കുളംകെട്ടിസംരക്ഷിച്ച്സൌന്ദര്യവത്കരണംനടത്തണം.അതിനാവശ്യമായപ്രൊജക്ട്തയ്യാറാക്കണം<br>7. ഗ്രീൻപാർക്ക്തൊഴിലുറപ്പ്പദ്ധതിയിലുൾപ്പെടുത്തിചെയ്യാവുന്നതാണ്<br>8. പച്ചതുരുത്ത്നിർമ്മാണംപരിപാലനം<br>9. ജൈവകൃഷിപ്രോത്സാഹനം<br>10. കാതിക്കുളംകെട്ടിസംരക്ഷിച്ച്സൌന്ദര്യവത്കരണംനടത്തണം.അതിനാവശ്യമായപ്രൊജക്ട്തയ്യാറാക്കണം<br>11. ഉപ്പുവെള്ളത്തെപ്രതിരോധിക്കാൻപൂപ്പരത്തിപോലുള്ളവവച്ചുപിടിപ്പിക്കണം.<br>12. ദുരന്തനിവാരണഉപകരണങ്ങൾവാങ്ങുക<br>13. വാർഡ്അടിസ്ഥാനത്തിൽERT കളെരൂപീകരിച്ച്ദുരന്തനിവാരണപരിശീലനംനൽകുക |

## അദ്ധ്യായം 5

# വിഭവസ്രോതസ്സുകളും വകയിരുത്തലും

2026-2027 **വാർഷിക പദ്ധതി**(പ്രതീക്ഷിക്കുന്നത്)

| | വിഭവസ്രോതസ്സ് | |
|---|---|---|
| 1 | വികസനഫണ്ട് | 66282000 |
| 2 | പട്ടികജാതിപ്രത്യേക ഘടകപദ്ധതി | 22166000 |
| 3 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ബേസിക്ക് | 21364000 |
| 4 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ് | 32045000 |
| 5 | റോഡ്മെയിൻറനൻസ് ഫണ്ട് | 42595000 |
| 6 | നോൺറോഡ്മെയിൻറനൻസ് ഫണ്ട് | 58356000 |
| | **ആകെ** | 242808000 |

## അനിവാര്യ പദ്ധതികൾ

| |
|---|
| എസ്.എസ്.എ |
| അങ്കണവാടി പോഷകാഹാരം |
| അങ്കണവാടി വർക്കർമാരുടെ അധികവേതനം |
| പാലിയേറ്റീവ് കെയർ, വൃദ്ധര് |
| ഭിന്നശേഷിയുളളവർക്ക് സ്കോളർഷിപ്പ് |
| ഐ.കെ.എംനുളള വിഹിതം |
| ആശ്രയ |
| വനിതകൾക്കുളള പദ്ധതി |
| ശുചിത്വം, മാലിന്യസംസ്കരണം, ജലസംരക്ഷണം |
| പാർപ്പിടം – ലൈഫ് മിഷന്& PMAY |
| കുട്ടികൾ, ഭിന്നശേഷിയുളളവര് |
| വയോക്ലബ്ബുകൾ |
| പാലിയേറ്റീവ് പരിചരണം |
| പട്ടികജാതി വിഭാഗങ്ങളുടെ വികസനം |
| എ.ബി.സി പദ്ധതി |

# അദ്ധ്യായം 6
# പദ്ധതി നിർദ്ദേശങ്ങൾ
# കൊടുങ്ങല്ലൂർ നഗരസഭ
# 2026-27

## പൊതുഭരണവും ധനകാര്യവും

നൈപുണ്യ പരിശീലനം ജോബ് സ്റ്റേഷൻ ഇന്റേണലുകൾക്ക് ഓണറേറിയം

പദ്ധതി രൂപീകരണം നിർവ്വഹണം, മോണിറ്ററിംഗ് ചിലവുകൾ

നഗരസഭ ഓഫീസിലേയ്ക്ക് വിവിധ ഇലക്ട്രോണിക്,കമ്പ്യൂട്ടർ , അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

ഐ.കെ.എം വിഹിതം നൽകൽ

വെൽനസ് സെന്ററുകളിലേയ്ക്ക് ഇലക്ട്രോണിക്,കമ്പ്യൂട്ടർ , അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

വെൽനസ് സെന്ററുകളിലേയ്ക്ക് ആവർത്തനച്ചിലവുകൾ

വെൽനസ് സെന്ററുകളിലേയ്ക്ക് മരുന്നുകൾ

KWA കുടിശ്ശിക

വിവിധ മാലിന്യ നിർമ്മാർജന പദ്ധതികൾ ഉപകരണങ്ങൾ വാങ്ങൽ

വെൽനസ് സെന്ററുകളിലേയ്ക്ക് രോഗനിർണ്ണയ ക്യാമ്പുകൾ ഏർപ്പെടുത്തുക

മുനിസിപ്പൽ ഓഫീസിൽ സേവനങ്ങൾ ഡിസ്പ്ലെ ചെയ്യാൻ ഡിജിറ്റൽ ബോർഡ് സ്ഥാപിക്കൽ

ജംഗ്ഷനുകളിൽ ഡിജിറ്റൽ പരസ്യ ബോർഡുകൾ

മേത്തല സോണൽ ഓഫീസിൽ ഫ്രണ്ട് ഓഫീസ് താഴേക്ക് മാറ്റൽ

കൊടുങ്ങല്ലൂർ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

PUBLIC WORK SUPERVISION AND MONITORING കൃത്യമായി നടത്തണം

സെക്രട്ടറിയുടെ പ്രോജക്ട് ചിലവ് വരുത്തണം

## .കൃഷിയും അനുബന്ധ മേഖലയും

പച്ചക്കറി തൈ വിതരണം (ചെടിമുരിങ്ങ അഗസ്തി ചീര)

ഇടവിളകൃഷി

മട്ടുപ്പാവ് കൃഷി (HDPE)

കുറ്റിക്കുരുമുളക്

പൊട്ട് വെള്ളരി കൂലി ചിലവ്

തെങ്ങ് വെട്ടൽ (കേടായ തെങ്ങിൻതൈകൾ വെട്ടൽ)

5 വർഷംകൊണ്ട് കായ്ക്കുന്ന തെങ്ങിൻ തൈ വിതരണം

തെങ്ങിന് വളം കീടനാശിനി നൽകൽ

വാഴകൃഷി കൂലി ചിലവ്

ഫലവൃക്ഷ തൈ വിതരണം (മാവ്, പ്ലാവ്)

ഡ്രാഗൺ ഫ്രൂട്ട് കൃഷി സബ്സീഡി

കവുങ്ങിൻ തോട്ട നിർമ്മാണം

മഷ്റും കൃഷി സബ്സിഡി

പൂകൃഷി

തീറ്റപ്പുൽ കൃഷി സബ്സിഡി

## മൃഗസംരക്ഷണവും ക്ഷീര വികസനവും

മൃഗാശുപത്രികളിലേയ്ക്ക് മരുന്ന് വിതരണം

പോത്തുകുട്ടി വിതരണം

ഡോഗ് വാക്സിനേഷൻ

മുട്ടക്കോഴിക്കുഞ്ഞ് വിതരണം

കണ്ടിജന്റ് എക്സ്പെൻസ്

CAP CALF ADOPTION PROGRAMME

RESERVE DOCTOR / TEMPORARY DOCTOR

## .പ്രദേശിക സാമ്പത്തിക വികസനം

സ്വയം തൊഴിൽ വ്യക്തിഗതം (വനിത) –സബ് സിഡി പരമാവധി – 90000/– രൂപ

സ്വയം തൊഴിൽ വ്യക്തിഗതം (ജനറൽ) –സബ് സിഡി പരമാവധി – 60000/– രൂപ

സ്വയം തൊഴിൽ ഗ്രൂപ്പ് – വനിത വിഭാഗം

സ്വയം തൊഴിൽ ഗ്രൂപ്പ് – ജനറൽ വിഭാഗം

സ്വയം തെഴിലിന് വനിതകൾക്ക് ഇരുചക്ര വാഹനം

## ദാരിദ്ര ലഘൂകരണം ചേരി വികസനം.

ആശ്രയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള തുക വകയിരുത്തൽ

NULM വഴിയോരക്കച്ചവടക്കരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി

സ്ത്രീകളെയും യുവാക്കളെയും ഉൾപ്പെടുത്തുന്ന നൈപുണ്യ വികസന പരിശീനങ്ങളും തൊഴിൽ സംരംഭങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള നപടികൾ സ്വീകരിക്കണം

കാവിൽകടവിലെ വഴിയോരക്കച്ചവടങ്ങളെ ട്രസ്റ്റിലേയ്ക്ക് പുനരധിവസിപ്പിക്കാനാവിശ്യമായ നപടികൾ സ്വീകരിക്കണം

കുടുംബശ്രീ സംരംഭങ്ങൾക്ക് പച്ചക്കറി ഉൽപ്പാദനത്തിനായി പദ്ധതി

ആവിഷ്കരിക്കൽ

മുട്ടക്കോഴി വളർത്തലിനായി പദ്ധതി ആവിഷ്കരിക്കൽ

## .സാമൂഹ്യനീതി

നാരായണമംഗലം വാർഡ് 5 ലെ പകൽ വീട് പ്രവർത്തനം പുനർജീവിപ്പിക്കുക

വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ

വയോജനങ്ങൾക്ക് ആയുർവേദ മരുന്ന് വിതരണം

ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കൽ– പഴയ സബ്സെന്റർ കോമ്പൌണ്ട്

വയോമിത്രം പദ്ധതി തുടർന്നും നടപ്പാക്കുക

ഭിന്നശേഷി സൌഹൃദ നഗരസഭ നടപടികൾ ത്വരിതപ്പെടുത്തുക

വയോജന സംഗമം

## വനിത വികസനം

വാർഡ് 5 ,11,12 വനിതകൾക്ക് ഓപ്പൺ ജിം

വാർഡ് 3 , മുനിസിപ്പൽ പാർക്ക്, ചേരമാൻപറമ്പ് എന്നിവടങ്ങളിൽ ഓപ്പൺ ജിം , ആയുർവേദ ആശുപത്രിയുമായി ബന്ധപ്പെട്ട് വനിതകൾക്ക് യോഗ പരിശീലനം

വിവിധ അംഗനവാടികളുടെ അറ്റകുറ്റപണികൾ

അംഗനവാടികൾക്ക് മേശ കസേര അലമാര ,

അംഗനവാടികൾക്ക് പ്രെഷർ കുക്കർ (5 ലി), ചീനച്ചട്ടി

അംഗനവാടികൾക്ക് വെയിങ്ങ് സ്കെയിൽ

## . പട്ടികജാതി വികസനം

സ്കോളർഷിപ്പ് , ഫർണീച്ചർ,ലാപ്ടോപ്പ്, സ്റ്റഡി റൂം, മികവിന് പിന്തുണ, വീട് വാസയോഗ്യമാക്കൽ, വാട്ടർ ടാങ്ക്, മാരേജ്, തുടങ്ങിയ പദ്ധതികൾ തുടർന്ന് പോകണം

പട്ടികജാതി വികസന വകുപ്പിൽ അപേക്ഷിച്ചിട്ടുള്ള മിശ്രവിവാഹിതർക്കുള്ള ധനസഹായം കുടിശ്ശിക 2021 മുതലാണ് ഉള്ളത്. ഗുണഭോക്താക്കളെ കൊണ്ട് വാർഡ് സഭയിൽ അപേക്ഷ വച്ചതിനുശേഷം കൊടുക്കുന്നതിനായി പദ്ധതി വയ്ക്കാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നിർദ്ദേശിച്ചു.

നാരായണമംഗലം ഹോസ്റ്റൽ പ്രവർത്തനസജ്ജമാക്കുക

പ്രീമെട്രിക് ഹോസ്റ്റൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആക്കി മാറ്റുവാനും അവിടെ വാച്ച്മാൻ, വാർഡൻ, കുക്ക് തുടങ്ങയവരെ നിയമിക്കുക

കെ.കെ വേലായുധൻ സ്മാരക വായനശാലയുടെ അറ്റകുറ്റ പണികൾ, ബുക്കുകൾ

പട്ടികജാതി വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിന് പദ്ധതികൾ രൂപീകരിക്കുക

നിപ്മർ കല്ലേറ്റുംകര സമഗ്ര വിദ്യാഭ്യാസ പരിപാടി ആവിഷ്കരിക്കുക

നഗസഭയിൽ മൊത്തം 10 സ്വയം സാഹായ സഹകരണസംഘങ്ങൾ രൂപീകരിക്കുക

പി.എസ്.സി. പരിശീലന കേന്ദ്രം തുടങ്ങുക

## .ആരോഗ്യം

കുടുംബാരോഗ്യ കേന്ദ്രം മേത്തല

വി.പി തുരുത്ത് ആരോഗ്യ ഉപകേന്ദ്രം മേൽക്കൂര ഷിറ്റ് ഇടൽ, വഴി വീതി കൂട്ടൽ

ആർദ്രം പദ്ധതി വഴി ഡോക്ടർ, ലാബ് ടെക്നിഷ്യൻ നിയമനം

ഫാർമസിയിലേയ്ക്ക് മരുന്ന് വാങ്ങൽ

വയോജന സൌഹൃദ ടോയ് ലറ്റ് , വയോജനങ്ങൾ ഉള്ള വീടുകളിൽ നിലവിലെ ടോയ് ലെറ്റിൽ ഹാന്റ് റെയിൽ ഘടിപ്പിച്ച് കൊടുക്കൽ

എഫ്.എച്ച്.സി യിലേ.യ്ക്ക് സോളാർ പാനൽ, ഫർണീച്ചർ വാങ്ങൽ

ആരോഗ്യ ഉപകേന്ദ്രങ്ങളിലേയ്ക്ക് വാട്ടർ പ്യൂരിഫയർ, ഫർണീച്ചർ, ഉപകരണങ്ങൾ വാങ്ങൽ

രോഗപ്രതിരോഗ പ്രവർത്തനങ്ങൾ

എഫ്.എച്ച്.സി യിലെ കണ്ടിജന്റ് ചിലവുകൾ

ഫർണീച്ചർ ഉപകരണങ്ങൾ വാങ്ങൽ

ഗവ. ആയുർവേദ ഹോസ്പിറ്റൽ മേത്തല

മരുന്ന് വാങ്ങൽ

നവീകരണ പ്രവർത്തനങ്ങൾ

കണ്ടിജൻസി ഫണ്ട്

ഇ ഹോസ്പിറ്റൽ സംവിധാനം

<u>ഗവ. ആയുർവേദ ഹോസ്പ്പിറ്റൽ പുല്ലൂറ്റ്</u>

സ്ഥാപനത്തിന് ചുറ്റുമതിൽ നിർമ്മാണം

മരുന്ന് വാങ്ങൽ,

യോഗാ പരിശീലനം

കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ

കണ്ടിജൻസി ബില്ലുകൾ, പുതിയ കിടക്കകൾ

<u>എൻ.എച്ച്.എം. തിരുവെള്ളൂർ ഗവ. ആയുർവേദ ഡിസിപെൻസറി</u>

മരുന്ന് വാങ്ങൽ

കെട്ടിടവും ചുറ്റുമതിലും പെയിന്റിംഗ്

<u>ഹോമിയോ ഡിസിപെൻസറി</u>

മരുന്ന് വാങ്ങൽ

പ്രിൻററർ കബോർഡ് വർക്ക്

**<u>താലൂക്ക് ആശുപത്രി</u>**

മരുന്ന് വാങ്ങൽ

നിർദ്ധന രോഗികൾക്ക് സൌജന്യ ഡയാലിസിസ്

താലൂക്ക് ആശുപത്രിയിലേയ്ക്ക് ഉപകരണങ്ങൾ

ക്യാൻ തൃശ്ശൂർ നഗരസഭ വിഹിതം

കിമോ തറാപ്പി

കൺസ്യൂമബൾസ്

പലിയേറ്റീവ് കെയർ

കിമോതെറാപ്പി മരുന്ന് മറ്റ് സാമഗ്രികൾ

മാലിന്യ സംസ്കരണം, ഇമേജിന് പണം നൽകൽ, ജീവിതശൈലി രോഗം മരുന്ന് വാങ്ങൽ

ആനാപ്പുഴ അർബൻ എഫ്.എച്ച്.സി. യിലേയ്ക്ക് മരുന്ന് വാങ്ങൽ

ഇലക്ട്രിസിറ്റി ടെലഫോൺ വാട്ടർ ചാർജ്ജുകൾ

ഡോക്ടർ, നഴ്സിംഗ് ഓഫീസർ, ലാബ് ടെക്നീഷ്യൻ വേതനം

ജൈവ അജൈവ മാലിന്യ നിർമ്മാർജനം

ആംബുലൻസിലേയ്ക്ക് ബേസിക് ലൈഫ് സപ്പോർട്ട് സിസ്റ്റം

കോക്ലിയർ ഇൻപ്ലാന്റേഷന് ധനസഹായം

താലൂക്ക് ആശുപത്രിയിലെ അറ്റകുറ്റ പണികൾ

താലൂക്ക് ആശുപത്രിയിലെ ഫാർമസി നവീകരണം

ഇ– ഹെൽത്ത് സിസ്റ്റം

മൊബൈൽ ഫ്രീസർ

## . ശുചിത്വം മാലിന്യ സംസ്കരണം

കോളനികളിൽ ഇൻസാനിറ്ററി ടോയ് ലറ്റുകളെ സാനിറ്ററി ടോയ് ലറ്റ് ആക്കുന്നതിനുള്ള പദ്ധതി

പൊതുസ്ഥാപനങ്ങളിലേയ്ക്ക് കിച്ചൺ ബിൻ വിതരണം എന്നത് മാലിന്യ നിർമ്മാർജന പദ്ധതിയിലേയ്ക്ക് ഉൾപ്പെടുത്തുക

മാലിന്യങ്ങൾ  വലിച്ചെറിയുന്നത് തടയുന്നതിനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുക

പൊതു ഇടങ്ങളിലേയ്ക്ക് കൂടുതൽ ട്വിൻ ബിൻ സ്ഥാപിക്കുക

കൂടുതൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുക

എല്ലാ സ്ഥാപനങ്ങളിലും മാലിന്യ നിർമ്മാർജന ഉപാധികൾ നടപ്പിലാക്കുന്നതിനുള്ള  പദ്ധതികൾ

കോളനികളിൽ താമസിക്കുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് മലിനജന സംസ്കരണ സംവിധാനങ്ങൾ

ഹരിത കർമ്മസേനയ്ക്ക് ഗ്ലൌസ്, മാസ്ക്, ചാക്ക് എന്നിവ വാങ്ങൽ

എല്ലാ വാർഡുകളിലും പൂർണ്ണരൂപത്തിലുള്ള മിനി mcf സ്ഥാപിക്കൽ

കിച്ചൺ ബിൻ മാലിന്യ സംസ്കരണ സംവിധാനം

2 വാട്ടർ എ.ടി.എം കൂടി സ്ഥാപിക്കണം

നഗരത്തിലെ പൊതുസ്ഥലങ്ങളിൽ ആധുനീക ടോയ് ലെറ്റുകൾ

Take a break ആധുനീകവത്കരണം

## .വിദ്യാഭ്യാസം (കല, സംസ്കാരം, കായിക വികസനം , യുവജനക്ഷേമം)

എല്ലാ സ്കൂളിലും ഇൻസിനറേറ്റർ റിപ്പയർ

എല്ലാ സ്കൂളിലും വൈറ്റ് ബോർഡുകൾ, വാട്ടർ പ്യൂരിഫൈർ

എല്ലാ വിദ്യാലയങ്ങളിലും റാമ്പുകൾ

10–ാം തരം ഈവനിംഗ് ക്ലാസ് നടത്തുന്നതിന് സ്നാക്സ്

ഹൈസ്കൂൾ ,ഹയർസെക്കണ്ടറിയിൽ ഓപ്പൺ ജിം

ലാബുകളിലേയ്ക്ക് ആവശ്യമായ എല്ലാവിധ ഉപകരണങ്ങളും

വാർഡ് തലത്തിലുള്ള വർക്കിംഗ് ഗ്രൂപ്പ് നടത്തുക

തുടർ വിദ്യഭ്യാസ പരിപാടി – 10,11,12 എന്നീ ക്ലാസുകളിലെ തുല്യത

സയൻസ് സെന്റർ ചപ്പാറയിലേയ്ക്ക് ലാബുകളിലേയ്ക്ക് മേശ, അലമാരകൾ, കബോർഡുകൾ ഓഫീസ് ടേബിൽ ലാബ് ഉപകരണങ്ങൾ, സയൻസ് പാർക്ക് റൂഫിങ്ങ് ചെയ്യൽ

എല്ലാസ്കൂളുകളിലേയ്ക്കും സ്പോർട്സ് ഉപകരണങ്ങൾ, കളി ഉപകരണങ്ങൾ

കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസുകൾ

സ്പോർട്സ് കോംപ്ലക്സ് നവീകരണം

സ്പോർട്സ് കോച്ചിംഗ് ക്യാമ്പിലേയ്ക്ക് ആവശ്യമായ സഹായം

സ്പോർട്സ് കിറ്റ് വിതരണം

സ്കൂളുകളിൽ ആക്ടീവ് വർക്ക് ഷോപ്പുകൾ, സാസ്കാരിക പരിപാടികൾക്ക് നേതൃത്വം നൽകുക എന്നിവയ്ക്കുള്ള സാമ്പത്തീക സഹായം

ജില്ലാ സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ (കബഡി, ഫുഡ്ബോൾ, വോളിബോൾ)

## . കുടിവെള്ളം

1. വാർഡ്-11, KKTM 2020-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന കുടിയിരുപ്പ് കുളം കുടിവെള്ള പദ്ധതി എസ്റ്റിമേറ്റ് തുക അധികമായതിനാൽ മാറ്റിവച്ചിരുന്നതാണ്. ആയത് ഈ വർഷം ഉൾപ്പെടുത്തണം.
2. പൊതുകിണറുകൾ മണ്ണെടുത്ത് ക്ലീൻ ചെയ്ത് ഉപയോഗയോഗ്യമാക്കുന്ന പദ്ധതിക്ക് മുൻഗണന നൽകണം.
3. പൊതുകിണറുകളിലെ ജലം വാട്ടർടാങ്കിൽ ശേഖരിച്ച് കുടിവെള്ളക്ഷാമമുള്ള സ്ഥലങ്ങളിൽ വിതരണം ചെയ്യുന്ന പദ്ധതി ആവിഷ്ക്കരിക്കണം. ആയതിന്റെ ചെലവ് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നഗരസഭ വഹിക്കണം. വൈദ്യുതി ചാർജ്ജ് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാവുന്നതാണ്.
4. അമൃത് പദ്ധതി പ്രകാരം ഇനി നൽകാനുള്ള കുടിവെള്ള കണക്ഷൻ പൂർത്തീകരിക്കണം.
5. ഉപ്പുവെള്ളം കയറി ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ സ്ലൂയിസ് നിർമ്മാണം മുൻഗണനാടിസ്ഥാനത്തിൽ നിർവ്വഹിക്കേണ്ടതാണ്.
6. കിണർ റീചാർജ്ജിംഗിന് സബ്സിഡിയോടുകൂടി നൽകുന്ന പദ്ധതി രൂപീകരിക്കണം.
7. വലുതും ചെറുതുമായ പൊതുകുളങ്ങളും തോടുകളും ശുദ്ധീകരിച്ച് കെട്ടി സംരക്ഷിക്കുക.

## . പാർപ്പിടം

1. PMAY പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി പദ്ധതികൾ തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചു.
2. ഭവനം റിപ്പയറിംഗ് നിലവിലുള്ള തുകയിൽ കൂടുതൽ തുക വകയിരുത്തുക.
3. അതിദാരിദ്രർക്കായി നൽകുന്ന ഫ്ലാറ്റ് അറ്റകുറ്റപ്പണികൾ നടത്തുക.
4. അവകാശ തർക്കങ്ങളിൽപ്പെട്ടുകിടക്കുന്ന വീടുകൾ തർക്ക പരിഹാരം നടത്തുന്നതിനുള്ള ഇടപെടലുകൾ നടത്തുക.
5. വാർഡ് 11 ലെ (KKTM) 16–ാം കോളനി ശോചനീയാവസ്ഥയിലുള്ള വീടുകൾ റിപ്പയറിംഗ് ചെയ്യാൻ പറ്റാത്തതിനാൽ പുനർനിർമ്മാണം നഗരസഭ ഇടപെട്ട് തുക വകയിരുത്തി ചെയ്യുക.
6. ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ തുക വകയിരുത്തുക.
7. അതിദരിദ്രരായ ഭൂമി ലഭ്യമായ 5 പേർക്ക് ഭവന നിർമ്മാണത്തിനായി തുക വകയിരുത്തുക. 2 പേർക്ക് ഉള്ള തുക സ്പിൽഓവറിൽ ഉൾപ്പെടുത്തുകയും ഭവന നിർമ്മാണത്തിന് 3 പേർക്ക് പുതിയതായി തുക വകയിരുത്തുക.

## . നഗരാസൂത്രണം

1. സി.ഐ. ഓഫീസ് പരിസരത്ത് NH 66 ൽ SVUP (Small Vehicle underpass) സ്ഥാപിക്കുന്നത്.
2. NH 66 ന് പടിഞ്ഞാറുഭാഗത്തായി അടഞ്ഞുപോകുന്ന തോടുകൾക്ക് സമഗ്രമായി ഡ്രൈനേജ് സംവിധാനം ഏർപ്പെടുത്തണം.
3. NH 66 ന് കിഴക്കുഭാഗത്തും പടിഞ്ഞാറ് ഭാഗത്തും വെള്ളക്കെട്ട് ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വികരിക്കണം.

4. നഗരസഭയിലെ മുഴുവൻ കാനകളും മഴക്കാലത്തിന് മുമ്പ് തുറന്നുവൃത്തിയാക്കണം. NH Irrigation, നഗരസഭയുമായി ചേർന്ന് സഹകരിച്ചുപ്രവർത്തിക്കണം.
5. മുസിരിസ് പദ്ധതിയിൽ ലഭ്യമായിട്ടുള്ളതും ഉപയോഗിക്കാത്തതുമായ ഇലക്ട്രിക് ഉപകരണങ്ങൾ ഉപയോഗിച്ച് നഗര കേന്ദ്രങ്ങൾ ബ്യൂട്ടിഫൈ ചെയ്യണം.
6. കുഞ്ഞുകുട്ടൻ തമ്പുരാൻ ചത്വരത്തിൽ വെള്ളവും വെളിച്ചവും ലഭ്യമാക്കണം. കൂടാതെ ഉച്ചയ്ക്ക് ശേഷം 3:00 മണിക്ക് പൊതുജനങ്ങൾക്ക് സൗജന്യമായി പ്രവേശനത്തന് തുറന്നുകൊടുക്കണം.
7. മേൽ പറഞ്ഞ ചത്വരത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സാംസ്കാരിക നിലയം മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണം.
8. നഗര ബ്യൂട്ടിഫിക്കേഷന്റെ ഭാഗമായി പൂച്ചെടി/ഇലച്ചെടികൾ വച്ച് മോടിപിടിപ്പിക്കണം.
9. KDISK ന്റെ കീഴിൽ ഒരു കേന്ദ്രമെങ്കിലും നഗരസഭ പരിധിയിൽ തുടങ്ങണം.
10. നഗരങ്ങളിൽ ഡിജിറ്റൽ സൈൻ ബോർഡുകൾ സ്ഥാപിക്കുക. QR Code സഹിതം NH ൽ ഉൾപ്പെടെ.
11. മുനിസിപ്പൽ പാർക്ക് ശിശു സൗഹൃദ സൗകര്യങ്ങൾ ഏർപ്പെടുത്തണം. പാർക്കിംഗിനായി തൊട്ടടുത്ത പ്ലോട്ട് ഏറ്റെടുത്ത് സൗകര്യമൊരുക്കണം.
12. അരാക്കുളത്തിന് ചുറ്റും ടൈൽ വിരിച്ച് മനോഹരമാക്കുകയും ഓപ്പൺ ജിം സ്ഥാപിക്കുകയും വേണം.
13. ദളവാകുളത്തിന് സമീപം ഓപ്പൺ ജിം സ്ഥാപിക്കൽ.
14. മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെട്ട ബോട്ടുജെട്ടികൾ നവീകരിക്കുകയും കൊടുങ്ങല്ലൂർ ക്ഷേത്രത്തിലേക്കും നഗരത്തിലേക്കും

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുകയും കൃത്യമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും വേണം.

15. നഗരസഭ ടൗൺ ഹാൾ നവീകരണം.
16. നഗരസഭ പരിധിയിൽ വാഹന പാർക്കിംഗ് കൃത്യമായി മാർക്ക് ചെയ്ത് നൽകണം.

## നഗരാസൂത്രണം

സി.ഐ ഓഫീസ് പരിസരത്ത് എൻ.എച്ച് 66 ൽ small vehicle under pass

എൻ.എച്ച് 66 ന് പടിഞ്ഞാറ് ഭാഗത്തായി അടഞ്ഞു പോകുന്ന തോടുകൾക്ക് സമഗ്രമായി ഡ്രൈനേജ്

എൻ.എച്ച് 66 ന് കിഴക്ക് ഭാഗത്തും പടിഞ്ഞാറ് ഭാഗത്തും വെള്ളക്കെട്ട് ഒഴിവാക്കൽ

മുസരീസ് പദ്ധതിയിൽ ലഭ്യമായിട്ടുള്ളതും ഉപയോഗിക്കാത്തതുമായ ഇലക്ട്രിക് ഉപകരണങ്ങൾ ഉപയോഗിച്ച് നഗരകേന്ദ്രങ്ങൾ സൌന്ദര്യവത്കരണം

കുഞ്ഞുകുട്ടൻ തമ്പുരാൻ ചത്വരത്തിൽ വെള്ളവും വെളിച്ചവും

നഗരസൌന്ദര്യ വത്കരണത്തിന് പൂച്ചെടി ഇലച്ചെടി എന്നിവ വച്ച് മോടി പിടിപ്പിക്കണം

അരാകുളത്തിന് ചുറ്റും ടൈൽ വിരിച്ച് മോടി പിടിപ്പിച്ച് മനോഹരമാക്കുകയും ഓപ്പൺ ജിം സ്ഥാപിക്കുകയും ചെയ്യുക

ദളവ കുളത്തിന് സമീപം ഓപ്പൺ ജിം

നഗരസഭ ടൌൺഹാൾ നവീകരണം

## . മത്സ്യ വികസനം

1. കൂട്ടുകൃഷി ചെയ്യുകയാണെങ്കിൽ അർഹതാ മാനദണ്ഡമനുസരിച്ച് മാത്രം ലിസ്റ്റ് തയ്യാറാക്കണം. നിലവിൽ ആദ്യത്തെ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചുവരുന്നത്.
2. 2 വർഷത്തേയ്ക്ക് കൂട്ടുകൃഷി നടപ്പിലാക്കുന്നത് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി ചർച്ച നടത്തിയിട്ട് മാത്രം മതി.
3. മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്, ഫർണിച്ചർ പദ്ധതി ഗ്രാമസഭയിൽ വിശദീകരിച്ച് അനർഹരെ ഒഴിവാക്കണം.
4. വനിതകൾക്ക് അലങ്കാര മത്സ്യകൃഷി (ഉത്പാദനമേഖല) 2 യൂണിറ്റ് ചെയ്യാം.

## ജൈവ വൈവിദ്യം കാലാവസ്ഥ വ്യതിയാനം ദുരന്ത നിവാരണം

നഗരസഭ പ്രദേശത്തുള്ള സ്ഥലങ്ങളിൽ ജൈവ വൈവിധ്യ മരങ്ങൾ വച്ച് പിടിപ്പിക്കുക, നിലവിലുള്ള മരങ്ങൾക്ക് പേരുള്ള ബോർഡ് സ്ഥാപിക്കുക

മേത്തല ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ ചുറ്റും ഔഷധ സസ്യങ്ങൾ വച്ച് പിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക

പൊതുകുളങ്ങൾ നഗരസഭയ്ക്ക് വിട്ട് കിട്ടുന്ന മുറയ്ക്ക് കരിങ്കൽ ഭിത്തി കെട്ടുക

നദികൾ, കുളങ്ങൾ, തോടുകൾ, എന്നിവയിലെ മാലിന്യം നീക്കം ചെയ്യുക

പ്രകൃതിയുടെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ മരങ്ങൾ വച്ച് പിടിപ്പിക്കുക

നഗരപിധിയിലുള്ള വൈവിധ്യമാർന്ന മരങ്ങളുടെയും സസ്യങ്ങളുടെയും വിവരശേഖണം നടത്തുക

പൊതുകിണറുകൾ നെറ്റ് ഇട്ട് സംരക്ഷിക്കുക

ഉപ്പ് വെള്ളത്തെ അതിജീവിക്കുന്ന സസ്യങ്ങളും മരങ്ങളും വച്ച് പിടിപ്പിക്കുക

കണ്ടൽകാടുകൾ സംരക്ഷിക്കുക

ജീവികൾ,സസ്യങ്ങൾ കുളങ്ങൾ നീരുറവകൾ തോടുകൾ എന്നിവയുടെ സർവ്വേനടത്തി വിവരങ്ങൾ ഉറപ്പ് വരുത്തുക